പീഡാനുഭവാഴ്ചയിലെ

# പ്രുമിയോൻ

പെസഹാവ്യാഴാഴ്ച

★

ദു:ഖവെള്ളിയാഴ്ച

★

ദു:ഖശനിയാഴ്ച

SOPHIA RESEARCH CENTRE
INDIA

## പീഡാനുഭവാഴ്ചയിലെ

# പ്രുമിയോൻ

പെസഹാവ്യാഴാഴ്ച

*

ദു:ഖവെള്ളിയാഴ്ച

*

ദു:ഖശനിയാഴ്ച

SOPHIA RESEARCH CENTRE
INDIA

പീഡാനുഭവാഴ്ചയിലെ

പ്രുമിയോൻ

ആദ്യപതിപ്പ്–1918

ഈ പുതിയ പതിപ്പ് മാർച്ചു 1994

അച്ചടി പി. സി. പ്രസ്സ് കോട്ടയം

കോപ്പി 500

വില. 15 രൂപാ

Edited and Published

By P. C. Koruthu

76 വർഷം മുൻപ്–1918–ൽ മഹാകവി വള്ളത്തോൾ നാരായണ മേനോന്റെ നേതൃത്വത്തിലും, പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശന്റെയും ചെറുവത്തൂർ കുറിയാക്കോസ് കത്തനാരുടെയും സഹകരണത്തിലും കവിതാത്മകവും പ്രൗഢസുന്ദരവുമായഭാഷയിൽ സുറിയാനിയിൽ നിന്നു തരജ്ജമ ചെയ്യപ്പെട്ട പ്രാർത്ഥനാഗ്രന്ഥമാണ് പീഡാനുഭവാഴ്ചയിലെ ഈ പ്രുമിയോൻ.

വില 15 രൂ.

# പ്രസ്താവന

(മുക്കാൽ ശതാബ്ദം മുൻപ് ഈ പ്രുമിയോൻ ഗ്രന്ഥത്തിന്റെ പരിഭാഷയ്ക്കും പ്രസാധനത്തിനും മുൻ കൈ എടുത്തു പ്രയത്നിച്ച പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ (പിന്നീട് അദ്ദേഹം റമ്പാനായി) കൊല്ലവർഷം 1093 മേടം 9–ാം തീയതി എഴുതിയ പ്രസ്താവനയിലെ പ്രസക്ത ഭാഗങ്ങൾ:–)

ഈ പുസ്തകത്തിന്റെ യഥാർത്ഥമഹത്വം അധികം പേർ അറിഞ്ഞിരിക്കാൻ ഇടയില്ല. വിലയേറിയ മുത്തുകളെന്നവണ്ണം ഇതിൽ അവിടവിടെ തിളങ്ങി വിളങ്ങുന്ന തത്വങ്ങളെ ഗ്രഹിക്കുന്നതിന്നാവട്ടേ, പ്രശാന്തഗംഭീരതയോടെ ഒഴുകുന്ന ഈ ഭക്തിമയമായ നദിയിലെ ശുദ്ധജലം കൊണ്ടു യഥേഷ്ടം ദാഹം തീർക്കുന്നതിന്നാവട്ടേ ജനസമൂഹത്തിനു ഇന്നുവരെ സാധിച്ചിരുന്നില്ല. അത്യുൽകൃഷ്ടമായ ഈ സ്തോത്രരത്നം ആരുടെ പ്രതിഭയിൽ വിളഞ്ഞതാണെന്നു അറിയപ്പെട്ടിട്ടില്ല. എന്നാൽ അദ്ദേഹം പരമ ഭക്തനും വിശിഷ്ടാശയനുമായ ഒരു മഹാകവിയാണെന്നു ഇതിലെ ഓരോ പദങ്ങൾപോലും ഉൽഘോഷിക്കുന്നുണ്ടു. നമ്മുടെ നാഥനായ മശിഹായുടെ പീഡാനുഭവത്തെ പ്രാർത്ഥനരൂപേണ പ്രതിപാദിക്കുന്നതായി, ഇത്രമേൽ വിശിഷ്ടമായ ഒരു കാവ്യം സുറിയാനിയിലല്ലാതെ ഇതരഭാഷകളിൽ ഉണ്ടോ എന്ന കാര്യം സന്ദിഗ്ദ്ധവുമാണ്.

മൂലത്തിലെ അന്യാദൃശങ്ങളായ ആശയങ്ങൾ ഏതാണ്ടെങ്കിലും തർജ്ജമയിൽ വരുത്തേണമെങ്കിൽ സുറിയാനിഭാഷയിലും സ്വഭാഷയിലും ഒരുപോലെ പാണ്ഡിത്യമുള്ളവർ ശ്രമിച്ചാൽ മാത്രമേ സാധിക്കയുള്ളുവല്ലോ. അങ്ങിനെയുള്ളവർ വാസ്തവത്തിൽ നമ്മുടെ ഇടയിൽ ഏ

ത്ര പേരുണ്ട്? എന്നാൽ എൻെറ മാന്യസുഹൃത്തും മലയാളത്തിലെ മഹാകവികളിൽ സർവഥാ പ്രഥമഗണനീയനുമായ ശ്രീമാൻ വള്ളത്തോൾ നാരായണമേനോൻ അവർകളുടെ ഔദാര്യപൂർവമായ സാഹായ്യത്താൽ ഈ തർജ്ജമ മൂലത്തോടു കഴിയുന്നതും അടുപ്പിക്കുന്നതിനു സാധിച്ചിട്ടുണ്ടെന്നു ഞാൻ ചാരിതാർത്ഥ്യപ്പെടുന്നു, മിസ്റ്റർ മേനോൻ എൻെറ മേലുള്ള സൗഹാർദ്ദത്തെക്കാളധികം മഹത്തരമായ ഭാഷാസ്നേഹത്തെ മുൻനിർത്തി ഇത്രയും സമയം നമുക്കു വേണ്ടി ചെലവഴിച്ചിട്ടുള്ളതിനു മലയാളികൾ മുഴുവനും തന്നെ അദ്ദേഹത്തിനു കടപ്പെട്ടിരിക്കുന്നു. ഈ തർജ്ജമയിൽ ഒരു പരിഭാഷകൻെറ നിലയിൽ മാത്രമല്ല മിസ്റ്റർ മേനോൻ ബുദ്ധിമുട്ടിയിട്ടുള്ളതു് സിറിയൻ ഭാഷാഭിജ്ഞതയെക്കാളധികം തികഞ്ഞ സഹൃദയത്വമുണ്ടെങ്കിൽ മാത്രമല്ലാതെ വേണ്ടവിധം മനസ്സിലാക്കാവുന്നതല്ലാത്ത മൂലഗ്രന്ഥത്തിലെ മിക്ക ആശയവിശേഷങ്ങളും സ്വന്തം പ്രതിഭകൊണ്ടുതന്നെ ഊഹിച്ചറിയേണ്ടതായി വന്നിട്ടുണ്ട്.

മൂലത്തിലെ ഓരോ വാചകവും പദാനുപദം തർജ്ജമ ചെയ്തുകൊടുക്കുക, ആവശ്യമുള്ള ഘട്ടങ്ങളിൽ വേദകഥകൾ വിവരിക്കുക എന്നിവയാൽ മിസ്റ്റർ മേനോൻെറ സഹായിയായി നിന്നു പരിഭാഷയിൽ ഭാഗഭാക്കായതു സുറിയാനി ഭാഷാവ്യുല്പന്നനും പരേതനായ പുലിക്കോട്ടിൽ വലിയ തിരുമേനിയുടെ സോദരീപുത്രനുമായ ദിവ്യശ്രീ ചെറുവത്തൂർ കുറിയാക്കോസ് കത്തനാരാണ്.

മലയാളത്തിലുള്ള നമ്മുടെ മതഗ്രന്ഥങ്ങൾ പ്രായേണ അപഭ്രംശഭൂയിഷ്ഠങ്ങളാണെന്ന പരമാർത്ഥം സഹൃദയന്മാർക്കെല്ലാം അറിവുള്ളതാണല്ലോ. ഈ ഒരു ദോഷം ഈ പ്രുമിയോൻ പരിഭാഷയിൽ കഴിയുന്നതും കുറയ്ക്കണമെന്നു നിശ്ചയിച്ചതിനാൽ ക്രിസ്ത്യാനികൾക്കു പരക്കെ പരിചിതങ്ങളും, എന്നാൽ സാഹിത്യദൃഷ്ടിയിൽ അശുദ്ധങ്ങളുമായ ഏതാനും വാക്കുകൾ മാറേണ്ടതായി വന്നുകൂടി. 'കഷ്ടാനുഭവം' എന്ന വാക്കിനു് അർത്ഥപൂർത്തി പോര. 'കഷ്ട'ത്തിൽ ദേഹവേദന ഉൾപ്പെടണമെന്നില്ല. മശിഹാതമ്പുരാൻ കൈക്കൊണ്ടതു പ്രാധാന്യേന ദേഹവേദനയാണല്ലോ. അതുകൊണ്ടാണ് ഇതിൽ 'ഹാശൊ' എന്ന സുറിയാനിപദത്തിനു കുറെക്കൂടി അടുത്തതായ 'പീഡാനുഭവ'ത്തെ ഉപയോഗിച്ചിട്ടുള്ളതു്. 'സുവിശേഷം' 'സുചരിത' മാക്കിയതും വെറുതെയല്ല, 'വിശേഷം' എന്ന സംസ്കൃത പദത്തിനു 'ചരിതം' എന്നർത്ഥമുണ്ടെന്നു തോന്നുന്നില്ല. ഇതു കൊണ്ടു തന്നെയായിരിക്കും, പരേതനായ ശ്രീമാൻ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള അവർകളുടെ 'സച്ചരിതശതക' ത്തിനു 'സുവിശേഷശതകം' എന്ന പേരിടാഞ്ഞതു്. 'കരേറുക' എന്ന വാക്കിനു 'മേല്പോട്ടു കൊണ്ടുപോവുക' എന്നർത്ഥമില്ലായ്കയാൽ 'ഉന്നയിപ്പിക്കുക' എന്നാക്കേണ്ടിവന്നു. അതുപോലെതന്നെ, 'ഏററു പറയുക' എന്നതിനു വാദം എന്നാണ് പ്രധാനാർത്ഥം എന്നു വരുമ്പോൾ 'സുവിശ്വാസം കൊള്ളു'ലിൽ ആർക്കും അതൃപ്തിയ്ക്കവകാശമുണ്ടാവാനിടയില്ല. 'നോമൂസൊ' എന്ന സുറിയാനി പദത്തിനു് ഒരു കോടതിവാക്കിൻെറ ഛായയുള്ള 'ന്യായപ്രമാണം' എന്ന പരിഭാഷയെ നാം ഉപേക്ഷിക്കുക. ദൈവം മോശയ്ക്കു കൊടുത്ത പ്രമാണം അഥവാ ആധാരം, ന്യായങ്ങളുടേതല്ല, അവരവർ ആചരിയ്ക്കേണ്ടുന്ന 'ധർമ്മ'ങ്ങളുടേതാണ്. അവയെ 'ന്യായങ്ങൾ' എന്നു പറയുന്നതു് ഏതാണ്ട് അന്യായമല്ലയോ? 'വചനമായ ദൈവ'വും മഹാകവിവള്ളത്തോളിനു് അത്ര സമ്മതമല്ല. Logos എന്ന ഗ്രീക്കു പദത്തെ വാക്കു് എന്നു മാത്രം അർത്ഥമുള്ള 'വചനം' കൊണ്ടു തർജ്ജമചെയ്താൽ മതിയാകുന്നതല്ലെന്നു് ആ പദത്തിൻെറ വ്യാഖ്യാനം തെളിയിക്കുന്നുണ്ട്. എങ്കിലും പ്രയോഗപ്രാചുര്യം പ്രമാണിച്ചു വ്യത്യാസപ്പെടുത്തീട്ടില്ലെന്നേയുള്ളു.



ദൈവത്തോടു 'നീ' എന്നു പറയുന്നതിനെക്കാളേറെ 'നിന്തിരുവടി' 'അങ്ങ്' 'അങ്ങുന്നു' എന്നൊക്കെപ്പറയുന്നതിനു ഭംഗിയും ഭക്തിയും കൂടും. ഇവ പരിചയംകൊണ്ടു് പരക്കെ സുസമ്മതമാകാതിരിക്കയില്ല.

# മുഖവുര

സെറാമ്പൂർ കോളേജിൽ പ്രഫസറായിരിക്കവെ ഫാദർ പി. റ്റി. ഗീവറുഗീസ് എം. ഏ. (പിന്നീട് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ) 1918 ഏപ്രിൽ 15-ാം തീയതി എഴുതിയ അഭിനന്ദനപരമായ മുഖവുരയിൽ നിന്ന്:—

ദിവ്യശ്രീ പുലിക്കോട്ടിൽ യൌസേഫ് ശെമ്മാശന്റെ പരിശ്രമംകൊണ്ടു പരിഭാഷപ്പെടുത്തി പ്രസിദ്ധം ചെയ്യുന്ന ഈ പുസ്തകത്തിന്റെ പരിഭാഷയെ മൂലഗ്രന്ഥത്തോടു ഒത്തുനോക്കി പരിശോധിക്കണമെന്നും ഒരു മുഖവുര എഴുതണമെന്നും എന്നോടു ആവശ്യപ്പെട്ടതിനെ ഞാൻ പരേതരായ മെത്രാപ്പോലീത്താ തിരുമേനികളോടുള്ള ഭക്തികൊണ്ടും ശെമ്മാശനോടുള്ള വാത്സല്യാതിരേകംകൊണ്ടും സമ്മതിച്ചതാണ്.

ഇതു പള്ളിയാരാധനയിൽ ഉപയോഗിക്കുന്നതിനു മാത്രമല്ല, ഓരോരുത്തർക്കും സ്വഗൃഹങ്ങളിൽ ഇരുന്നു വായിച്ചു ധ്യാനിക്കുന്നതിനും എത്രയും ഉപയുക്തമായ ഒരു പുസ്തകമാണ്. വൈദികശാസ്ത്രജ്ഞനും മഹാകവിയും പരമഭക്തനും ആയ ഒരു പുണ്യാത്മാവു രചിച്ചിട്ടുള്ളതും, ധ്യാനത്തിനു ഉപയോഗിക്കത്തക്കവണ്ണം 'ഹാശാ' യാഴ്ചയിലെ പ്രാർത്ഥനകളുടെ മദ്ധ്യേ കൂട്ടിച്ചേർത്തിരിക്കുന്നതുമായ ഈ കൃതി ഗദ്യരീതിയിൽ എഴുതപ്പെട്ടിരിക്കുന്ന ഒരു മഹാകാവ്യമാണ്. അഗാധമായ അനേകം മഹാശയങ്ങൾ അടങ്ങിയിരിക്കുന്ന ഈ ഗ്രന്ഥത്തിൽ സുറിയാനി ഭാഷയിലും ഗ്രീക്കുഭാഷയിലും അല്ലാതെ വിവരിപ്പാൻ പ്രയാസമുള്ള അനേകം ക്രിസ്തീയ ഗൂഢോപദേശങ്ങൾ കാണുന്നുണ്ട്. മഹാകവി വള്ളത്തോൾ നാരായണമേനോൻ അവർകൾ പരിഭാഷകന്മാരെ വളരെ ശ്രമം ചെയ്തു സഹായിച്ചിട്ടുള്ളതുകൊണ്ടുമാണ് പരിഭാഷ ഇത്രയും നന്നായിരിക്കുവാൻ സാധിച്ചിട്ടുള്ളതു്.

# അല്പം ചരിത്രം

മലങ്കര മെത്രാപ്പോലീത്താമാരും മഹാരഥന്മാരുമായിരുന്ന പുലിക്കോട്ടിൽ തിരുമേനിമാരുടെ പൗത്രസ്ഥാനമുള്ള പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ, കുന്നംകുളത്തുനിന്ന് ആത്മപോഷിണി എന്നൊരു സാഹിത്യമാസികയും, കഥാമാലിക എന്നൊരു കഥാമാസികയും നടത്തിയിരുന്നു. ആത്മപോഷിണിയുടെ പത്രാധിപർ, മഹാകവി വള്ളത്തോൾ നാരായണമേനോനായിരുന്നു. സുറിയാനി ഭാഷയിലുള്ള 'പീഡാനുഭാഴ്ചയിലെ പ്രുമിയോൻ' എന്ന പ്രാർത്ഥനാ ഗ്രന്ഥം മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിനു ശെമ്മാശനും, പുലിക്കോട്ടിൽ വലിയ മെത്രാപ്പോലീത്തായുടെ സഹോദരീ പുത്രനായ ചെറുവത്തൂർ കുറിയാക്കോസ് കത്തനാരും മറ്റുംകൂടി തീരുമാനിക്കുകയും പ്രൗഢസുന്ദരമായ മലയാള ശൈലിയിൽ തർജ്ജമ തയ്യാറാക്കുന്നതിന് മഹാകവിവള്ളത്തോളിന്റെ സഹായവും സേവനവും അഭ്യർത്ഥിക്കുകയും അദ്ദേഹം സസന്തോഷം ആ ചുമതല ഏറ്റെടുക്കുകയും ചെയ്തു. ഈ തർജ്ജമ തയ്യാറാക്കുമ്പോഴാണ് പെസഹാവ്യാഴാഴ്ചയിലെ സെദറാ വിഭാഗത്തിൽ പാപിഷ്ഠയായ ഒരു സ്ത്രീ പശ്ചാത്താപ പ്രാർത്ഥനയോടെ യേശുവിന്റെ പാദത്തിൽ സുഗന്ധതൈലം പൂശുന്നതും തലമുടികൊണ്ടു കാൽ തുടയ്ക്കുന്നതും യേശു അവൾക്കു പാപമോചനം നൽകുന്നതുമായ കഥ വള്ളത്തോളിനെ പ്രത്യേകം ആകർഷിച്ചതു്. അതൊരു കാവ്യത്തിനു് ഇതിവൃത്തമാക്കാമല്ലോ എന്നു് മഹാകവിക്കു തോന്നി. ശെമ്മാശനും അതിനു് ഉത്തേജനം നൽകി. തൽഫലമായി വിരചിതമായതാണ്', പരമസുന്ദരവും, മലയാള ഭാഷയ്ക്കു മുതൽക്കൂട്ടായിത്തീർന്നതുമായ 'മഗ്ദലനമറിയം' എന്ന ഖണ്ഡകാവ്യം.

1938 സെററംബർ 10-ാം തീയതി ശനിയാഴ്ച രാത്രി മലയാളമനോരമ, സർ. പി, പി. യുടെ തിരുവിതാംകൂർ ഗവൺമെൻറ് കണ്ടുകെട്ടുകയും, ആഫീസും പ്രസ്സും മുദ്രവയ്ക്കുകയും ചെയ്തു. പത്രത്തിനു മുടക്കം വരാതിരിക്കാൻ, അയൽസംസ്ഥാനമായ കൊച്ചിയിലെ കുന്നംകുളത്തുള്ള ഏ. ആർ. പി. പ്രസ്സിൽനിന്നു മനോരമ തുടർന്നു പ്രസിദ്ധപ്പെടുത്തുവാൻ ഭാരവാഹികൾ തീരുമാനിച്ചു. കെ. സി. മാമ്മൻ മാപ്പിളയുടെ നാലാമത്തെ പുത്രനായ കെ. എം. വറുഗീസു മാപ്പിളയായിരുന്നു അന്നു മനോരമയുടെ മാനേജർ. അദ്ദേഹത്തിന്റെ ഭാര്യാസഹോദരന്മാരായ പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശനും, പി. ഐ. ഇട്ടൂപ്പും ആയിരുന്നു. ഏ. ആർ. പി പ്രസ്സിന്റെ ഉടമസ്ഥർ. ആ ബന്ധം മൂലമാണ് മനോരമ അവിടെനിന്നു പ്രസിദ്ധപ്പെടുത്താൻ സൗകര്യപ്പെട്ടതു്. അന്നു മനോരമയുടെ പത്രാധിപസമിതിയിലുണ്ടായിരുന്ന ഞാനും കുന്നംകുളത്തേക്കു പോയി. ശെമ്മാശനുമായി നേരത്തെ പരിചയമുണ്ടായിരുന്നതുകൊണ്ടു് എന്റെ താമസം ശെമ്മാശന്റെകൂടെ അദ്ദേഹത്തിന്റെ മിഷ്യൻഹൗസിലായി. ഒരു ദിവസം സംഭാഷണത്തിനിടയിലാണ് വള്ളത്തോളിനെപ്പററിയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തർജ്ജമ ചെയ്യപ്പെട്ട പ്രുമിയോനെസംബന്ധിച്ചും മററുമുള്ള വിവരങ്ങൾ ഞാൻ ഗ്രഹിച്ചതു്. ശെമ്മാശൻ പ്രുമിയോന്റെ ഒരു പഴയപ്രതി തന്നിട്ടു് ഒരു പുതിയ പതിപ്പ് പ്രസിദ്ധപ്പെടുത്തിക്കൊള്ളാൻ അനുവദിക്കുകയും ചെയ്തു.

ആണ്ടുകൾ ഓരോന്നായി കടന്നുപോയി. പ്രുമിയോന്റെ കാര്യവും മറന്നു. അടുത്തകാലത്തു പഴയപുസ്തകങ്ങളുടെ ഇടയിൽനിന്നു പ്രുമിയോൻ ഗ്രന്ഥം കിട്ടി. കടലാസ്സുവല്ലാതെ പഴകിയതിനാൽ പീഡാനുഭവാഴ്ചയിലെ പ്രധാന ദിവസങ്ങളിലെ പ്രാർത്ഥനകൾ മാത്രമേ പ്രസിദ്ധപ്പെടുത്താൻ സാധിച്ചുള്ളു. നല്ല ഭാഷയിലുള്ള ഒരു പ്രധാന ഗ്രന്ഥം നഷ്ടപ്പെടാതിരിക്കട്ടെ എന്നു കരുതി ഇതിന്റെ പുനഃപ്രകാശനം നിർവഹിക്കുകയാണ്.

കോട്ടയം
7-1-1994

പി. സി. കോരുത്

# പ്രുമിയോൻ

## പെസഹാ വ്യാഴാഴ്ച

(ബുധനാഴ്ച സന്ധ്യയിലെ പ്രാരംഭ പ്രാർത്ഥന)

പട്ടക്കാരൻ - പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

പ്രതിവാക്യം - ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും എന്നേക്കും ചൊരിയപ്പെടുമാറാകണമെ.

നാഥനായ ദൈവമേ, ആത്മാക്കളുടെ അരമുറുക്കിയും, അങ്ങയെക്കുറിച്ചുള്ള അറിവാൽ, വിളക്കുകൾ പ്രകാശിപ്പിച്ചും, അങ്ങയെക്കുറിച്ചുള്ള ആശയാകുന്ന യഷ്ടിയാൽ ആത്മാക്കൾ താങ്ങപ്പെട്ടും, ഞങ്ങൾ അങ്ങയുടെ സ്വർഗ്ഗീയമേശയ്ക്കടുത്തു വരുവാനും അങ്ങയുടെ ഇടുങ്ങിയ ആജ്ഞാമാർഗ്ഗത്തിലൂടെ നിരാശതയെന്നിയെ പാഞ്ഞു് അങ്ങയുടെ വിശുദ്ധശരീരത്തിലും അധർമ്മധ്വംസിയായ രക്തത്തിലും പങ്കുകൊള്ളുവാനും, നാശവും ആപത്തും കൂടാതെ അങ്ങയുടെ അടയാളത്താൽ ആചാരാദിതരാകുവാനും അർഹരാകേണമേ ഞങ്ങൾ അങ്ങയ്ക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകണമേ!

# പ്രുമിയോൻ

പട്ടക്കാരൻ – നാം എല്ലാവരും നാഥനോടു കരുണയും കൃപയും യാചിക്കേണം

പ്രതിവാക്യം – കാരുണ്യവാനായ നാഥാ, ഞങ്ങളോടു കരുണയുണ്ടായി ഞങ്ങളെ സഹായിക്കേണമെ.

ധർമ്മാനുശാസനസൂചനകളെ നിറവേററുവാൻ വേണ്ടി പെരുന്നാളിനു കയറിച്ചെന്നവനും, പെരുന്നാളുകളുടെ നാഥനും, പെരുന്നാളുകളെ പൂർണ്ണമാക്കുന്നവനും, 'മരിക്കുന്നതിനു മുമ്പു നിങ്ങളോടുകൂടി പെസഹാ ഭക്ഷിപ്പാനും, പഴയഛായയെ അനുഷ്ഠിച്ചു പ്രതിഛായകളെ രൂപീകരിക്കാനും, എന്നെന്നും നിങ്ങളോടുകൂടെ ഇരിക്കുന്നതിനു് എന്റെ രക്തത്തിൽ പുതിയധർമ്മശാസ്ത്രം നിങ്ങളെ ഏല്പിപ്പാനും പഴക്കം വരാത്ത ഭാവിജീവനു് അച്ചാരമായി എന്റെ വിശുദ്ധശരീരവും വിലയേറിയ രക്തവും നിങ്ങൾക്കു തരുവാനും ഞാൻ അത്യന്തം ആഗ്രഹിക്കുന്നു.' എന്നും, 'അവ നിങ്ങൾക്കു ഋണമോചനവും പാപശാന്തിയും നല്കു'മെന്നും സ്വശിഷ്യരോടരുളിച്ചെയ്തവനുമായ തൻതിരുവടിക്കു സ്തുതി!

## സെദറാ

സ്നേഹത്താൽ ലോകത്തിന്റെ അകൃത്യത്തെ വഹിപ്പാനും, കൃപയാൽ ലോകജീവനായി കബ്ബ്രേദം ഏല്പാനും, അനുകമ്പയാൽ പാപികൾക്കു പകരം തന്നെത്തന്നെ കുരിശുമരണത്തിനു കൊടുപ്പാനും വേണ്ടി എഴുന്നള്ളിവന്നവനും, ദൈവത്തിന്റെ ആട്ടിൻകുട്ടിയും, മേന്മയുടെ അരചനും, എല്ലാററിന്റെയും ദൈവവുമായ മിശിഹാതമ്പുരാനേ, ധർമ്മാനുശാസനത്തിലും മററും വിധിച്ചിട്ടുള്ളപ്രകാരം കാളക്കുട്ടി, കാള, ആട്ടിൻകുട്ടി, കോലാടു് എന്നിവയെ



വെട്ടി ബലികഴിക്കൽ, പാനീയനിവേദ്യം ധൂപയോഗം എന്നിവയിൽ നിന്നു ഞങ്ങളെ ഉദ്ധരിപ്പാൻ വേണ്ടി പ്രജാവാൽസല്യത്താൽ തിരുവുള്ളം തോന്നിയിട്ടു് അവിടുന്നു സ്വശിഷ്യരോടു് പറഞ്ഞു:—'ഇന്നു നിങ്ങളോടുകൂടി പെസഹാ ഭക്ഷിപ്പാൻ എനിക്കു് ഏററവും ആഗ്രഹമുണ്ടു്, അതിനാൽ നിങ്ങൾപോയി നമുക്കു പെരുന്നാളിനുവല്ലതും ഒരുക്കുവിൻ; വെള്ളംനിറഞ്ഞ കുടംചുമന്ന ഒരാൾ എവിടെയ്ക്കു കടക്കുന്നുവോ അവിടെയ്ക്കു അവനെപിന്തുടർന്നുചെന്നു് ആ വീട്ടിന്റെ ഉടമസ്ഥനോടു് 'ഇന്നുരാത്രി ഞങ്ങളുടെ ഗുരുവും നാഥനുമായവൻ പെസഹാ കഴിപ്പാൻ ഭവാന്റെ ഗൃഹത്തിൽ വരുമെന്നു് അദ്ദേഹം പറയുന്നു' എന്നുപറയുവിൻ!'.

ശെമഓനും യോഹന്നാനും നടകൊണ്ടു. തിരുവടി കല്പിച്ച പ്രകാരം അവർക്കു, ശവക്കല്ലറയിൽനിന്നു് അങ്ങയാൽ പുനരുത്ഥാപിതനായ സ്നേഹിതന്റെ ഭവനമായ ഒരുക്കപ്പെട്ട മാളിക കാണുമാറായി. അങ്ങയുടെ ആജ്ഞപോലെ സകലവും അവർ തയ്യാറാക്കി. ശിഷ്യരൊരുമിച്ചു ധർമ്മാനുശാസനമനുസരിച്ചു് അത്താഴം കഴിച്ച ശേഷം അങ്ങുന്നു മേന്മയ്ക്കു് ഉററ വഴിയായ തികഞ്ഞ താഴ്മയെ വാചാകർമ്മണാ അവരെ പഠിപ്പിപ്പാൻ തിരുമനസ്സുവെച്ചു. അവിടുന്നു തന്റെ തുവ്വാല അരയിൽ കെട്ടിയിട്ടു് അവരോടു, 'നിങ്ങൾ ഇപ്രകാരം തമ്മിൽ തമ്മിൽ സ്നേഹത്തോടെ പെരുമാറിക്കൊണ്ടു് എങ്കൽനിന്നു മനോവിനയം ശീലിപ്പിൻ!' എന്നരുളിച്ചെയ്തു. അത്താഴം കഴിഞ്ഞു ഉടനെ വിശുദ്ധങ്ങളായ തൃക്കരങ്ങളിൽ പുളിപ്പുള്ള അപ്പം എടുത്തു സ്തോത്രം ചൊല്ലി അനുഗ്രഹിച്ചു് 'ഇതു ലോകത്തിന്നെല്ലാം വേണ്ടി ബലികഴിക്കപ്പെടുന്ന രഹസ്യ' മാണെന്നും, 'ഇതെന്റെ ശരീരമാണെന്നും 'എന്നെ വിശ്വസിക്കുന്ന ഓരോരുത്തരുടെയും ഋണമോചനത്തിനായി ഇതു നിങ്ങൾ എടുത്തു ഭക്ഷിച്ചുകൊൾവിൻ'

എന്നും അരുളിചെയ്തു് അവർക്കു കൊടുത്തിട്ടു്, 'ഇതു പുതിയ ധർമ്മശാസ്ത്രത്തിലെ എന്റെ രക്തമാകുന്നു. എന്നെ വിശ്വസിക്കുന്ന ഓരോരുത്തരുടേയും പാപമോചനത്തിനുവേണ്ടി നിങ്ങളെല്ലാം ഇതെടുത്തു പാനം ചെയ്വിൻ! ഞാൻ വീണ്ടും വരുന്നതുവരെയ്ക്കും എന്റെ മരണത്തിന്റെ ഓർമ്മയ്ക്കായി ഇതു് അനുഷ്ഠിക്കുകയും വേണം' എന്നു് അവരോടു കല്പിച്ചു. തദനന്തരം അവിടുന്നു് അവരെ പിതാവിങ്കൽ സമർപ്പിച്ചു. ധൃഷ്ടന്റെ ഏല്പിച്ചുകൊടുക്കൽ, ശിഷ്യരിൽ തലവന്റെ ഉപേക്ഷണം, എഴുതപ്പെട്ട പ്രകാരമുള്ള ഓടിപ്പോക്കു്— എന്നിവയെ അവർക്കു മനസ്സിലാക്കിക്കൊടുത്തു. പഴയതിനു സമാപ്തിവരുത്തി നിത്യജീവിതവും നിർമ്മരണതയും അനശ്വരതവും നൽകുന്ന പുതിയ ധർമ്മ ശാസ്ത്രം ഏർപ്പെടുത്തി. ഹാ! പുതിയതും നാഥതോചിതവുമായ പെരുന്നാളിനു നാം സ്തുതിപാടണം! ഹാ! വിസ്മയനീയവും അവർണ്ണനീയവുമായ രഹസ്യത്തിനു നാം സ്തുതി പാടണം: ഹാ! അവർണ്ണനീയമായ മഹത്വത്തിനു നാം സ്തുതിപാടണം. ഹാ! അപരിമേയമായ പ്രജാവാത്സല്യത്തിനു നാം സ്തുതി പാടണം! ഹാ! തന്റെ രഹസ്യഭക്ഷണമായി ധർമ്മാനുശാസനത്തിലെ ആട്ടിൻകുട്ടിയെ ഭക്ഷിച്ച സ്വർഗ്ഗത്തിലെ കുഞ്ഞാടിനു നാം സ്തുതി പാടണം! ഹാ! ഞങ്ങളെ രക്ഷിക്കുമെന്നുള്ള സൂചനയെ നിറവേറ്റിയ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിനു നാം സ്തുതിപാടണം.

ഹാ! ഒരു വയസ്സായ കുഞ്ഞാടും, ലോകത്തിന്റെ പാപത്തെ സ്വബലിയാൽ അകറ്റുന്ന ചൈതന്യപ്രദമായ ദൈവത്തിന്റെ കുഞ്ഞാടും എവിടെ വെച്ചു ഭക്ഷിക്കപ്പെട്ടുവോ ആ രഹസ്യപൂർണ്ണമായ മാളികയ്ക്കു നാം സ്തുതിപാടണം! ഇന്നു്, പുണ്യമുള്ള പ്രധാന പുരോഹിതനായ മൽക്കീസദേക്കു് സരഹസ്യമായി അപ്പം കൊണ്ടും വീഞ്ഞുകൊ



ണ്ടും സൂചിപ്പിച്ച വിധം സ്വർഗ്ഗത്തിൽനിന്നു ജീവന്റെ അപ്പം നമുക്കയച്ചുകിട്ടി. ഇന്നു, നാം എല്ലാവരും ശുദ്ധീകരണപ്പെരുന്നാളും ഋണമോചനപ്പെരുന്നാളും കൊണ്ടാടണം. ആയതു നിന്ദ്യവും മാലിന്യവുമാകുന്ന പഴയപുളിമാവു കൊണ്ടല്ല, വൃത്തിയും ശുദ്ധിയുമാകുന്ന പുളിമാവുകൊണ്ടാവുകയും വേണം. ഇന്നു പഴമയിൽ നിന്നു പുതുമയിലേയ്ക്കും; മരണത്തിൽ നിന്നു മരണശൂന്യതയിലേയ്ക്കും ദാസ്യവൃത്തിയിൽനിന്നു നാഥാനുരൂപമായ സ്വാതന്ത്ര്യത്തിലേയ്ക്കും ആടുകളിലെ കുഞ്ഞാടിൽനിന്നു ദൈവത്തിന്റെ കുഞ്ഞാടിലേയ്ക്കും മാറ്റം നൽകിയ പരിശുദ്ധവും നാഥതോചിതവുമായ പെസഹാപെരുന്നാളിനെ നാം കൊണ്ടാടണം. ഇന്നു നമ്മുടെ ആത്മാക്കൾ അവിശ്വാസത്തിൽനിന്നു വിശ്വാസത്തിലേക്കും അപഥത്തിൽനിന്നു സുപഥത്തിലേയ്ക്കും കടന്നു. ഇന്നു നിർജ്ജരമായ യഥാർത്ഥ ജീവനെ നാം കണ്ടെത്തി. ഇന്നു മാളികയിൽ വെച്ചു നടത്തപ്പെട്ട നിഷ്ക്കളങ്കമായ അമൂകബലിയാൽ മൂകജന്തുക്കളെ വെട്ടിക്കൊല്ലുന്ന ആയുധം ലേവീവേനക്കാരെ വിട്ടുപിരിഞ്ഞു. ഇന്നു് എല്ലാ രക്തങ്ങളും ചിന്നിക്കപ്പെട്ടിരുന്നതു യാതൊന്നിന്റെ സൂചനയോ, സംസാരിപ്പാൻ കഴിവുള്ള നിഷ്ക്കളങ്കമായ ആട്ടിൻകുട്ടിയുടെ ആ ബലിയാൽ സീയോൻ ദൈവാലയത്തിൽ നിന്നു രക്തം ചിന്നിക്കലും ചാരം വിതറലും നിർത്തപ്പെട്ടു. മൃതനെപ്പോലെ സ്വദേഹവും രക്തവും ഞങ്ങൾക്കു ഭാഗിച്ചുതന്നു. ജീവനുള്ളവനെപ്പോലെ അതിൽനിന്നു ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തവനായ ഞങ്ങളുടെ മശിഹാതമ്പുരാനേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു:—അങ്ങുന്നു ജീവിച്ചിരിക്കുന്നവനും, മരിച്ചവനും, കൊല്ലപ്പെട്ടവനും ജീവദാതാവുമാണെന്നു ഞങ്ങൾക്കറിയാം. അങ്ങയുടെ പരിശുദ്ധമായ ശരീരത്തിന്റേയും രക്തത്തിന്റേയും ചൈതന്യപ്രദമായ

അംഗീകരണത്തിനു ഞങ്ങളും ഇപ്പോഴും യോഗ്യരാകേണമേ! സംഹർത്താവ് അകത്തു കടന്നു ഞങ്ങളുടെ പ്രഥമപ്രസവങ്ങളെ നശിപ്പിക്കാത്തവിധം അങ്ങയുടെ ഔചിത്യപ്രദമായ പീഡാനുഭവത്തേയും മരണത്തേയും കുറിച്ചുള്ള വിശുദ്ധങ്ങളായ സദാചാരങ്ങളാൽ ഞങ്ങൾ രക്ഷിക്കപ്പെടേണമേ! വിനയമാകുന്ന അരപ്പട്ട കെട്ടിയും, കാലുകളിൽ ശമമാകുന്ന ചെരിപ്പിട്ടും, അവിടുത്തെ വിജയിയായ കുരിശാകുന്ന വടിയെ അവലംബിച്ചും അതിനെ ഭക്ഷിപ്പാൻ ഞങ്ങളും അർഹരാകേണമേ! സത്യലവണം ചേർത്തു സ്നേഹാഗ്നിയിൽ വറുത്ത അതിനെ ഞങ്ങൾ സത്യവിശ്വാസത്താൽ യാതൊരു സംശയവും കൂടാതെ ഭക്ഷിക്കുമാറാകേണമേ! നാഥാ, നാൾതോറും എല്ലാ പഴമയിൽനിന്നും ഒഴിഞ്ഞ് അങ്ങയെ പുതുതായി പാനം ചെയ്‌വാനും ഞങ്ങളെ യോഗ്യരാക്കേണമേ! അവിടെ ഞങ്ങൾ അങ്ങേയ്ക്കു സ്വർഗ്ഗാനുരൂപങ്ങളായ കളങ്കമറ്റ ആടുകളേയും പരമാർത്ഥികളായ അഴകുള്ള കുഞ്ഞാടുകളേയും സ്വച്ഛങ്ങളായ പാനീയനിവേദ്യങ്ങളേയും, ശുചിത്വമേറിയ പ്രാവുകളേയും, ചങ്ങാലിപ്പക്ഷികളേയും ഉപഹാരീകരിക്കുമാറാകേണമേ! ഇവിടേയും സനാതനലോകത്തിലും ആനന്ദകരമായ പെസഹയാകുന്ന നിന്തിരുവടിയിങ്കൽ സന്തോഷിച്ച് ആനന്ദിച്ച് ആഹ്ലാദിക്കുമാറാകേണമേ! ഞങ്ങളും അങ്ങയെ വിശ്വസിച്ചു മരിച്ചുപോയ എല്ലാവരും അങ്ങേയ്ക്കും, ഞങ്ങൾക്കുവേണ്ടി അങ്ങുന്നു ചിന്തിച്ച രക്തത്താൽ കൂട്ടിയിണക്കപ്പെട്ട പിതാവിനും തത്ത്വാവസ്ഥയിൽ അങ്ങേയ്ക്കു തുല്യനായ പരിശുദ്ധ റൂഹായ്ക്കും സന്തോഷത്തോടെ സ്തുതിയും, ആനന്ദത്തോടെ കീർത്തനവും, ആഹ്ലാദത്തോടെ ജയഘോഷവും ഉന്നയിപ്പിക്കുമാറാകേണമേ! ഹോശോ........



## എത്രോ

നാഥാ, ദൈവമേ, ഈ പെരുന്നാളിൽ ഞങ്ങൾ തിരുമുമ്പിൽ സമർപ്പിച്ച ഈ ധൂപത്തെ ഹാബേലിന്റെ കാണിക്ക പോലെയും നോഹയുടെ പാനീയനിവേദ്യം പോലെയും, അബ്രഹാമിന്റെ ബലി പോലെയും മൽക്കിസദേക്കിന്റെ പുരോഹിതകർമ്മം പോലെയും മോശയുടെ പ്രാർത്ഥന പോലെയും, അഹറോന്റെ ധൂപം പോലെയും പിനഹാസിന്റെ ചുട്ട പോലെയും, ദാവീദിന്റെ അപേക്ഷ പോലെയും മനശ്ശെയുടെ കണ്ണുനീര് പോലെയും നിന്തിരുവടി കൈക്കൊള്ളണമേ! നാഥാ!, ഞങ്ങൾ തീർത്തും വേദനകൾ മാറിയും, ആത്മാക്കളെ കാത്തും, പരേതരെ പുണ്യപ്പെടുത്തിയും ഞങ്ങളെ ആനന്ദിപ്പിക്കേണമേ! ഞങ്ങൾ നിന്തിരുവടിക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും ഉറയിപ്പിക്കുമാറാകേണമേ!

## പ്രുമിയോൻ

ആർ മാത്രം പൂർണ്ണമായ് സത്യ സ്നേഹമായിരിക്കുന്നുവോ, ആർ പ്രജാവാത്സല്യത്താൽ ആകാശത്തുനിന്ന് ഇറങ്ങി വന്ന് ഭൂമിയിൽ ഭരണമുറയ്ക്കു സഞ്ചരിച്ചുവോ, ആർ എഴുന്നേറ്റുനിന്ന്, തുവാല അരയിൽ കെട്ടി, സ്വശിഷ്യരുടെ കാൽകഴുകിച്ചു, താഴ്മയേയും പരിപൂർണ്ണതയുടെ പ്രശസ്തമാർഗ്ഗത്തേയും തങ്കൽ കാണിച്ചുവോ? ആ കാരുണ്യവാന് സ്തുതി! അവിടുത്തേക്ക്...,

## സെദറാ

വ്യക്താവ്യക്തങ്ങളെ വചനത്താൽ നിർമ്മിച്ചവനും, അനാദ്യന്തമായ ശക്തിയാൽ എല്ലാറ്റിനേയും അസ്തിത്വത്തിലേയ്ക്കു നയിച്ചവനുമായ ഞങ്ങളുടെ മശിഹാതമ്പുരാനേ, നിന്തിരുവടി ശുദ്ധതയുടേയും ശുചിത്വത്തിന്റേയും പ്രകാശത്തിന്റേയും ജീവന്റേയും പുണ്യത്തിന്റേയും ഉറവാകുന്നു. നിന്തിരുവടി ഞങ്ങൾ കാരണമായി നിർവിശേഷമായ ദേഹംപൂണ്ടു ഞങ്ങൾക്കുവേണ്ടി അപമാനവും അധിക്ഷേപവും അപഹാസവും സഹിച്ചു. സ്വർഗ്ഗത്തിലെ പരിവാരങ്ങളാൽ ശുശ്രൂഷിതനായ നിന്തിരുവടി മനുഷ്യരെ രക്ഷിപ്പാൻ വേണ്ടി ശുശ്രൂഷകനായി കിണപ്പെട്ടു. അങ്ങുന്നു് അറിവില്ലാത്ത മൂഢരായ ശിഷ്യരെ പല കൂട്ടരിൽനിന്നു തിരഞ്ഞെടുത്തു് അവർക്കു പുണ്യോപദേശം നല്കി പ്രജാവാത്സല്യത്താൽ ശുശ്രൂഷ നടത്തി: രഹസ്യപൂർണ്ണമായ മാളികയിൽ അവരോടുകൂടി ഭക്ഷണത്തിനിരുന്നു പരിശുദ്ധമായ പെസഹായുടെ മാതൃകയെ ആദ്യമായി തങ്കൽ കാണിച്ചു. പിന്നീടു് ഒരു ശുശ്രൂഷകനെപ്പോലെ ഭക്ഷണസമയത്തു് എഴുന്നേറ്റുനിന്നു. തുവാല അരയിൽ ചുറ്റി, പാത്രത്തിൽ വെള്ളമൊഴിച്ചു്, അവരുടെ കാൽ കഴുകിച്ചു, യഥാർത്ഥമായ ഉദാഹരണം അവരെ ഗ്രഹിപ്പിച്ചു. ഇളയവനിൽനിന്നു് ആരംഭിച്ചു് ഒടുവിൽ പത്രോസിന്റെഅടുക്കൽചെന്നു. താഴ്മയോടെഭക്ഷിച്ചു, ഗൂഢ സംഗതികൾ വെളിപ്പെടുത്തി, താഴ്മയുടെ മാതൃകയെ ഞങ്ങളെ കാണിച്ചു പഠിപ്പിച്ചു. ഇവയാൽ സ്നേഹൈക്യത്തേയും തങ്ങളിൽ വേണ്ടുന്ന ക്ഷമയേയും വിതച്ചു്, ഇപ്രകാരം ഞങ്ങളും പരസ്പരം കടപ്പെട്ടിരിക്കുന്നുവെന്നു് അവിടുന്നു് ആജ്ഞാപിച്ചു, അവർ ഇതിനെ കൈക്കൊണ്ടിട്ടു് ആസ്ഥയോടേ, ആദരവോടെ ഞ



ങ്ങളേയും ഏല്പിച്ചു. അതിനാൽ അവരെപ്പോലെ വർത്തിച്ചു ഞങ്ങൾ അങ്ങയുടെ ദയയോടു പ്രാർത്ഥിക്കുന്നതെന്തെന്നാൽ:—ഞങ്ങൾ ചെയ്ത പിഴകൾ അങ്ങുന്നു സ്മരിക്കാതിരിക്കണമേ! നേരെ മറിച്ചു, വേശ്യാസ്ത്രീയെന്നപോലെ അവയ്ക്കെല്ലാം മോചനം ഞങ്ങൾക്കു നൽകേണമേ! അങ്ങുന്നു തിരഞ്ഞെടുത്തവരിൽ ഞങ്ങളേയും ചേർക്കേണമേ! ഈ ദിവസത്തെ ഈ കഴുകൽ കർമ്മം ദേഹാത്മാക്കളുടെ മാലിന്യം തീർത്തു ഞങ്ങൾക്കു നൽകേണമേ! എല്ലാ ദുഃഖങ്ങളേയും ക്രോധത്തേയും ദൂഷണത്തേയും ഏഷണിയേയും ദോഷാരോപത്തേയും അസൂയയേയും പിണക്കത്തേയും ദുഷ്കൃത്യങ്ങളേയും ഞങ്ങളിൽ നിന്നു് അകറ്റേണമേ! ഞങ്ങളുടെ ആത്മാവിനെ പുതുക്കി ചൈതന്യപ്രദനും പരിശുദ്ധനുമായ റൂഹായാൽ ശുദ്ധീകരിക്കേണമേ! തലവന്മാരും താഴ്മയുള്ളവരും വലിയവരും എളിയവരുമായി വേദാസന്മാരായിരിക്കുന്ന ഞങ്ങൾ ആത്മനീനമായും സുസ്നേഹമായും പരസ്പരം സഹിച്ചും പരസ്പരം സ്തുതിക്കപ്പെട്ടും, പലതരം സ്തുത്യപ്രയത്നങ്ങളെ പരസ്പരം വിഭജിച്ചും ഞങ്ങളുടെ അവയവങ്ങൾ പോലെ ചേർന്നിണങ്ങുമാറാകണമേ! ഞങ്ങൾ എല്ലാവരും അങ്ങയ്ക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ! ഹോശോ...

### വ്യാഴാഴ്ച രാത്രി ഒന്നാം കൌമ

### പ്രുമിയോൻ

പെസഹാപ്പെരുന്നാളുകളെല്ലാം ആരെ വ്യക്തീകരിക്കുന്നുവോ, പെരുന്നാളുകളെല്ലാം, ആരെ രൂപപ്പെടുത്തുന്നുവോ, സൂചനകളെല്ലാം ആരെ കുറിക്കുന്നുവോ: ഉൽസവങ്ങളെല്ലാം ആരെ പുകഴ്ത്തുന്നുവോ, മുഖങ്ങളെല്ലാം ആരെ

വർണ്ണിക്കുന്നുവോ, ജിഹ്വകളെല്ലാം ആരെ സ്തുതിച്ചു പാടുന്നുവോ. ചൈതന്യശാലിയും ജീവപ്രദവുമായ പെസഹായായ അവിടുത്തേക്കു സ്തുതി! ആ കാരുണ്യവാനെ ഈ നേരത്തും...ഓർത്തു നാം സ്തുതിക്കേണ്ടിയിരിക്കുന്നു.

### സെദറാ

പിതാവിനോടും പരിശുദ്ധ റൂഹായോടും കൂടി എല്ലാറ്റിന്റേയും ദൈവവും സ്രഷ്ടാവുമായിരിക്കുന്ന ഞങ്ങളുടെ മശിഹാതമ്പുരാനേ, നിന്തിരുവടി സ്നേഹത്താൽ തിരുവുള്ളം തോന്നി, മനുഷ്യസൃഷ്ടിയെ പാപത്തിൽനിന്നും മരണത്തിൽനിന്നും രക്ഷിപ്പാനായി, വിവാഹിതയായ കന്യകയിൽനിന്നു കേവലം മനുഷ്യനായി അവതരിച്ചു. മോശയുടെ ധർമ്മാനുശാസനം സ്ഥാപിച്ചവനാണെങ്കിലും അങ്ങുന്നു, ധർമ്മാനുശാസനം ഇല്ലാത്ത ജാതികൾക്കുള്ള ശാപം ഏറ്റെടുത്ത് അവർ അനുഗ്രഹീതരാകുമാറു സ്വദേഹത്താൽ ധർമ്മാനുശാസനീയങ്ങളെ സമാപിപ്പിച്ചു, എങ്ങനെയെന്നാൽ, ചൈതന്യപ്രദമായ സ്വചരിതം നിമിത്തം അനുതാപം വരരുതെന്നു കരുതി ആദിയിൽ ഛേദാകർമ്മം കഴിച്ച് അബ്രഹാം ഭവനക്കാരുടെ അടയാളം സ്വദേഹത്തിൽ വഹിച്ചു. ഞങ്ങൾക്കു പൂർണ്ണമോചനം നൽകുവാനും, വെള്ളം കൊണ്ടു ചോരഹാര്യമില്ലാത്ത ഭണ്ഡാരം സ്ഥാപിക്കുവാനും വേണ്ടി എല്ലാ പാപങ്ങളേയും പിഴകളേയും അതിശയിച്ചു വർത്തിക്കുന്നവനേ, നിന്തിരുവടി ജീവിതമുറ നിറവേറ്റി അനുതപ്താനുഷ്ടിതമായ ജ്ഞാനസ്നാനം സദയം അംഗീകരിച്ചു. പഴയ ധർമ്മാനുശാസനത്തിലുള്ളവയെല്ലാം സമാപിച്ചു അതിനെ ന്യായം കൊണ്ടു നിഷ്പ്രഭമാക്കി, ഞങ്ങൾക്കു പുതുക്കം നല്കി, തന്റെ വിശുദ്ധദേഹം സ്വശിഷ്യർക്കു



വിഭജിച്ചു കൊടുത്തു ഭക്ഷിപ്പിച്ചു, നാഥനായ തന്റെ രക്തം കുടിപ്പിച്ചു തദ്വാരാ പുതിയ ധർമ്മശാസ്ത്രം തന്റെ സഭയ്ക്ക് എഴുതിക്കൊടുത്തു, കുരിശുമരണത്തിന്നൊരുങ്ങി, ഞങ്ങൾക്കു പൂർണ്ണരക്ഷ നൽകുവാൻ വേണ്ടി സ്വകൃത്യാവസാനത്തിൽ ദൈവത്തിന്റെ ചൈതന്യപ്രദമായ കുഞ്ഞാടാകുന്ന അങ്ങയെ വിസ്മയനീയങ്ങളായ സൂചനകളാൽ ശരിക്കു ക്രമപ്പെടുത്തിയിരുന്ന–ഗ്രന്ഥചരിതങ്ങളാൽ തികച്ചും വരച്ചു കാണിച്ചിരുന്ന മോശയുടെ ഭവനക്കാരുടെ ഈ പെസഹാ കഴിപ്പാൻ തിരുവുള്ളം തോന്നിയ നിന്തിരുവടി, ശിഷ്യരോടു കൂടി രഹസ്യപൂർണ്ണമായ കുഞ്ഞാടിനെ ഭക്ഷിപ്പാൻ ആഗ്രഹിച്ചു. ജീവങ്ങളുടെ തലവനായുള്ളോവേ, മുകളിലും ചുവട്ടിലുമുള്ളവയെല്ലാം നിറഞ്ഞിരിക്കുന്നവനേ, നിന്തിരുവടിക്കു തല ചായ്പാൻ സ്ഥലമില്ലായ്കയാൽ ഒരു ഭവനം ആവശ്യപ്പെട്ടു. പരിചാരകർ അങ്ങയുടെ കൃത്യത്തിനു തക്കതായ ഒരു സ്ഥലവും അന്വേഷിച്ചുണ്ടാക്കി. അവിടെ വേണ്ടതെല്ലാം ഒരുക്കിയതിനു ശേഷം, നിന്തിരുവടി സ്നേഹത്തോടും കൃപയോടും കൂടി ഭക്ഷണത്തിനിരുന്നു, സകലവും ശാന്തമായി ആചരിച്ചു. പ്രജാവത്സലനായ അങ്ങുന്നു ശിഷ്യരുടെ കാൽ കഴുകി, താഴ്മയാൽ സ്നേഹത്തിന്റെ പുതിയ രീതി അവരെ കാണിച്ചു, തദ്വാരാ ഞങ്ങളെ ഏല്പിച്ചു. അപ്പം മുക്കി കൊടുത്തിട്ടു വഞ്ചകനായ യൂദായെ അങ്ങുന്നു ലജ്ജിപ്പിച്ചു. പ്രജാവത്സലനായ നാഥാ, ഇപ്പോൾ ഞങ്ങൾ അങ്ങയുടെ അനുഗ്രഹങ്ങളോടു പ്രാർത്ഥിച്ചു അങ്ങയുടെ കൃപയോടപേക്ഷിക്കുന്നതെന്തെന്നാൽ:—അങ്ങുന്നു ഞങ്ങളെ ഏല്പിച്ച ദൈവികച്ചുമതല ഞങ്ങളിൽ പുതുതാക്കേണമേ! പരിശുദ്ധ റൂഹായുടെ ആവാസത്താൽ ഞങ്ങളുടെ ആത്മാക്കളെ ശക്തിപ്പെടുത്തേണമേ! അങ്ങയുടെ പേരിലും ഞങ്ങൾ തമ്മിൽ തമ്മിലും നിഷ്കപടമായു

സ്നേഹം ഞങ്ങളുടെ മനസ്സിൽ നിറയ്ക്കേണമേ! തിന്മയും മാലിന്യവുമാകുന്ന പുളിമാവുകൊണ്ടല്ല അങ്ങേയ്ക്കു പ്രീതികരമായ ശുദ്ധിയും ശുചിത്വവുമാകുന്ന പുളിമാവുകൊണ്ടു രക്ഷയ്ക്കായുള്ള പെരുന്നാൾ അങ്ങയെപ്രമാണിച്ചു കൊണ്ടാടുവാൻ ഞങ്ങൾ അർഹന്മാരാവുന്നതിനു, പരിശുദ്ധമായ പെസഹാ പെരുന്നാളിലെ ആനന്ദത്താൽ ഞങ്ങളുടെ ദു:ഖത്തെ ശമിപ്പിക്കേണമേ! മുകളിലുള്ള എല്ലാ പെരുന്നാളാഘോഷക്കാരോടും, അഗ്നിസൈന്യങ്ങളോടും, പുണ്യാത്മാക്കളോടും കൂടി ഞങ്ങൾ സന്തുഷ്ടരായി ആനന്ദിച്ചാഹ്ളാദിച്ചു നിന്തിരുവടിക്കു തക്ക സ്തുതികൾ പാടുമാറാകേണമേ! ഞങ്ങളും വിശ്വാസികളായ പരേതരും മഹനീയമായ അങ്ങയുടെ ദ്വിതീയാഗമനത്തിൽ ഉണ്ടാകാനിരിക്കുന്ന അക്ഷയമായ അന്ത്യപ്പെരുന്നാളിൽ പ്രകാശവും പ്രചുരസന്തോഷവും നിറഞ്ഞിരിക്കുന്ന അങ്ങയുടെ മണവറയിൽ അങ്ങയ്ക്കു പ്രിയം ചെയ്ത എല്ലാവരോടും കൂടി പ്രവേശിക്കുമാറാകേണമേ! ഞങ്ങൾ അങ്ങേയ്ക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ.

### എത്രോ

നാഥാ, അങ്ങയുടെ രഹസ്യത്തെ ഇസഹാക്കു സ്വബലിയാൽ സൂചിപ്പിച്ചു; അബ്രഹാം ആ ദിവസം കാണ്മാൻ ആഗ്രഹിച്ചു. മോശ തന്റെ ആട്ടിൻകുട്ടിയാൽ അതിനെ രൂപപ്പെടുത്തി. അതിന്റെ രക്തം മനുഷ്യരെ സംഹത്താവായ മൃത്യുവിൽ നിന്നു വീണ്ടെടുത്തു 'എനിക്കു രഹസ്യം, എനിക്കു രഹസ്യം, എന്റെ വീട്ടുകാർക്കു രഹസ്യം' എന്നു ഉൽഘോഷിച്ചുകൊണ്ടു എശയ്യാ ദീർഘദർശനത്താൽ അതിനെക്കുറിച്ചു പ്രസംഗിച്ചു. നാഥാ, തന്റെ



ധർമ്മസിദ്ധാന്തങ്ങളാൽ അങ്ങുന്നു ഞങ്ങളെ കുടുംബബന്ധുക്കളാക്കി. ഞങ്ങൾ തിരുമെയ്യിലും തിരുരക്തത്തിലും പങ്കുകൊണ്ടു. ചൈതന്യപ്രദമായ തിരുമരണത്തിൽ ഞങ്ങൾ സ്നാനം ചെയ്തവരായി, അങ്ങയുടെ രാജ്യം അങ്ങയാൽ ഞങ്ങൾക്കു വാഗ്ദാനം ചെയ്യപ്പെട്ടു. അങ്ങയുടെ ദാനങ്ങളെ സൂക്ഷിപ്പാനും ആജ്ഞകളെ അനുസരിപ്പാനും തിരുവുള്ളം തെളിയിപ്പാനും ഞങ്ങളെ അർഹരാക്കേണമേ! ഞങ്ങൾ അങ്ങയ്ക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ!

## രാത്രി—രണ്ടാം കൌമ

### പ്രുമിയോൻ

മുകൾ പ്രദേശങ്ങളിൽ എല്ലാ സ്വർഗ്ഗീയ ശുശ്രൂഷകന്മാരും ആരെ സോൽക്കണ്ഠം ശുശ്രൂഷിച്ചു പോരുന്നുവോ, മുകളിലുള്ള എല്ലാ വർഗ്ഗങ്ങളും ഭയത്തോടെ ആർക്കു പ്രിയം ചെയ്യുന്നുവോ, ആർ പ്രകൃതിഗുണത്താലും പ്രജാവാത്സല്യത്താലും ചുവട്ടിലേക്കു ഇറങ്ങിവന്നു ആജ്ഞാലംഘനത്താൽ കെട്ടുതലററവരെ വൈരിയായ ആകൽക്കറുസായുടെ ദാസ്യത്തിൽനിന്നു ഒന്നായി മോചിപ്പിച്ചു വീണ്ടെടുപ്പാൻ മനസ്സുവെച്ചുവോ, അങ്ങിനെ തിരുവുള്ളം തോന്നിയതിനാൽ ആർ സ്വദാസനാൽ, അതായതു ശിഷ്യനാൽ ദുഷ്ടദാസന്മാർക്കു ദാസനെപ്പോലെ കൊലയ്ക്കായി വില്ക്കപ്പെട്ടുവോ ആ അനാദ്യന്തവചനമായവന്നു സ്തുതി,

## സെദറാ

അത്യുന്നതനായി വചനമായിരിക്കുന്ന ദൈവമേ, ഞങ്ങൾക്കവേണ്ടി അവിടുന്നു സ്വേച്ഛയാ സഹിച്ചവയും, വന്ദനീയങ്ങളും രക്ഷാകരങ്ങളുമായ പീഡകളുടെ ചരിത്രം വർണ്ണിക്കുവാൻ ത്രാണിയുള്ള വാക്കോ നാക്കോ ആർക്കുള്ളു? അല്ലെങ്കിൽ, അങ്ങുന്നു ഞങ്ങളെ രക്ഷിപ്പാൻ വേണ്ടി അവർണ്ണനീയമായ പരിത്യാഗത്താൽ ഏററ അചിന്തനീയമായ പീഡാനുഭവങ്ങളെ പരിശോധിപ്പാനും ഉററുനോക്കിയറിവാനും ശക്തനായ വിദ്വാനോ ജ്ഞാനിയോ ആർ? അല്ലെങ്കിൽ, ഞങ്ങൾക്ക വേണ്ടി അങ്ങുന്നു കൈക്കൊണ്ട കീഴ്വണക്കത്തെക്കുറിച്ചുള്ള ശ്രേഷ്ഠഗാനത്തിന്റെ ഗാംഭീര്യം അറിവാൻ ഏതൊരു ജ്ഞാനത്തിനോ വിചാരത്തിനോ ത്രാണിയുള്ളു? താഴെയും മുകളിലുമുള്ള എല്ലാ സൃഷ്ടികളും അങ്ങയുടെ അസ്തിത്വം ഓർത്തു വിറച്ചു ചൂളിക്കൊണ്ടിരിക്കെ, അങ്ങയുടെ കൃപയെ നിരസിക്കുന്ന ദൂഷകന്മാരായ ദുഷ്ട യഹൂദന്മാർ ഒത്തുകൂടി, ഭൂലോകം മുഴുവൻ ഉള്ളംകയ്യിൽ വെച്ചിരിക്കുന്ന അങ്ങയെ നശിപ്പിപ്പാൻ ഹന്നാ, കയ്യാപ്പാ എന്നീ പ്രധാന പുരോഹിതന്മാരുമായി ആലോചന നടത്തി.

സ്വർഗ്ഗത്തിൽ ജീവനുള്ള അഗ്നി തന്റെ ജ്വാലയിൽനിന്നു പിടഞ്ഞുകൊണ്ടു ശുശ്രൂഷിച്ചുപോരുന്ന അങ്ങയുടെ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട ശിഷ്യഗണത്തിൽ ഒരുവനായ യഹൂദാസ്കറിയോത്താ അപ്പോഴം ദ്രവ്യാഗ്രഹത്തിനടിമപ്പെട്ടു. സ്വേച്ഛാചാരിത്വം നിമിത്തം അപരിമേയമായ അങ്ങയുടെ ധനത്തെ വെടിഞ്ഞു അവൻ സാത്താനാൽ പ്രേരിതനായി ഘാതകന്മാരുടെ അടുക്കലേക്കു പാഞ്ഞുപോയി. അവർ ശാന്തമായി അടങ്ങിയിരിക്കെ അവൻ അവരുടെ അടുക്കലേക്കു ചെന്നു, 'നിങ്ങൾ എനിക്കു



എന്തു തരും? നിങ്ങൾ അന്വേഷിക്കുന്ന നസ്രായക്കാരനായ യേശുവിനെ ഞാൻ നിങ്ങൾക്കു ഏല്പിച്ചു തരാം; തന്റെ പ്രവൃത്തികൾകൊണ്ടു ശാബ്ബത്തിനെ ലംഘിക്കുകയും താനാണ് ശാബ്ബത്തിന്റെ നാഥനെന്നു പറയുകയും ചെയ്തവനെ ഞാൻ നിങ്ങൾക്ക് ഏല്പിച്ചുതരാം, അതിന്നു നമ്മുടെ കരാറെങ്ങനെ? നിങ്ങൾ എനിക്ക് എന്തു തരും? 'ഞാൻ ദൈവത്തിന്റെ പുത്രനും ഇസ്രായേലിന്റെ രാജാവുമാകുന്നു' എന്നു പറഞ്ഞവനെ ഞാൻ നിങ്ങൾക്കു തന്നേയ്ക്കാം, ഞാൻ അവന്റെ ശിഷ്യനാണ്, എന്നു വിശ്വസിച്ചുകൊള്ളുവിൻ!' എന്നിങ്ങനെ അവൻ അങ്ങയെ അവർക്കു വില്ക്കുവാൻ അതായത് ഏല്പിച്ചുകൊടുപ്പാൻ, അവരോടു പ്രതിജ്ഞ ചെയ്തു. അപ്പോൾ അവർ ഹൃദയാനന്ദത്തോടെ മുപ്പതു വെള്ളി ദിനാറും അവനു കൊടുക്കാമെന്ന് ഏററു.

അങ്ങയുടെനാമത്തിൽ രോഗികളെ സുഖപ്പെടുത്തുകയും, പിശാചുക്കളെ ഒഴിപ്പിക്കുകയും, മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്ത അവൻ, അവനോടു പത്രോസിനോടെന്നപോലെ സ്വർഗ്ഗസിംഹാസനം നൽകാമെന്നു ഏററവനും അവനു ആകാശത്തിലും ഭൂമിയിലും അധികാരം കൊടുത്തിരുന്നവനും, അവനെ രഹസ്യപൂർണ്ണമായ അത്താഴത്തിൽ ചേർക്കുകയും അവന്റെ കാൽ കഴുകിയ്ക്കുകയും ചെയ്തവനും ആയ അധർമ്മധ്വംസിയായ സ്വശരീരവും രക്തവും എടുക്കുന്നതിൽ അവനെ വിരോധിക്കാത്തവനുമായ അങ്ങയെ ഏല്പിച്ചുകൊടുപ്പാൻ അപ്പോൾ മുതൽ തക്കവും തഞ്ചവും നോക്കിക്കൊണ്ടിരുന്നു. പശ്ചാത്താപിന്നു, അവന്റെ കൂട്ടുകാർക്കുമുള്ള സകലവും തന്റെ നേരെ കുതികാൽ ഉയർത്തിയവനു പ്രദാനം ചെയ്ത ദൈവമായ നിന്തിരുവടിയുടെ ദീർഘക്ഷമയേയും ധൈര്യത്തെയും വർണ്ണിപ്പാൻ ആരെക്കൊണ്ടാവും? അവൻ സ്വമേധയാ അങ്ങയ്ക്കെതിരായി വഞ്ചന കരുതിക്കൊണ്ട് അങ്ങയെ ഉപേക്ഷിച്ചു കുരിശിന്മേൽ തറയ്ക്കുന്നവരുടെ

കൂട്ടത്തിൽ കൂടി, 'എന്നെ നിങ്ങളിൽ ഒരുത്തൻ ദുഷ്ടന്മാർക്ക് ഏല്പിച്ചു കൊടുക്കും, നിങ്ങൾ ഭയപ്പെടരുത്. എന്നോടൊപ്പം പാത്രത്തിൽ കൈമുക്കുന്നവനാണ് അതു ചെയ്യുന്നത്. അവനെ നിങ്ങൾ സൂക്ഷിച്ചുകൊൾവിൻ, ഞാൻ മൂന്നാംദിവസം ജീവിച്ചെഴുന്നേറ്റു നിങ്ങളെ ആശ്വാസത്താൽ സന്തോഷിപ്പിച്ച് ആനന്ദിപ്പിക്കുകയും പരിശുദ്ധറൂഹായുടെ കൃപകൊണ്ടു നിറയ്ക്കുകയും ചെയ്യും' എന്നിങ്ങനെ അങ്ങുന്ന് ഇതിനെക്കുറിച്ചു പത്രോസിനോടും തന്റെ മറ്റു സ്നേഹിതന്മാരോടും അരുളിച്ചെയ്തു.

ആദ്യസൃഷ്ടിയായ ആദാമിന്റെ എല്ലാ കടമയും ഏറ്റെടുത്തു ഞങ്ങളുടെയെല്ലാം പാപങ്ങൾ സ്വാത്മാവിനാൽ വഹിച്ചു കുരിശിന്മേൽ തറയ്ക്കപ്പെട്ടവനും, ദയാലുവും, പ്രജാവത്സലനുമായ ഞങ്ങളുടെ മശിഹാതമ്പുരാനേ, ഞങ്ങൾ അങ്ങയോട് ഇപ്രകാരം പ്രാർത്ഥിക്കുന്നു:—അങ്ങയുടെ കുരിശിനാൽ സംരക്ഷിതരായ ഞങ്ങളെ നവീകരിക്കേണമേ. ആധ്യാത്മികമായ അങ്ങയുടെ അത്താഴത്തിലെ ആനന്ദത്തിനും, എല്ലാ അപഥങ്ങളുടെയും ക്ഷാളനത്തിനും അധർമ്മധ്വംസിയായ അങ്ങയുടെ ശരീരത്തിന്റെയും രക്തത്തിന്റെയും ചൈതന്യപ്രദമായ ആ സ്വാദനത്തിനു ഞങ്ങളെ ദയ ചെയ്തു അർഹരാക്കേണമേ! ദുർബ്ബലനായ യൂദാ അനുഭവിച്ച ആശാഭംഗം ഞങ്ങൾക്കു നേരിടാതാക്കേണമേ! എന്നെന്നേക്കുമുള്ള നീതിപൂർവ്വമായ ശിക്ഷാവിധിയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ! ഞങ്ങളേയും ഞങ്ങളുടെ പരേതരേയും പരിശുദ്ധന്മാരുടെ ഓഹരിക്കും അങ്ങയുടെ തോഴന്മാരുടെ ആഡംബരത്തിനും സ്വർഗ്ഗത്തിൽ അങ്ങയുടെ അതിഥികളോടു കൂടിയുള്ള സന്തോഷത്തിനും അർഹരാക്കേണമേ! ഞങ്ങൾ അങ്ങയ്ക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ! ഹോശോ,.....



## ഏത്രോ

നാഥാ, വിജയലാളിതവും അനുഗ്രഹപൂർണ്ണവുമായ അങ്ങയുടെ വലംതൃക്കയ്യ് ഭക്തജനങ്ങളിൽ വെയ്ക്കേണമേ! നാഥനായ അങ്ങയുടെ സഭാസംഘത്തെ അനുഗ്രഹിക്കേണമേ! നാഥനായ അങ്ങയുടെ പ്രസാദത്തിനായി ഞങ്ങളുടെ നിസ്സാരങ്ങളായ കൈകൾ സമർപ്പിച്ചിരിക്കുന്ന ഈ ധൂപം കൈക്കൊള്ളേണമേ! അങ്ങുന്നു രക്ഷാകരമായ പീഡയനുഭവിച്ച ഈ ദിവസത്തേയും, അങ്ങയുടെ ദൈവത്വത്തേയും ഞങ്ങളുടെ ആയുഷ്കാലം മുഴുവൻ നിർഘോഷമായ സ്വരത്തിൽ ആധ്യാത്മിക സ്തോത്രഗീതികൾ പാടിപ്പുകഴ്ത്തുവാൻ ഞങ്ങളെ അർഹരാക്കേണമേ! ഞങ്ങൾ അങ്ങയ്ക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ!

## വ്യാഴാഴ്ച രാത്രി—മൂന്നാം കൌമ

## പ്രുമിയോൻ

ദേഹമെടുത്ത് ആവിർഭവിച്ചതും, ലോകത്തിൽ പ്രതിപാദിക്കപ്പെട്ടതും, ജാതികളാൽ അംഗീകൃതവും, ശിഷ്യരാൽ പ്രഖ്യാപിതവും, ശ്ലീഹന്മാരാൽ പ്രദർശിതവും, ഗൂഢവും അനിർവചനീയവുമായിരിക്കുന്ന തത്വത്തിനു സ്തുതി. വിശ്വസിക്കപ്പെട്ട ആ തത്വത്തിന്റെ സന്താനങ്ങളായ നാം എല്ലാവരും തന്തിരുവടിയെ സ്തുതിച്ചു ഘോഷിച്ചു വർണ്ണിക്കണം. തന്തിരുവടിക്ക്....

## സെദറാ

ഞങ്ങളുടെ രക്ഷിതാവായി വെളിപ്പെടാഞ്ഞവരുടെ നാഥനായി മിശിഹായായിരിക്കുന്ന അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു! ദീർഘദർശികൾ അങ്ങയെ സൂചിപ്പിച്ചു പറഞ്ഞു. ഉദാഹരണപൂർവ്വം സൂചിപ്പിച്ചുപറഞ്ഞ പ്രകാരം അങ്ങനെ കാണ്മാൻ ഇടവന്നു. 'ദർശനക്കാരുടെ ഉദാഹരണത്താൽ അങ്ങുന്നു പരക്കെ അറിയപ്പെട്ടു: അബ്രഹാം അങ്ങയുടെ ദിവസം കാണ്മാൻ കാത്തിരുന്നു, കണ്ടു, സന്തോഷിച്ചു, മലയുടെ മുകളിൽ വെച്ച് ഇസഹാക്കിനു പകരം ബലിയായിത്തീരുകയും അവനെ ആയുധത്തിൽനിന്നു രക്ഷിക്കുകയും ചെയ്ത ആട്ടിൻകുട്ടിയാൽ അങ്ങയുടെ മഹിമ അബ്രഹാമിനു കാണ്മാറായി, വീണ്ടും സന്ധ്യക്കു വധിക്കപ്പെട്ട് ഇസ്രായേലിലെ പ്രഥമസന്താനങ്ങളെ രക്ഷിച്ച ആട്ടിൻകുട്ടിവഴിയായി മോശയ്ക്കു തെളിഞ്ഞറിയുമാറായി. ലോകത്തിന്റെ പാപത്തെ കുരിശുകൊണ്ട് ഏറ്റെടുത്ത ദൈവത്തിന്റെ ആട്ടിൻകുട്ടിയായ അങ്ങുന്നു സ്വശിഷ്യരോടുകൂടി ധർമ്മാനുശാസനത്തിലെ ആട്ടിൻകുട്ടിയെ ഭക്ഷിച്ചു, രഹസ്യപൂർണ്ണമായ പെസഹ കഴിച്ച്, ഉദാഹരണം നിറവേറി നിഴൽ ദൂരപ്പെടുത്തിക്കഴിഞ്ഞുവെന്നും, ഇനി സനാതനതത്വം കാണിക്കേണ്ടിയിരിക്കുന്നുവെന്നും, 'രഹസ്യം എന്റെയും എന്റെ ഭവനക്കാരുടേയും രഹസ്യം പുതിയ രഹസ്യം' അവർക്കു കാണുമാറാകുമെന്നും' അവരോട് അരുളിച്ചെയ്തു. അതിനു ശേഷം അപ്പം തൃക്കൈകളിൽ എടുത്ത് ആശീസ്സുചൊല്ലി മുറിച്ചു തന്റെ തത്വത്തിന്റെ സന്താനങ്ങളായ ശ്ലീഹന്മാർക്കു കൊടുത്തു, 'ഇതു പലർക്കുമായി മുറിക്കപ്പെടുന്നതും, ലോകത്തിന്റെ പാപങ്ങൾക്കു വേണ്ടി ഉഴിഞ്ഞിടുന്നതുമായ എന്റെ ശരീരമാകുന്നു' എന്നും അങ്ങുന്ന് അരുളിച്ചെയ്തു. എന്നിട്ടു ചഷകത്തിൽ വീഞ്ഞും വെള്ളവും കലർത്തി അതു് അവരെ കുടിപ്പിച്ചു. 'ഇതു പുതിയ ധർമ്മശാസ്ത്രത്തിനുള്ള എന്റെ രക്തമാകുന്നു. നിങ്ങൾ സംശയം കൂടാതെ ഇതു് ഈ ചഷകത്തിൽ എടുത്തു കുടിച്ചുകൊൾവിൻ! എന്തുകൊണ്ടെന്നാൽ ഞാൻ



എന്നെത്തന്നെ ബലിയാക്കി നിങ്ങൾക്കുവേണ്ടി എന്റെ ആത്മാവിനെ ശുദ്ധീകരിക്കുകയാണ്. ഈ സമയം മുതൽ പഴയതെല്ലാം അവസാനിച്ചു, സകലവും പുതുതായി തീർന്നിരിക്കുന്നു, എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഈവിധം ചെയ്യുവിൻ' എന്നിങ്ങനെ അങ്ങുന്നു കല്പിച്ചു.

ഹേ, മഹാത്ഭുതവും ചൈതന്യപ്രദവുമായ അത്താഴത്തെ—

ഹേ, നമുക്കു രക്ഷ നല്കി ലോകത്തിന്റെ പാപത്തെ കയ്യേല്ക്കുന്ന ആട്ടിൻകുട്ടിയെ—

ഹേ, കൊലയോടു സ്വജനത്തെ സന്തോഷിപ്പിച്ച ശ്രേഷ്ഠമായ പെസഹാ പെരുന്നാളിനെ—

ഹേ, സോദരായ സ്വയം ബലിയായിത്തീർന്ന് ആട്ടിൻകുട്ടിയേയെന്നപോലെ ഘാതകന്മാർ ബലി കഴിക്കുമെന്നറിയിച്ച ബലിമൃഗത്തിന്റെ പശുവിനെ—നാം ആദരിക്കണം!

വിവേകികൾക്ക് ഈ തത്വം മറവത്തരമാകുന്നു. വിദ്വാന്മാർക്ക് ഈ ചരിത്രം വിസ്മയകരമാകുന്നു. ഈ പ്രദാനത്തെ സഭ കൈക്കൊണ്ടു, കൂടിച്ചേർന്ന ജാതികൾ ഇതത്വത്തെ അംഗീകരിച്ചു. ഇതാ സഭ അതിനെ പാലിക്കുകയും, അതിനാൽ എല്ലാ പ്രതികൂലങ്ങളിൽ നിന്നു പാലിക്കപ്പെടുകയും ചെയ്യുന്നു. ചൈതന്യപ്രദമായ തിരുമെയ്യിനെ കുദാശയിൽ സഭ സംശയിക്കാതെ ഭക്ഷിക്കുന്നു. ചൈതന്യപ്രദമായ പാനീയത്തെ സ്നേഹത്താൽ അങ്ങിനെതന്നെ സഭ നുകർന്നു. എന്റെ നാഥാ, അങ്ങുന്നു കല്പിച്ച പരിശുദ്ധ കുദാശതന്നെ ദുഷ്ടന്റെ അസൂയയിൽനിന്ന് സഭയെ കാത്തു രക്ഷിക്കേണമേ! അവിടത്തെ കുരിശിനാൽ അവർ വഞ്ചകശിഷ്യന്റെ വഞ്ചനയിൽ നിന്നു വേർപെടുമാറാകേണമേ അങ്ങയുടെ കനിവിനാൽ അവർക്കു ശ്രേയസ്സു ലഭിക്കേണമേ! അത്താഴത്തിൽ അങ്ങയുടെ തിരുമാറിൽ ചാരിക്കിടന്ന യോഹന്നാനെപ്പോലെയും, അങ്ങയെ ചതിച്ചു വില്ക്കുന്നവൻ ആരാണെന്നു മനസ്സിലാക്കിയ ശെമഓനെപ്പോലെയും, അങ്ങു

ന്നു് ഉപദേശിച്ച കൂദാശകൾ വഴിയായി അങ്ങയുടെ പ്രതിജ്ഞകളെ അറിവാൻ അവർ തല്പര്യപ്പെടേണമേ! അവരുടെ കളങ്കവും മാലിന്യവുമെല്ലാം കഴുകിക്കളയേണമേ! പ്രിയപ്പെട്ട വിശുദ്ധ ശിഷ്യഗണംപോലെ അവിടുന്നു പ്രവർത്തിച്ചു കാണിച്ച വിനയം, ഐക്യം, സ്നേഹം, ദയ എന്നിവയെ അവർ സമ്പാദിക്കുമാറാകേണമേ! അവർ അങ്ങയോടൊരുമിച്ചു സന്തോഷിക്കുകയും അങ്ങയുടെ സ്വർഗ്ഗത്തിൽ ആഹ്ളാദിച്ചു വിഹരിക്കുകയും ചെയ്യേണമേ! അവർ അങ്ങയ്ക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ! ഹോശോ........

### എത്രോ

പ്രകൃതി ആരുടെ നാഥത്വത്തെ വിളിച്ചുപറഞ്ഞുവോ, ആരുടെ ശ്രേഷ്ഠതയെ ലോകങ്ങൾ വെളിപ്പെടുത്തിയോ, ആർ കൊലയേറ്റപ്പോൾ ജീവികൾ അമ്പരന്നുവോ, ആരുടെ താഴ്മയാൽ പഞ്ചഭൂതങ്ങൾ ചലിച്ചുവോ, ആ സത്യനാഥനായുള്ളോവേ, ഇപ്പോൾ അങ്ങയ്ക്കു ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ ധൂപം കൈക്കൊള്ളേണമേ! നാഥാ അങ്ങയുടെ താഴ്മയുടെ കാരണവും, ശൂന്യതയുടെ വിസ്മനീയതയും, കുരിശിന്റെ ശക്തിയും, മരണത്തിന്റെ മഹിമയും ഞങ്ങളിൽ വിളയാടേണമേ! മൂകസ്വഭാവം വിട്ടു വിശേഷബുദ്ധിയുള്ള ദുർബ്ബലരായ ഞങ്ങൾ അങ്ങയുടെ നാഥത്വത്തെ വെളിപ്പെടുത്തുകയും, ശ്രേഷ്ഠത്വത്തെ വിളിച്ചുപറയുകയും, കൃപയെ സ്തുതിക്കുകയും അനുകമ്പയെ വന്ദിച്ചു പുകഴ്ത്തുകയും ചെയ്യുമാറാകേണമേ!



## രാത്രി ലിലിയാ

### വ്യാഴം, രാത്രി—നാലാം കൗമ

### പ്രുമിയോൻ

അധർമ്മനാശനനും, പരിശുദ്ധനും, അനിർവചനീയനും, പീഡാരഹിതനും, മരണവർജ്ജിതനും, അക്ഷയനും, സ്വേച്ഛയാ ഞങ്ങൾക്കുവേണ്ടി പീഡയനുഭവിച്ചും ഞങ്ങളുടെ പീഡകളെ പീഡിപ്പിച്ചവനും, ഞങ്ങൾക്കു വേണ്ടി മരിച്ചു ക്രൂശുമരണത്തെ മരിപ്പിച്ചു ഞങ്ങൾക്കു ജീവനും അനശ്വരതയും അമരണതയും നല്കിയവനുമായ തന്തിരുവടിക്കു സ്തുതി! തന്തിരുവടിക്കു......

### സെദറ

പൂജനീയനും, ഉന്നതമഹിമാവും, ഭയങ്കരനും, ബലവാനും, ലോകപരാക്രമിയും, അപരിമേയനും, അചിന്തനീയനും, ആർക്കും അനിർവ്വചനീയനുമായ ഞങ്ങളുടെ മശിഹാതമ്പുരാനേ, നിന്തിരുവടി കാരുണ്യാതിരേകത്താൽ, അദൃശ്യങ്ങളായ തന്റെ മുകൾപ്രദേശങ്ങളിൽനിന്നു ഞങ്ങളുടെ അടുക്കലേയ്ക്കു ഇറങ്ങിവരികയും, തന്റെ പീഡയാൽ ഞങ്ങളുടെ പീഡ നീക്കി തന്റെ മരണത്താൽ അനശ്വരത നല്കുവാൻ തക്കവണ്ണം ഞങ്ങൾക്കു വേണ്ടി പീഡകളേയും കുരിശിന്മേൽ തറയ്ക്കലിനേയും മരണത്തേയും സഹിക്കുകയും ചെയ്തു. അങ്ങയുടെ ചൈതന്യപ്രദമായ കുരിശാരോഹണത്തെക്കുറിച്ചും, രക്ഷാകരമായ മരണത്തെക്കുറിച്ചും മുൻകൂട്ടി അറിയിച്ച പരിശുദ്ധ ദീർഘദർശികളുടേയും, രഹസ്യദർശികളുടേയും എല്ലാ സൂചനകളും, അന്യോക്തികളും ഉദാഹരണങ്ങളും നിന്തിരുവടി നിറവേറ്റി.

ഒരാൾ, സന്ധ്യയ്ക്കു വധിക്കപ്പെട്ട ആട്ടിൻകുട്ടിയെക്കൊണ്ടു ഞങ്ങളുടെ രക്ഷയെ ഉദാഹരിച്ചു.

മറ്റൊരാൾ, ഇസഹാക്കിനെ രക്ഷിപ്പാൻ വൃക്ഷത്തിൽനിന്നു ആവിർഭവിച്ച ആട്ടുകൊറ്റനിൽ ദിവ്യബലിയെ രൂപപ്പെടുത്തി.

വേറെയൊരാൾ, ജനങ്ങളുടെ പാപത്തിനു വേണ്ടി ബലികഴിക്കപ്പെടുന്ന ചുവന്ന പശുക്കുട്ടിയെ അങ്ങയുടെ ഒരു ചിത്രമാക്കി.

പിന്നെയൊരാൾ, രോമംവെട്ടുന്നവന്റെ മുമ്പിൽ നില്ക്കുന്ന പെണ്ണാടിനെക്കൊണ്ടു അങ്ങയെ കുറിച്ചു.

അന്യൻ, അങ്ങയെ ആട്ടിൻകുട്ടിയെന്നപോലെ വെട്ടുവാൻ കൂട്ടിക്കൊണ്ടുപോകുമെന്നു ലക്ഷണം പറഞ്ഞു.

അപരൻ, അങ്ങയെ ആക്രമികളുടെ കൂട്ടത്തിൽ ഗണിക്കുമെന്നു പ്രഖ്യാപനം ചെയ്തു.

ഇതരൻ, അവൻ ഇടയനെ അടിക്കുമെന്നും ആടുകൾ ചിതറിപ്പോകുമെന്നും ഉൽഘോഷിച്ചു.

ഇനിയൊരാൾ, ഇസ്രായേലിന്റെ ഇടയനെ അവർ ചെകിട്ടത്തടിക്കുമെന്നു പ്രസംഗിച്ചു.

വേറിട്ടൊരാൾ, എന്റെ കൈകളും കാലുകളും അവർ കുത്തിത്തുളച്ചുവെന്നു ഗാനം ചെയ്തു.

പിന്നെയൊരാൾ, അവർ കുത്തിയവനിൽ അവർ സൂക്ഷിച്ചുനോക്കുമെന്നു ഉപദേശിച്ചു.

ഒരാൾ, മശിഹാരാജാവു കൊല്ലപ്പെടുമെന്നും, ആ കൊലയാൽ വിശുദ്ധപട്ടണം നശിച്ചുപോകുമെന്നും അറിയിച്ചു.

ഒരാൾ, പുണ്യവാന്റെ മരണം അവർ കാണുമെന്നും, എന്നാൽ അവർ അദ്ദേഹത്തെ അറികയില്ലെന്നും ഉപന്യസിച്ചു.

ഒരാൾ, 'ഇതാ നിങ്ങളുടെ ജീവൻ മരത്തിന്മേൽ ഇരിക്കുന്നു' എന്നു സ്വജനങ്ങളോടു സൂചിപ്പിച്ചു പറഞ്ഞു.



ഒരാൾ, 'അവങ്കൽ വിശ്വസിക്കുന്നവനു നിന്ദീത വരികയില്ല' എന്നു ബോധ്യപ്പെടുത്തി.

അവരുടെ ഈ വാക്കുകൾ അവിടുന്നു യഥാർത്ഥീകരിച്ചു. നിന്തിരുവടി സ്വശിഷ്യന്മാരോടുകൂടി ധർമ്മാനുശാസനത്തിലെ ആട്ടിൻകുട്ടിയെ ഭക്ഷിച്ചു. വഞ്ചകശിഷ്യനാൽ ഉന്മത്തരിൽ ഏല്പിക്കപ്പെട്ടിട്ടു അങ്ങുന്നു അധിക്ഷേപവും അപഹാസവും സഹിച്ചു; ഒരു കുറ്റക്കാരനെപ്പോലെ ന്യായവിധിസ്ഥലത്തു നിന്നു ചോദ്യം ചെയ്യപ്പെട്ടു. ദുഷ്പ്രവൃത്തിക്കാരനെപ്പോലെ. പീഡയും മരണവും സഹിച്ചു. ഏറ്റവും ഉയർന്ന ഇടത്തു രാജാധിരാജനും, കിരീടശില്പിയുമായിരിക്കുന്ന നിന്തിരുവടിയുടെ ശിരസ്സിൽ ഏറ്റവും താണ ഇടത്തുവെച്ചു മുൾക്കിരീടം വെയ്ക്കപ്പെട്ടു. അത്യുന്നതമായ സ്ഥലത്തു അവിടുത്തെയ്ക്കു അഗ്നിമയമായ പള്ളിത്തേരു പൂട്ടി നിർത്തിയിരിക്കെ, താഴെ ഏറ്റവും ചുവട്ടിൽവെച്ചു അങ്ങയെ കുരിശിന്മേൽ തറച്ചു. ഏറ്റവും ഉയർന്നഇടത്തു പിതാവിനോടും തത്ഭാവസ്ഥയിൽ തുല്യനായ റൂഹായോടുംകൂടി വന്ദ്യമാനനായിരിക്കുന്ന നിന്തിരുവടി ഏറ്റവും ചുവട്ടിൻ വെച്ചു അക്രമക്കാരുടേയും ദുഷ്കൃതക്കാരുടേയും കൂട്ടത്തിൽ ഗണിക്കപ്പെട്ടു.

ഇപ്രകാരമിരിക്കുന്ന നിന്തിരുവടിയുടെ ദയയ്ക്കു ഹൃദയംഗമങ്ങളായ സ്തുതികൾ ഉന്നയിപ്പിച്ചുകൊണ്ടു ഞങ്ങൾ ഇങ്ങിനെ ഉണർത്തിച്ചുകൊള്ളുന്നു:—സ്വദേഹബലിയാൽ ഞങ്ങളുടെ വർഗ്ഗത്തെ ശുദ്ധീകരിച്ച സ്തുത്യനായ ഞങ്ങളുടെ പ്രധാന പുരോഹിതനായിരിക്കുന്ന അങ്ങയ്ക്കു സ്തുതി! ഞങ്ങളെ രക്ഷിപ്പാൻവേണ്ടി ബലിക്കു ആട്ടിൻകുട്ടിയായിത്തീർന്ന ഉത്തമ ഇടയനായ അങ്ങയ്ക്കു സ്തുതി! പീഡയേറ്റ അങ്ങയ്ക്കു സ്തുതി! കുരിശിന്മേൽ തറയ്ക്കപ്പെട്ട അങ്ങയ്ക്കു സ്തുതി! മര

ണമേററ അങ്ങയ്ക്കു സ്തുതി! സംസ്കാരം ചെയ്യപ്പെട്ട അങ്ങയ്ക്കു സ്തുതി! പ്രത്യുജ്ജീവിച്ച അങ്ങയ്ക്കു സ്തുതി!

അനുഗ്രഹപൂർണ്ണനും, പ്രജാവൽസലനുമായ നാഥാ! നിന്തിരുവടിയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നതെന്തെന്നാൽ ഞങ്ങളുടെ ദുർബ്ബലങ്ങളായ കൈകളിൽനിന്ന് ഈ ധൂപത്തെ അംഗീകരിക്കേണമേ! അങ്ങയുടെ പീഡകൾക്കും മരണത്തിനും ഒത്തവിധം ഇപ്പോഴും ആയുശ്ശേഷത്തിലും തിരുമുമ്പാകെ നില്പാൻ ഞങ്ങൾ അർഹരാകേണമേ! അങ്ങയുടെ പരിശുദ്ധ പീഡാനുഭവങ്ങൾ ഞങ്ങളെ പീഡാരഹിതരും വിജയികളുമാക്കേണമേ! എല്ലാ ദുർവ്വികാരങ്ങളിൽനിന്നും, അവമാനങ്ങളിൽനിന്നും അപരാധങ്ങളിൽ നിന്നും ഞങ്ങളെ വേർപെടുത്തേണമേ! രക്ഷാകരമായ അങ്ങയുടെ പീഡാനുഭവം ഞങ്ങളുടെ മനശ്ചാഞ്ചല്യത്തെ അകററേണമേ! ചൈതന്യപ്രദമായ അങ്ങയുടെ മരണത്താൽ ഞങ്ങൾ ശരീരകാമങ്ങളെ മർദ്ദിച്ചു മരിപ്പിക്കേണമേ! ഞങ്ങൾ അങ്ങയുടെ പുനരുത്ഥാനത്താലുള്ള ആനന്ദത്തിനു ചേർച്ചയുള്ള സോല്ലാസം സമീപിക്കേണമേ! മരണമില്ലാത്ത ജീവനെക്കുറിച്ചുള്ള ആശയാൽ ഞങ്ങൾ അങ്ങയുടെ പരിശുദ്ധന്മാരൊന്നിച്ച് ആനന്ദിക്കുമാറാകേണമേ! അങ്ങയെ ആശിച്ച് ഉറങ്ങിപ്പോയ ഞങ്ങളുടെ ആളുകളെ അങ്ങയുടെ രാജ്യത്തിൽ വിശ്രമിപ്പിക്കുകയും, അങ്ങയുടെ മണവറയിൽ ആനന്ദിപ്പിക്കുകയും ചെയ്യേണമേ! ഞങ്ങൾ അങ്ങയ്ക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ! ഹൊശോ……



## ഏത്രോ

ഞങ്ങൾക്കുവേണ്ടി പിതാവായ ദൈവത്തിൻ സ്വയം ധൂപമായിത്തീർന്നവനും, കുരിശിനാൽ മരണത്തിൽനിന്നു ജീവിതത്തിലേയ്ക്കു ഞങ്ങളെ വിളിച്ച മനോജ്ഞ പരിമളവും, സുഗന്ധധൂപവുമായ മശിഹാതമ്പുരാനേ, നാഥാ, ഇപ്പോഴും ഞങ്ങളുടെ നിസ്സാരമായ അപേക്ഷയിൽ ശ്രദ്ധിക്കേണമേ! പാപികളായ ഞങ്ങൾ അങ്ങയ്ക്കായി സമർപ്പിച്ചിരിക്കുന്ന ഈ സുഗന്ധധൂപം കൈക്കൊള്ളേണമേ! ഞങ്ങൾക്കു ഋണമോചനവും പാപപരിഹാരവും നൽകേണമേ! വിശ്വാസികളായ പരേതർക്കു അത്യന്താശ്വാസവും പൂർണ്ണപുണ്യവും നൽകേണമേ! ഞങ്ങളുടെ നാഥാ, ദൈവമേ, ഞങ്ങളും അവരും എന്നെന്നും അങ്ങയ്ക്കു സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ!

## പ്രഭാതം

### പ്രുമിയോൻ

ചൈതന്യം നൽകുന്ന 'പശ്ശ'വും, ബലികളെ കൈക്കൊള്ളുന്നവനും, ശുദ്ധീകരിക്കുന്ന ഹിസ്സോപ്പും, നമ്മെ രക്ഷിപ്പാൻ ഗോഗുൽത്തായിൽ വെച്ചു തന്നെത്താൻ ബലികഴിച്ചവനും, അതിനാൽ നമ്മുടെ ആത്മാക്കളെ പുണ്യങ്ങളാക്കി ശുദ്ധീകരിച്ചവനും, ആദരണീയനായ തന്നെ വന്ദിപ്പാൻ നമ്മെ ആകർഷിച്ചവനും, തന്റെ വിജയം നേടിയ കുരിശിനാൽ നമ്മെ രക്ഷിച്ചവനും, ചൈതന്യപ്രദമായ തന്റെ മരണത്താൽ നമ്മെ ജീവിപ്പിച്ചവനും, മഹിതമായ തന്റെ പുനരുത്ഥാനത്താൽ നമ്മെ പുനരുത്ഥിതരാക്കിയവനുമായ തന്തിരുവടിക്കു സ്തുതി.

സെദറാ

പിതാവായ ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമായുള്ളോവേ, തത്ത്വാവസ്ഥയിൽ തന്റെ ജനകന്നു തുല്യനായവനേ, കന്യകയിൽനിന്നു ജഡമെടുത്തു് എല്ലാവരേയും ആനന്ദിപ്പിച്ച പ്രകാശമേ, സ്വയം പീഡയും മരണവുമേറ്റു് അപരാധിയായ ആദാമിനെ പിതാവിനോടു് ഇണക്കിയവനേ, സ്രാപ്പേന്മാരുടെ ആരാധനകൾ കയ്ക്കൊള്ളുന്നവനേ, പാപികൾക്കു വേണ്ടി സ്വയം ബലി കഴിക്കപ്പെടുവാൻ സ്നേഹത്താൽ ആകൃഷ്ടനായവനെ, പറുദീസായിലെ വൃക്ഷങ്ങളുടെ ഇടയിൽവെച്ചു സർപ്പത്താൽ ചീററിവിളിക്കപ്പെട്ട ഹവ്വായുടെ പേരിലുള്ള കോപത്തെ ശമിപ്പിച്ചവനേ, ബലികളും കാണിക്കകളും കയ്ക്കൊള്ളുന്നവനേ, സ്വദേഹബലിയാൽ ബലഹീനരായ ഞങ്ങളുടെ വർഗ്ഗത്തിനു ഋണമോചനം നല്കിയ മഹാപുരോഹിതനേ, ഞങ്ങളെ ഞങ്ങളുടെ പ്രഥമ സ്ഥാനത്തെത്തിപ്പാൻ ഞങ്ങളെപ്പോലെ ഞങ്ങളുടെ ഇടയിൽ കാണപ്പെട്ട അവ്യക്തനേ, കാണപ്പെടാവതല്ലാത്തവനേ, മരണപ്രതിബന്ധമാർഗ്ഗം ഉപദേശിച്ചുതന്നവനേ, തന്റെ പരിശുദ്ധങ്ങളായ പദന്യാസങ്ങൾകൊണ്ടു ശാപത്തെഭൂമിയിൽനിന്നു സമൂലം പറിച്ചുകളഞ്ഞവനെ, പീഡാരഹിതനേ, മരണവർജ്ജിതനേ, ലോകത്തിൽ അത്ഭുതങ്ങൾ കാട്ടിയവനായ രോഗികളുടെ വൈദ്യനേ, മുറിവേററവരെ തുന്നിക്കെട്ടുന്നവനേ, രക്ഷാകരമായ എല്ലാ കൃത്യവും കഴിച്ചു സ്വേച്ഛയാ പീഡാനുഭവത്തിന്നൊരുങ്ങിയവനേ, പീഡാനുഭവത്തിനു മുമ്പു ധർമ്മാനുശാസനത്തിലെ പെസഹാകുഞ്ഞാടിനെ 'ഇന്നു നിങ്ങളോടു കൂടി ഭക്ഷിപ്പാൻ ഞാൻ ഏററവും ആഗ്രഹിക്കുന്നു.' എന്നു തിരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ ശിഷ്യരോടു മുൻകൂട്ടി അരുളിച്ചെയ്തവനേ, യേശുമശിഹാ, നൃപനേ നിന്തിരുവടിക്കു സ്തുതി! നിന്തിരുവടിക്കു കീർത്തനം!



ഇന്നു, നമ്മുടെ നാഥൻ സ്വശിഷ്യരോടു, 'നീങ്ങൾ പോയി എന്റെ പീഡാനുഭവത്തിനു മുമ്പു് ഈ പെസഹായെ നിങ്ങളോടൊരുമിച്ചു ഭക്ഷിപ്പാൻ എനിക്കു മാളികയിൽ ഒരുക്കം ചെയ്വിൻ!'. എന്നരുളിച്ചെയ്തു.

ഇന്നു്, ആദിയിൽ തനിക്കു ലോകമാകുന്ന ഭവനം
നിർമ്മിച്ചു് ആകാശംകൊണ്ടു വിതാനിച്ചു ഭൂമിയെ അതി
ന്നു് അസ്ഥിവാരമാക്കി ഉറപ്പിച്ചു് അതിൽ ആദാമിനെ
കുടുംബങ്ങളുടേയും ഗോത്രങ്ങളുടേയും തലവനായി വസി
പ്പിച്ച തന്തിരുവടിക്കു് ഒരു കൊച്ചുഭവനം തയ്യാറാക്കപ്പെട്ടു.
ഇന്നു, പുണ്യസൂര്യൻ എഴുന്നള്ളി കൂരിരുട്ടുകളുടെ അടുക്കൽ
ചെന്നു പെരുന്നാളാചരിച്ചു, രഹസ്യപൂർണ്ണമായ അത്താ
ഴത്തിൽ കുഞ്ഞാടിനെ ഭക്ഷിപ്പാനായിട്ടു തന്റെ കിരണ
ങ്ങളായ ശിഷ്യരെ കൂട്ടിക്കൊണ്ടുപോയി. ഇന്നു, സന്ധ്യ
യ്ക്കു തത്ത്വത്തിന്റെ സന്താനങ്ങളെ തന്റെ മേശയ്ക്ക
രികെ ഭക്ഷണത്തിനിരുത്തി സഭയുടെ നൂതനസിദ്ധാ
ന്തം അവരെ പഠിപ്പിച്ചു, സത്യമാർഗ്ഗം ഉപദേശിച്ചു,

ഇന്നു, സ്വർഗ്ഗത്തിലെ രാജാവു തുവ്വാല അരയിൽകെ
ട്ടി ഭക്ഷണത്തിന്നിരിക്കുന്നവരെ പരിചരിച്ചു.

ഇന്നു, തങ്ങളുടെ നാഥൻ ഒരു ദാസനെപ്പോലെ തുവ്വാ
ലകെട്ടി ശിഷ്യരുടെ മുമ്പിൽ തലകുനിച്ചു കാൽകഴുകിച്ചു
തു കണ്ടിട്ടു സ്വർഗ്ഗീയ സൈന്യങ്ങൾ പകച്ചുപോയി.

ഇന്നു അഴുക്കും ചളിയും ചേർത്തുവിട്ട മണ്ണിനെ അതി
ന്റെ സ്രഷ്ടാവു് ആദരിക്കുന്നതു കണ്ടിട്ടു നമ്മുടെ പേ
രിൽ മൽസരികളും അഹങ്കാരികളുമായ പിശാചുക്കൾ ല
ജ്ജിച്ചു ചൂളി.

ഇന്നു, നമ്മുടെ നാഥൻ ചെറിയപെസഹഭക്ഷിച്ചു നമു
ക്കു വലിയ സത്യപ്പെസഹയായിത്തീർന്നു, പെസഹയെ
പെസഹയിലും, പെരുന്നാളിനെ പെരുന്നാളിലുംചേർത്തു,

ഇന്നു, സന്ധ്യാനമസ്കാരത്തു നമ്മുടെ നാഥൻ ആ കഞ്ഞാ
ടാകുന്ന പെസഹാഭക്ഷണത്തിൽ കയ്പു ചേർത്തതിനാൽ
ശ്ലീഹന്മാരുടെ പല്ലു കയ്ച്ചുപോയി. ഇന്നു, 'നിങ്ങളിൽ

ഒരുത്തൻ കുരിശിന്മേൽ തറപ്പാനും കൊലപ്പെടുത്താനും എന്നെ ഏല്പിച്ചുകൊടുക്കുമെന്നു ഗുരു പറഞ്ഞതു കേട്ടതിനാൽ പരിശുദ്ധ ശിഷ്യന്മാർ വേദനകൊണ്ടും ദുഃഖംകൊണ്ടും സന്ധ്യയും രാത്രിയും ഉണ്ടാക്കി. അത്താഴം പീഡയോടും കയ്പോടും കൂടി കഴിച്ചു.

ഇന്നു, നമ്മുടെ നാഥൻ പഴയ ധർമ്മാനുശാസനത്തെ അടച്ചു പൂട്ടി, പുതിയ ധർമ്മശാസ്ത്രം ഉല്ലേഖനം ചെയ്തു. ഭക്തകുടുംബങ്ങളെ പഠിപ്പിക്കാനാരംഭിച്ചു.

ഇന്നു നമ്മുടെ നാഥൻ സ്വദേഹം ഛേദിച്ചു രക്തവും ചേർത്തു തന്റെ പന്തിരുവർക്കു വിഭജിച്ചുകൊടുത്തു് അവരോടു് ഇങ്ങിനെ അരുളിച്ചെയ്തു. 'ഇതു് പാപികൾക്കു പരിഹാരവും അനുതാപികൾക്കു ശുദ്ധിയും നല്കുന്നതിനു ഞാൻ പുതിയ ജീവന്റെ അച്ചാരമായി നിങ്ങൾക്കു തരുന്ന എന്റെ വിശുദ്ധശരീരവും വിലയേറിയ രക്തവുമാകുന്നു.' നീതിമാന്മാരും പുണ്യവാന്മാരും വാഞ്ഛിക്കുകയും ശുഭദർശനങ്ങൾകൊണ്ടു് ഉദാഹരിക്കുകയും ചെയ്ത പരിശുദ്ധ രഹസ്യം ഇതാകുന്നു. ശാന്തതയുള്ള 'പശു'വിനെ എന്നപോലെ വെട്ടുവാൻ കൊണ്ടുപോകപ്പെട്ട യഥാർത്ഥകുഞ്ഞാടായ ഹാബേൽ സ്വബലിയാൽ രൂപപ്പെടുത്തിയ പരിശുദ്ധരഹസ്യം ഇതാകുന്നു. പുണ്യവാനായ നോഹ പെട്ടകത്തിൽവെച്ചു സൂചിപ്പിച്ചതും നീരൊഴുക്കിന്മേൽ പൊക്കിക്കാണിച്ചതുമായ രഹസ്യം ഇതാകുന്നു.

മഹാപ്രധാനപുരോഹിതനായ മൽക്‌സദേക്കു് തന്റെ ഊഴത്തിൽ എഴുന്നേറ്റുനിന്നു് ആത്മനീനങ്ങളായ പുരോഹിതകർമ്മങ്ങളിൽ പുളിപ്പുള്ള അപ്പവും വീഞ്ഞും നിവേദിച്ചു സൂചിപ്പിച്ച വിശുദ്ധമായ ദൈവരഹസ്യം ഇതാകുന്നു.

അബ്രഹാം സ്വപുത്രനായ ഇസഹാക്കിനെ ബലികഴിക്കാൻ തുടങ്ങിയപ്പോൾ അവനെ വീണ്ടെടുത്തതും ആമോറായക്കാരുടെ പർവ്വതത്തിൽവെച്ചുള്ള ചടങ്ങിനാൽ രഹസ്യം സൂചിപ്പിക്കപ്പെട്ടതും ആയ മഹാപെരുന്നാൾ ഇതാകുന്നു,



ദീർഘദർശിയായ മോശ യാതൊന്നിനെ ബലികഴിച്ചു, ബലികഴിച്ച അതിന്റെ രക്തം യാക്കോബിൻവംശക്കാരുടെ വാതിലുകളിന്മേൽ തളിച്ചു മിസ്രയിംദേശത്തെ പ്രഥമസന്താനസംഹാരകനിൽനിന്നു രക്ഷിച്ചുവോ ആ പെസഹാകുഞ്ഞാടിനെക്കൊണ്ടു മിസ്രയിം ദേശത്തുവെച്ചു സൂചിതമായ വിശുദ്ധ പെരുന്നാൾ ഇതാകുന്നു.

യേശുബർന്നൂർ സ്വജനങ്ങളോടു, 'നിങ്ങൾ ഒന്നാം മാസം 14--ാം സന്ധ്യയ്ക്കു യറിഹോയിലെ മൈതാനത്തിൽവച്ചു് ആടുകളേയും കാളകളേയും അറുത്തു നിങ്ങളുടെ നാഥനായ ദൈവത്തിനായി പെസഹ കഴിപ്പിൻ' എന്നു പറഞ്ഞു സൂചിപ്പിച്ച മഹാദിവസം ഇതാകുന്നു.

തിരഞ്ഞെടുപ്പപ്പെട്ട ശമുവേൽ വീരന്മാരും ചേലയില്ലാത്തവരുമായ ഫലസ്ത്യരെ ലജ്ജിപ്പിച്ചു കുടിമാറാത്ത കുഞ്ഞാടിനെക്കൊണ്ടു രൂപപ്പെടുത്തിയ വിശുദ്ധമായ മഹാരഹസ്യം ഇതാകുന്നു.

യപ്താഹ് ജയേച്ഛയാൽ നേർന്ന പ്രകാരം സ്വപുത്രിയെ നാഥന്നു ബലികഴിച്ചു സൂചിപ്പിച്ച സ്വർഗ്ഗീയ ബലി ഇതാകുന്നു. അത്യത്ഭുതം കാണാതിരിപ്പാൻ മുഖംമൂടി സെറാഫിമിന്റെ കൊടിലിൽനിന്നു തീക്കനൽ വായ്ക്കൊണ്ടപ്പോൾ ഏശായദീർഘദർശി അതിപരിശുദ്ധസ്ഥലത്തുവെച്ചു കണ്ട അതീന്ദ്രിയമായ പരിശുദ്ധരഹസ്യം ഇതാകുന്നു,

മിസ്രയിമിൽ സന്ധ്യയെ അവസാനിപ്പിച്ചതും, പ്രതിഛായകൾ പോയിക്കഴിഞ്ഞതും, ധർമ്മാനുശാസനത്തിലെ വിധികൾക്കു് അറുതിവന്നതും, എല്ലാ സൂചനകളും അന്യോക്തികളും നിറവേറിയതുമായ സന്ധ്യ ഇതാകുന്നു.

ഹേ, ആത്മനീനങ്ങളായ ദിവ്യദാനങ്ങളാൽ ലോകത്തെ പ്രകാശിപ്പിച്ച ഈ മഹത്തായ പെരുന്നാളിനു സ്തുതി! ഹേ, പരിശുദ്ധ സഭയ്ക്കു പ്രത്യക്ഷീഭവിച്ച ഈ വിസ്മനീയമായ മഹാരഹസ്യത്തിനു സ്തുതി! ഇസ്രാ

ഷേല്യരിൽനിന്ന് സംഹാരകനെ ഒഴിച്ച ആട്ടിൻകുട്ടിയുടെ രക്തത്തെക്കാൾ അധികം അവിടത്തെ തിരുരക്തം ഞങ്ങളുടെ ഹൃദയകട്ടിളപ്പടികളെ കഴുകി ആത്മാക്കളെ ശുദ്ധീകരിക്കുകയും അധരങ്ങളെ അഭിഷേചിക്കുകയും ചെയ്തതും രക്ഷയെക്കുറിച്ചുള്ള ആശ ഞങ്ങൾക്കുദിച്ചതും സഭയെ വിളിച്ചുകൂട്ടുന്നതും പരിശുദ്ധവുമായ ഈ ദിവസത്തിനു സ്തുതി!

ഞങ്ങളെ ദിവ്യോൽസവത്താൽ ആനന്ദിപ്പിച്ച മരണത്തിന്റെയും സാത്താന്റെയും കീഴിൽനിന്നു വേർപെടുത്തിയ സ്വർഗ്ഗീയ പെസഹ പുകഴ്ത്തപ്പെട്ടതാകുന്നു. മുകളിൽനിന്ന് ഇറങ്ങിവന്നു, സ്വദേഹത്തെ ഞങ്ങളുടെ അവയവങ്ങളിൽ കലർത്തി, ഞങ്ങളെ സ്വർഗ്ഗസ്ഥനായ തന്റെ പിതാവിനു സോദരപുത്രന്മാരാക്കിത്തീർത്ത സ്വർഗ്ഗീയമായ അപ്പം പുകഴ്ത്തപ്പെട്ടതാകുന്നു. ഇവയെല്ലാം ഞങ്ങൾക്കുവേണ്ടി ചെയ്തുവെച്ച പ്രജാവൽസലനായുള്ളോവേ, നിന്തിരുവടിയോടു ഞങ്ങൾ അപേക്ഷിച്ചു പ്രാർത്ഥിക്കുന്നു:—എന്റെ നാഥാ, അവിശ്വാസികളായ കർണ്ണേജപന്മാരുടേതുപോലെ ഞങ്ങളുടെ പെരുന്നാളിനെ വിലാപത്തിനും ദുഃഖത്തിനും ഇടവരുത്തരുതേ! അങ്ങയെയും അങ്ങയുടെ വ്യാപാരത്തെയും അപഹസിച്ചവരെ അങ്ങുന്നു നിരസിച്ചതുപോലെ ഞങ്ങളെ അങ്ങയുടെ നീതി മണവറയിൽനിന്നു പുറത്താക്കി, അവകാശത്തിൽനിന്നു തള്ളരുതേ! എന്റെ നാഥാ, അങ്ങയുടെ വസതിയിൽനിന്ന് അന്യനായിപ്പോയവനും ശിഷ്യഗണത്തിൽനിന്നു ബഹിഷ്കൃതനുമായ 'ഏല്പിച്ചുകൊടുക്കുന്ന' യൂദായെയെന്നപോലെ ഞങ്ങളെ അങ്ങയുടെ ചേർച്ചയിൽനിന്ന് അന്യരാക്കുകയും അങ്ങയുടെ ആട്ടിൻകുട്ടികളുടെ കൂട്ടത്തിൽനിന്നു ബഹിഷ്കരിക്കുകയുമരുതേ! നേരെമറിച്ചു, തിരഞ്ഞെടുക്കപ്പെട്ട ഫീനഹാസിന്റെയും വിശ്വാസിയായ രാജാവായ ഹെസക്കിയായുടെയും അങ്ങയുടെ ഭക്തന്മാരായ എല്ലാവരുടേയുമെന്നപോലെ ഞങ്ങളുടെ ആരാധനകളെ കൈക്കൊള്ളുകയും, പ്രാർത്ഥനകളിൽ പ്രസാദിക്കുകയും ചെയ്യേണമേ!



## എത്രോ

ആരുടെ ചൈതന്യപ്രദമായ വധം സുഗന്ധവും പരിമളവും പ്രസാദകരമായ ധൂപക്കൂട്ടമായിത്തീർന്നു മിണ്ടാപ്രാണികളെ ബലികഴിക്കുകയാൽ അശുചിയായിരുന്ന വായുമണ്ഡലത്തെ നിർമ്മലീകരിച്ചുവോ, ആരുടെ ചൈതന്യപ്രദമായ രക്തം ഇററിററു വീണതിനാൽ ഭൂമി പരിശുദ്ധമായോ, ആ നാഥാ,—സ്വർഗ്ഗീയപിതാവിന്റെ വചനമായ പരിശുദ്ധ സഭ—തന്റെ സന്താനങ്ങളുടെ നന്മയ്ക്കായി അങ്ങയ്ക്കു സമർപ്പിക്കുന്ന ഈ ധൂപം കൈക്കൊള്ളണമേ! ഇത് അങ്ങയുടെ പ്രീതിക്കും പ്രസാദത്തിനും ജീവികളുടെ രക്ഷയ്ക്കും പാപമോചനത്തിനുമായിത്തീരേണമേ! ജീവകാലത്ത് അങ്ങയുടെ പേരിൽ സുവിശ്വാസം പൂണ്ടു സുകൃത്യങ്ങൾകൊണ്ട് അങ്ങയെ പ്രസാദിപ്പിച്ച ഭക്തന്മാരായ പാരതരെ വഴിപോലെ ഓർമ്മിക്കേണമേ! ഞങ്ങൾ അങ്ങയ്ക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ!

## മൂന്നാം മണി (ഏഴര)

## പ്രുമിയോൻ

ആർ തന്റെ ഔന്നത്യത്തെ താഴ്മയുടെ ഇങ്ങേ അറ്റംവരെ താഴ്ത്തിയോ ആർ തത്ത്വാവസ്ഥയിൽ അത്യുന്നതനായിരിക്കുന്നുവോ, ആർ തന്റെ അവിർഭാവത്താൽ താഴ്മയാകുന്ന ഔന്നത്യസ്ഥിരമാർഗ്ഗത്തെ കാണിച്ചുവോ ഭയങ്കര ബലവാനും അത്യുഗ്രനും അജ്ഞേയമഹിമാവുമായ ആർ ചുവട്ടിൽ മുണ്ഡന്മാരായ തന്റെ പരിചാരകന്മാരെ സദയം പരിചരിച്ചുവോ, ആരുടെ ശുശ്രൂഷയിൽ അഗ്നിമയന്മാരായ ശുശ്രൂഷകന്മാർ ഭയത്തോടെ ജാഗരൂകരായിരിക്കുന്നുവോ, മുകളിലുള്ളവർ ആരുടെ മഹത്ത്വത്തിൽ വിറച്ചു ചൂളുന്നുവോ, ആർ ചുവട്ടിലുള്ളവരുടെ

ഇടയിൽ വിനീതനായി ശിഷ്യരെ ശുശ്രൂഷിപ്പാൻ ശുഷ്കാന്തിപൂണ്ടുവോ, ആർ ശുശ്രൂഷയേല്പാനല്ലാതെ, ശുശ്രൂഷ ചെയ്‌വാനും പലരുടേയും രക്ഷയ്ക്കായി തന്നെത്താൻ വിട്ടുകൊടുപ്പാനുമായി പ്രജകളുടെ അടുക്കലേയ്ക്കു വന്നുവോ, ആ തിരുവടിക്കു സ്തുതി! ആ തിരുവടിക്കു്.

## സെദറൊ

വാസ്തവത്തിൽ പിതാവിന്നും പരിശുദ്ധ റൂഹായ്ക്കും സമനായി, അനാദ്യന്തനായി, കാലാതിവർത്തിയായി വചനമായിരിക്കുന്ന ദൈവമേ നിന്തിരുവടി ദൈവത്വോചിതമായ ഇഛയാൽ കാലാതീതനായി മനുഷ്യനായിത്തീർന്നു: അനുകമ്പാതിരേകത്താൽ പാപമൊഴികെ എന്തിലും ഞങ്ങളെപ്പോലെയായി ഞങ്ങളുടെ സ്വഭാവപ്രകാരമെല്ലാം പ്രവർത്തിച്ചു. കൃത്യാവസാനത്തിൽ നിന്തിരുവടി പാപത്തേയും മരണത്തേയും കൊല്ലുവാനും കുറ്റമെന്നിയെ സ്വാഭാവികമായ യഥാർത്ഥ പീഡയനുഭവിച്ചു ഞങ്ങളുടെ പീഡകളേറ്റ് അവയിൽനിന്നു ഞങ്ങളെ വേർപെടുത്തുവാനും കരിശുമരണമേല്പാൻ നിശ്ചയിച്ചു. മരണാതിവർത്തിയായ നിന്തിരുവടിയുടെ വിനയത്തിന്റെ ആദർശം പരമാർത്ഥികളായ സ്വശിഷ്യന്മാർ മുഖേന ഞങ്ങൾക്കു നൽകുവാൻ പ്രജാവൽസലനായ അങ്ങയ്ക്കു തിരുവുള്ളമുണ്ടായി. അവിടുന്നു് ഒരു പ്രാകൃതമനുഷ്യനെപ്പോലെ തുവാലയെടുത്തു് അരയിൽകെട്ടി അവരുടെ കാൽ കഴുകിച്ചു് ഉത്തമസ്നേഹസിദ്ധാന്തത്തെ സ്പഷ്ടമായി ഞങ്ങളെ ഗ്രഹിപ്പിച്ചു ഈ കൃപാധനം കല്പിച്ചു തന്നതിനും കൃതജ്ഞതയും അങ്ങയെ പ്രസാദിപ്പിക്കുന്ന കീർത്തനവും സ്തോത്രവുമാകുന്ന ഫലങ്ങളെ അങ്ങയുടെ കൃപയ്ക്കു നിവേദിപ്പാനും ഞങ്ങൾ യോഗ്യരാകേണമേ! ഞങ്ങൾ നിന്തിരുവടിയോടു് ഇങ്ങിനെ പ്രാർത്ഥിക്കുന്നു.—



അങ്ങയുടെ തത്വങ്ങളുടെ സ്വരൂപം തികച്ചും ആത്മാക്കളിൽ പതിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ! രക്ഷാകരങ്ങളായ അങ്ങയുടെ ആജ്ഞകളെ ഞങ്ങൾ വിനീതരായി നിർവഹിക്കേണമേ! ഞങ്ങൾ നിന്തിരുവടിയുടെ ഉപദേശത്തെ പിന്തുടർന്നു നടന്നുകൊണ്ടു തമ്മിൽ തമ്മിൽ കാൽകഴുകിക്കുമാറാകേണമേ!

കാൽകഴുകിക്കലോടു കൂടി, അശരീരികളായ ശത്രുക്കളുടെ പ്രയോഗത്താലുള്ള ബാഹ്യാന്തരചലനങ്ങൾ നിമിത്തം ഞങ്ങളിൽ പറ്റിക്കൂടിയിട്ടുള്ള എല്ലാ ദോഷങ്ങളേയും കഴുകിക്കളഞ്ഞു കായികങ്ങളെ നിർമ്മലീകരിക്കേണമേ! നിന്തിരുവടിയുടെ യഥാർത്ഥശിഷ്യത്വത്താൽ ഞങ്ങൾ പൂർണ്ണരായിത്തീരേണമേ! സാക്ഷാൽ 'സർപ്പം' കൊത്തി മുറിപ്പെടുത്തുന്നതിൽ നിന്നും ഞങ്ങളുടെ കാലടികളെ തീരെ വേർപെടുത്തി ശുദ്ധീകരിക്കേണമേ! ഞങ്ങൾ അതിന്റെ മേലും അതിന്റെ എല്ലാശക്തിമേലും ഊക്കോടെ ചവിട്ടുമാറാകേണമേ! സ്ലീബാശക്തിയാലും ഏവൻഗേലിയോന്റെ ആജ്ഞകളാലും നിന്തിരുവടിയുടെ വിശുദ്ധശിഷ്യന്മാർക്കു പ്രദാനം ചെയ്തിട്ടുള്ള സ്നേഹം, ശമം, സമത്വം എന്നിവയുടെ പൂർണ്ണതയാലും ഞങ്ങൾ ബദ്ധരാകേണമേ! അവരുടെ പരിശുദ്ധ പ്രാർത്ഥനകളാൽ അവിടെ അവർക്കായി കരുതിവെച്ചിട്ടുള്ള ഭാഗ്യം അനുഭവിപ്പാൻ അവരോടുകൂടി ഞങ്ങളും വന്നണയുമാറാകേണമേ! അങ്ങയ്ക്കും പിതാവിന്നും പരിശുദ്ധറൂഹായ്ക്കും സ്തുതിയും ആദരവും വന്ദനവും ഞങ്ങൾ ഉന്നയിപ്പിക്കുമാറാകേണമേ! ഹോംശോ....

## എത്രൊ

തിരുമെയ്കൊണ്ടു നല്ല മാതൃക കാണിപ്പാനായി താഴ്മപൂണ്ട പരമോന്നതനായ നാഥാ, ഈ സമയത്തു തിരുമുമ്പാകെ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ ധൂപക്കുറ്റു്,

കൈക്കൊള്ളേണമേ! ഞങ്ങളുടെ ആത്മാക്കളുടെ നിഗൂഢാവയവങ്ങളിൽ നിഗൂഢമായി കിടക്കുന്ന പാപമാലിന്യം കഴുകിക്കളയുവാനും, നിർമ്മലരും നിഷ്കളങ്കരുമായിത്തീരുവാനും ഞങ്ങളെ അർഹന്മാരാക്കേണമേ, ഞങ്ങളുടെ നാഥ, ദൈവമേ! അങ്ങയുടെ മഹിമയുള്ള പുനരുത്ഥാനത്തിൽ സദാ സന്തോഷിപ്പാനും, അങ്ങയ്ക്കു പരിശുദ്ധ സ്തുതികൾ പാടുവാനും ഞങ്ങൾ അർഹരാകേണമേ!

### മദ്ധ്യാഹ്നം

### പ്രുമിയോൻ

ജീവികളിൽ പ്രേമമുള്ള കാരുണികനായ നാഥനും, ഏവർക്കും ശരണവും നിരന്തരമായി തന്റെ വാതില്ക്കൽ മുട്ടുന്ന യാചകന്മാരുടെ ശബ്ദത്തെ സതൃഷ്ണം പ്രതീക്ഷിക്കുന്നവനും പാപകളങ്കിതയായ വേശ്യാസ്ത്രീയെ പാപമാലിന്യം കളഞ്ഞു പരിശുദ്ധികൊണ്ടു നിറപ്പാൻ വിളിച്ചുവരുത്തിയവനും അവളുടെ കണ്ണുനീരിനെ കാണിക്കയെപ്പോലെയും രോദനത്തെ ആദ്യഫലത്തെപ്പോലെയും പ്രാർത്ഥനയെ സംസാരിക്കുന്ന സജീവബലിയെപ്പോലെയും അംഗീകരിച്ചവനും, ശെമഓന്റെ ശങ്കയെക്കുറിച്ചു പ്രത്യേകം ശാസിച്ചവനും, ശിഷ്യരുടെ മനശ്ചാഞ്ചല്യത്തെ തടുത്തവനും, അവളുടെ വിശ്വാസത്തെ സർവ്വസമക്ഷം പുകഴ്ത്തിയവനും, അവളുടെ പാപബാഹുല്യത്തെ ക്ഷമിച്ചവനും അവൾ വിവേകപൂർവം പ്രവർത്തിച്ചതിനെ എല്ലാ അനുതാപികളേയും ധൈര്യപ്പെടുത്തുവാൻ തന്റെ ഭൂലോകസ്വചരിതത്തിൽ പ്രതിപാദിക്കേണമെന്ന് ആജ്ഞാപിച്ചവനുമായ തന്തിരുവടിക്കു സ്തുതി! അവളെക്കണ്ടു കരുണയാൽ കൈക്കൊണ്ടു തന്തിരുവടിയെ ഈ നേരത്തും......സ്തുതിച്ചു പുകഴ്ത്തണം!



### സെദറാ*

പൂർണ്ണ കൃപാസമുദ്രവും അപരിമേയമായ അനുഗ്രഹാകാരവും പാപികളായ ദുർബ്ബലമനുഷ്യരുടെ ദേഹാത്മക്കൾക്കു വിദഗ്ദ്ധനായ വൈദ്യനും, ലോകത്തിൽ പലതരം വ്രണങ്ങളും രോഗങ്ങളും പിടിപെട്ടിരിക്കുന്ന ആതുരരുടെ അടുക്കലേയ്ക്കു പിതാവിനാൽ കല്പിച്ചയയ്ക്കപ്പെട്ടവനുമായ ഞങ്ങളുടെ മശിഹാതമ്പുരാനേ നിന്തിരുവടി പ്രജാവാത്സല്യം നിമിത്തം ദുഃഖിതരെ തൃക്കൺപാർത്തനുഗ്രഹിപ്പാനും മുറിവേറ്റവരെ മരുന്നുവെച്ചു തുന്നിക്കെട്ടുവാ

---

### ‘മഗ്ദലനമറിയം കാവ്യം’*

ഈ സെദറാ പ്രാർത്ഥനയുടെ തർജ്ജമയ്ക്കു നേതൃത്വം വഹിക്കുമ്പോഴാണു് മഹാകവി വള്ളത്തോളിനു്. അതിലെ പാപിഷ്ഠയായ സ്ത്രീയുടെ കഥ, കവിതയ്ക്കു വിഷയമാക്കാമല്ലോ എന്ന ചിന്ത ഉദിച്ചതു്. തൽഫലമായി അദ്ദേഹം രചിച്ച ‘മഗ്ദലനമറിയം’ എന്ന പരമസുന്ദരമായ ഖണ്ഡകാവ്യം മലയാള സാഹിത്യത്തിനു് അമൂല്യമായ നേട്ടമായിത്തീർന്നു. ഈ പ്രുമിയോനിലും പുതിയനിയമത്തിലെ നാലു സുവിശേഷങ്ങളിലും 'അശുദ്ധമായ വ്യഭിചാരവൃത്തിയാൽ പങ്കിലമായ ആ വേശ്യാസ്ത്രീ'-യേശുവിന്റെ തൃപ്പാദത്തിൽ പരിമള തൈലം പൂശി തൂവാലയ്ക്കുപകരം തലമുടികൊണ്ടു തുവർത്തിയ സ്ത്രീ-മഗ്ദലേനമറിയമാണെന്നു പറയുന്നില്ല. മറിയ എന്നാണു് ആ സ്ത്രീയുടെ പേരെന്നും പറഞ്ഞിട്ടില്ല. മഹാകവിയും തന്റെ കാവ്യത്തിൽ നായികയുടെ പേരു പറയുന്നില്ല. എന്നാൽ കാവ്യത്തിലെ 'കേഴുക കേഴുക കേഴമാൻ കണ്ണാളെ,' എന്ന വരികളിൽ 'കേഴമാൻ കണ്ണാളെ' എന്നതു മാറ്റി 'മാന്യേമറിയമെ' എന്നു പിന്നീടുള്ള പതിപ്പുകളിൽ ചേർത്തിട്ടുണ്ടു്. പി. സി. കോരുതു് എഴുതിയിട്ടുള്ള 'മഗ്ദലനമറിയം-ഉത്ഭവ ചരിത്രം' എന്ന പുസ്തകത്തിൽ ഈ വസ്തുതകൾ വിശദമായി വിവരിച്ചിട്ടുണ്ടു്-പ്രസാധകൻ.

നും ഇരുട്ടിൽപെട്ടവർക്ക സ്വതേജസ്സാൽ കാഴ്ച നല്കു വാനും, വീണുപോയവരെ വമ്പിച്ച ശക്തിയാൽ എഴുന്നേല്പിക്കുവാനും, അശുദ്ധരെ സ്വവിശുദ്ധിയാൽ ശുദ്ധീകരിപ്പാനും ദൂരസ്ഥന്മാരെ സദയം പിതാവിന്റെ അടുക്കലേയ്ക്ക കൊണ്ടുപോകുവാനും ദുഷ്ടന്റെ നിഷ്ഠുരനുകത്തിന്നടിപെട്ട് ലൌകികങ്ങളായ മിഥ്യാവിചാരങ്ങളിൽ മുങ്ങിക്കിടക്കുന്നവരെ അവനിൽ നിന്നു ബലേന രക്ഷിപ്പാനും, മഹാപാപപീഡിതരെ കനിഞ്ഞ് ആശ്വസിപ്പിപ്പാനും വേണ്ടി കെട്ടതലോററവർ നിമിത്തം സ്വേച്ഛയാ ശ്രേഷ്ഠമായ ഉന്നതപദവിയിൽനിന്നു് ഇറങ്ങിവന്നു. ഇഹലോകത്തിലേയ്ക്കുപോലും കൊള്ളാവുന്നവരല്ലാത്ത ദരിദ്രരും പാപികളും അപരാധികളും നിരസിക്കപ്പെട്ടവരുമായ ഞങ്ങളുടെ അടുക്കൽ ഇവയും ഇവയെക്കാൾ മികച്ചവയും നിന്തിരുവടി പ്രവർത്തിച്ചു, ഈ വമ്പിച്ച കാര്യങ്ങൾക്കിടയിൽ ജുഗുപ്സാവഹമായ കഷ്ടത്തിൽ നിന്നു നാഥതോചിതമായ അരുളപ്പാടുകൊണ്ടു നിന്തിരുവടിയാൽ രക്ഷിതനും പരീശനുമായ ശമഓന്റെ ഭവനത്തിലേയ്ക്കു് അവരോടുകൂടി ഭക്ഷണത്തിനു ചെല്ലുവാൻ നിന്തിരുവടിക്കു ദയതോന്നി. അശുദ്ധമായ വ്യഭിചാരവൃത്തിയാൽ പങ്കിലയായ ആ പാപിസ്ത്രീയുടെ അടുക്കലേക്കു നിന്തിരുവടിയുടെ കരുണ ഉടനെ അഭിമുഖമായി ചെന്നു. നിന്തിരുവടിയുടെ സർവ്വതോമുഖമായ കൃപയുടേയും സാഹായ്യങ്ങളുടേയും മേന്മയെക്കുറിച്ചും നിന്തിരുവടിയുടെ അനുഗ്രഹങ്ങളെ ശരണീകരിക്കുന്ന അശുദ്ധസ്ത്രീകൾക്കു നിന്തിരുവടി ഉത്തമനും [illegible]വുമായ നാഥനെപ്പോലെ അപരാങ്മുഖനായി മനസ്സലിഞ്ഞു വേണ്ടതിലധികം ദാനംചെയ്യുന്നുവെന്നതിനെക്കുറിച്ചും കേൾക്കുകയാൽ അവരും മഹാർഹമായ തൈലത്തോടും പരിശുദ്ധമായ പശ്ചാത്താപത്തോടും നിർവ്യളീകമായ മഹാപശ്ചാത്താപത്തോടും ഊഷ്മളഭക്തിയോടുംകൂടി നി



ന്തിരുവടിയുടെ അടുക്കലേക്ക ധൈര്യസമേതം പാഞ്ഞുവന്നു. അവരും നിന്തിരുവടിയുടെ അനുഗ്രഹദ്വാരത്തിൽ ലജ്ജകൂടാതെ മുട്ടിവിളിച്ചു ശെമഓന്റെ ഭവനത്തിൽ അങ്ങയുടെ സന്നിധിയിലേയ്ക്കു് അവരും നിശ്ശങ്കം പ്രവേശിച്ചു. അമൂല്യമായ, അധർമ്മ്യമായ ദുർവ്യാപാരത്താൽ താൻ സമ്പാദിച്ചതായ മൂറോൻതൈലം അവരും നിന്തിരുവടിയുടെ മാഹാത്മ്യമുള്ള ശിരസ്സിൽ, തിരുമെയ്യിൽ, ഒഴുക്കമാറ്റ് ഒഴിച്ചു, എല്ലാ ലോകത്തിന്റെയും പാപം സ്വദേഹത്തിൽ വഹിപ്പാൻ ത്രാണിയുള്ള നിന്തിരുവടിയുടെ പരിശുദ്ധങ്ങളായ തൃപ്പാദങ്ങളെ അവരും അശുദ്ധങ്ങളായ കൈകൾകൊണ്ടു പിടിച്ചു, യാതൊരു മാലിന്യവുമില്ലാത്ത ഊഷ്മളസ്നേഹം നിമിത്തം കരഞ്ഞുകൊണ്ടു് അശുചിയായ അധരംകൊണ്ടു ചുംബിച്ചു. ദുഃഖംനിറഞ്ഞ കണ്ണുനീരുകൊണ്ടു് അവയെ അഭിഷേചിച്ചു. തുവാലയ്ക്കു പകരം തലമുടികൊണ്ടു തോർത്തി, സ്വദേഹത്തിന്റെ പാപമോചനത്തേയും പരിശുദ്ധിയേയും പ്രാർത്ഥിച്ച് ഇപ്രകാരം ഉണർത്തിച്ചു:-- 'എന്റെ നാഥ, മരുഭൂമിയിലെ കൊള്ളരുതാത്ത കൊള്ളക്കാരന്റെ കയ്യിൽപെട്ടിരിക്കുന്നവളും തൃക്കൈകൊണ്ടു സൃഷ്ടിക്കപ്പെട്ടവളുമായ സ്വദാസിയെ നിന്തിരുവടി കടാക്ഷിക്കേണമേ! ഉത്തമനായുള്ളോവേ അവളെ നാശം പററാതെ അവനിൽനിന്നു വേർപെടുത്തേണമേ! കെട്ടതലോററ ആടിനെ ഉദ്ദേശിച്ചുവന്ന നല്ല ഇടയനായുള്ളോവേ നിന്തിരുവടി ദയചെയ്തു. കെട്ടതലോററ ഈ പെണ്ണാടിനെ ആരാഞ്ഞുനോക്കി അതിനെ ദ്രോഹിക്കുന്ന ചെന്നായുടെ വായിൽനിന്നു പുറത്താക്കേണമെ! കൊത്തിവലിക്കുന്ന കഴുകനിൽനിന്നും ചതിവലയുടെ കുടുക്കിൽനിന്നും സൂത്രക്കാരനായ പ്രാപ്പിടിയന്റെ അടുക്കൽനിന്നും വീണ്ടെടുക്കേണമേ! അതിനെ നിന്തിരുവടിയുടെ പഞ്ജരത്തിൽ സാക്ഷാൽ പെൺപ്രാവും നിന്തിരുവടിയു

ടെ ഭവനത്തിൽ പാതിവ്രത്യമുള്ള ചണ്ഡാലിസ്ത്രീയെയും, നിന്തിരുവടിയുടെ ബലിപീഠത്തിന്നടുക്കൽ പ്രിയപ്പെട്ട കരിങ്കിസ്ത്രീയുമാക്കിത്തീർക്കേണമേ! പാപസമുദ്രത്തിലും ദോഷകയത്തിലും മുങ്ങിക്കിടക്കുന്ന അവളെ ഉദ്ധരിക്കേണമേ! നികൃഷ്ടയായ അവളെ അശുദ്ധികുണ്ടിൽനിന്നും ചളിനിറഞ്ഞ കാമക്കുഴിയിൽനിന്നു കരകയറ്റണമേ! അശുദ്ധരെ ശുദ്ധിപ്പെടുത്തുന്ന നിന്തിരുവടിയുടെ പരിശുദ്ധി അവളെ നിർമ്മലീകരിക്കുകയും ചെയ്യേണമേ! അവളുടെ വമ്പിച്ച അധർമ്മം തീരേ കഴുകിക്കളഞ്ഞു നിന്തിരുവടിയുടെ ദയ അവളുടെ പേരിൽ ഉറപ്പിക്കേണമേ! എന്റെ നാഥ, 'ഇസ്രായേൽ ഭവനത്തിൽ നിന്നു നശിച്ചുപോയ ആടുകളേയും പെണ്ണാടുകളേയും മുകളിലുള്ള എന്റെ തൊഴുത്തിലേക്കു കൊണ്ടുപോകാനാണു ഞാൻ വന്നിരിക്കുന്ന'തെന്നു നിന്തിരുവടി അരുളിച്ചെയ്തിട്ടുണ്ടല്ലോ! എന്റെ നാഥ, 'വിളിച്ചുകൊൾവിൻ, ഞാൻ വിളികേൾക്കു'മെന്നും, 'മുട്ടിക്കൊൾവിൻ ഞാൻ തുറക്കു'മെന്നും 'യാചിച്ചുകൊൾവിൻ കിട്ടു'മെന്നും, 'തിരഞ്ഞുകൊൾവിൻ, കണ്ടെത്തു'മെന്നും, നിന്തിരുവടി അരുളിച്ചെയ്തിട്ടുണ്ടല്ലോ! ഇതാ ഞാൻ നിന്തിരുവടിയുടെ വാതില്ക്കൽ മുട്ടുന്നു! നിന്തിരുവടിയുടെ കരുണയെ പ്രതീക്ഷിക്കുന്നു! വിളി കേൾക്കണമേ! നിലവിളിക്കുന്ന എന്നെ നോക്കി എന്റെ നെടുവീർപ്പുകളെ വീക്ഷിക്കേണമേ! ഞാൻ അടിമപ്പെട്ടതുകൊണ്ട് എന്റെ സർവ്വാപരാധവും ക്ഷമിക്കേണമേ എന്റെ നാഥാ ഇതാ എന്റെ ശത്രുക്കൾ എന്നെ തകർത്തുവിടാൻ നോക്കുന്നു, ഇതാ എന്നെ ദ്വേഷിക്കുന്നവൻ എന്നെ നശിപ്പിച്ചുകളവാൻ വെമ്പിക്കൊണ്ടിരിക്കുന്നു ലജ്ജയോടെ പുറത്തായ എന്നെ കണ്ട് അവൻ സന്തോഷിക്കുവാൻ ഇടവരരുതേ! ഞാൻ തൃക്കൺപാർക്കപ്പെടാതെ പുറത്തായതു കണ്ടിട്ട് അവൻ രസിക്കുമാറാകരുതേ! നിന്തിരുവടിയുടെ സങ്കേതത്തിൽ നിന്നു ഞാൻ ദുഃഖത്തോടെ



റായതു കണ്ടിട്ട് ആ വൻ പടയാളി തന്റെ വിജയോത്സവങ്ങളിൽ നൃത്തം ചെയ്യുമാറാകരുതേ! ഞാൻ അവനിൽ നിന്നു വേർപെടാതെ നിന്തിരുവടിയുടെ അടുക്കൽ നിന്ന് അകന്നതു കണ്ടിട്ട് അവൻ എന്നെക്കുറിച്ചു വിജയോത്സവം നടത്തുമാറാകരുതേ! അവന്റെ ചീറെങ്ങളിൽനിന്നു രക്ഷപ്പെട്ടിട്ടില്ലെന്നു കണ്ട് അവൻ എന്നെ അപഹസിക്കുമാറാകരുതേ! ഞാൻ അവന്റെ കെട്ടും കുടുക്കും അഴിച്ച് വലകൾ പൊട്ടിക്കാഞ്ഞതുകണ്ട് അവൻ എന്നെ അപഹസിക്കുമാറാകരുതേ! എന്റെ നാഥ, ഞാൻ നിന്തിരുവടിയുടെ അടുക്കൽ വന്നതിനാൽ എന്നെ കുറ്റപ്പെടുത്തുന്നവനായ അവന്റെ വരുതിയ്ക്ക് എന്നെ വിട്ടുകൊടുക്കരുതേ! ഞാൻ അവനിൽനിന്നു ബാഹ്യമായും ആന്തരികമായും പലതും സഹിച്ചു, നിന്തിരുവടിയെ പിന്തുടരുന്നതിൽ അവൻ എനിക്കു ഭയം ജനിപ്പിച്ചു. നിന്തിരുവടിയുടെ സങ്കേതത്തിൽ നിന്ന് അവൻ എന്നെ തനിച്ചാക്കി. നിന്തിരുവടിയുടെ ദർശനത്തിൽ നിന്ന് എന്നെ അവൻ ആവോളം പിന്തിരിപ്പിച്ചു. എന്റെ നാഥ, നിന്തിരുവടിയുടെ കരുണ കണ്ടു എന്നെ ഇനി അവന്റെ നിഷ്ഠുരകരത്തിൽ നിന്ന് അഴിച്ചുവിടണമേ! എന്റെ നാഥ, നിന്തിരുവടിയുടെ നന്മ തിരിച്ചറിഞ്ഞ എന്റെ പേരിൽ നിന്തിരുവടിക്കുള്ള പ്രജാവാത്സല്യത്തെ ദൃഢീകരിക്കേണമേ! അവൻ കണ്ടു ലജ്ജിക്കുന്നതിന്നായി എങ്കൽ നിന്തിരുവടിയുടെ സത്യമുദ്ര വെയ്ക്കേണമേ! അവൻ കണ്ട് ഓടുന്നതിന്നായി നിന്തിരുവടിയുടെ ചൈതന്യപ്രദമായ അടയാളം എന്റെ മേൽ കുറിക്കേണമേ! അവൻ വീണ്ടും എന്റെ നേരെ വരാതിരിപ്പാനായിട്ട് എന്നെ നിന്തിരുവടിയുടെ ആട്ടിൻകൂട്ടത്തിൽ കൂട്ടേണമേ! എന്റെ നികൃഷ്ടാവസ്ഥ കണ്ട് അവൻ രസിക്കരുതേ! അവൻ വീണ്ടും ദോഷം ചെയ്യാതിരിപ്പാൻ എന്നെ നിന്തിരുവടിയുടെ ആലയിലേയ്ക്കു തെളിക്കേണമേ! എന്റെ നാഥ, എല്ലാ അശുദ്ധിയും പുരണ്ടിരിക്കുന്ന ഒരു

പാപസ്ത്രീയാണ് ഞാൻ! ഞാൻ ധർമ്മിഷ്ഠയും വിശുദ്ധയും മാലിന്യമെല്ലാം നീങ്ങിയവളുമായിട്ടല്ലാതെ വന്ന പാടേ അശുദ്ധയായി നിന്തിരുവടിയുടെ സന്നിധിയിൽ നിന്നു തിരിയെ പോകുമാറാകരുതേ! എന്റെ നാഥാ, നിന്തിരുവടിയെ ദർശിച്ചവരെല്ലാം വിശ്വാസികളായി തീർന്നിരിക്കുന്നു! എന്റെ നാഥാ ഞാനും അപ്രകാരമാകേണമേ! എന്റെ നാഥാ, ഞാൻ ഇപ്പോൾ മുതൽ എന്നന്നേയ്ക്കും ഭവദീയയാകേണമേ നിന്തിരുവടിയുടെ അനുഗ്രഹീതാവായ പിതാവിനും ചൈതന്യപ്രദനായ റൂഹായ്ക്കും വിശുദ്ധ ദൂതന്മാർക്കും എന്റെ പേരിൽ പ്രസാദം തോന്നിയ്ക്കേണമേ! നാഥാ, അവളെപ്പോലെ ഞങ്ങളും നിന്തിരുവടിയോട് അപേക്ഷിക്കുന്നു. അവളെപ്പോലെ സ്വഭാവം തീരെ മാറി ദു:ഖം നിറഞ്ഞ കണ്ണുനീരോടും, നിലവിളി നിറഞ്ഞ പ്രാർത്ഥനയോടും നിർവ്യാജമായ ഖേദത്തോടും നിർവൃതികരമായ വിശ്വാസത്തോടും, അനിന്ദ്യമായ ആശയോടും നിഷ്കപടമായ സ്നേഹത്തോടും നിർമ്മലമായ പ്രേമത്തോടും കൂടി യഥാർത്ഥമായ പശ്ചാത്താപംത്ത നിന്തിരുവടിയുടെ അടുക്കൽ നിവേദിപ്പാൻ ഞങ്ങളേയും പരിശുദ്ധസഭയുടെ എല്ലാ സന്താനങ്ങളേയും യോഗ്യരാക്കേണമേ! 'സ്ത്രീ നീ പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ ജീവിപ്പിച്ചു. നിനക്ക് എങ്കൽ അതിയായ ഭക്തി തോന്നിയല്ലോ. അതിനാൽ നിന്റെ പാപങ്ങളെ ഞാൻ ക്ഷമിച്ചിരിക്കുന്നു' എന്നിങ്ങനെ അവളോടു സസ്നേഹം അരുളിച്ചെയ്ത ആ അനുഗ്രഹപൂർണ്ണമായ മധുരശബ്ദം നിന്തിരുവടിയിൽനിന്നു കേൾക്കുവാൻ ഞങ്ങൾക്കു സംഗതിവരേണമേ അവളെപ്പോലെ ഭവൽസന്നിധിയിൽ നിന്നു പാപബാഹുല്യം നീങ്ങി മനം കുളിർത്താനന്ദിച്ചു പോകാൻ ഞങ്ങൾക്കു സംഗതിയാകേണമേ! അങ്ങയ്ക്കു ഞങ്ങളുടെ പേരിലുള്ള സകല കൃപകൾക്കും വേണ്ടി ഞങ്ങൾ അങ്ങയ്ക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും കീർത്തനവും ആദരവും മേല്ക്കുമേൽ ഉന്നയിപ്പിക്കുമാറാകേണമേ! ഹോശോ......



## ഒമ്പതാംമണി

### പ്രുമിയോൻ

ജീവന്റെ തത്വമായ നിന്തിരുവടിക്കു സ്തുതി! നിന്തിരുവടിക്കു കീർത്തനം!! നിന്തിരുവടി തന്റെ ഇടവകയ്ക്കു ശ്രേയസ്കരങ്ങളായ തത്വോപദേശങ്ങളെ നൽകി, സ്വരക്തംകൊണ്ടു പുതിയധർമ്മശാസ്ത്രത്തെ എഴുത്തി പരിണിനീഷിതയായ സഭയ്ക്കു പ്രദാനം ചെയ്തു. ജീവപ്രവർത്തകമായ സ്വദേഹത്തെ അവിടുന്നു സ്വന്തം ആടുകൾക്കു ഭക്ഷിപ്പാനായി കൊടുത്തു, ചൈതന്യപ്രദമായ രക്തം ആട്ടിൻകൂട്ടത്തിനു കുടിപ്പാനും കൊടുത്തു. തനിയ്ക്കിഷ്ടമായ വിനയത്തിന്റെ ആദർശം അവിടുന്നു പ്രിയപ്പെട്ട പന്തിരുവരെ കാണിച്ചു, മോശ നിന്തിരുവടിയുടെ ഉപമാനമാക്കിക്കാണിച്ച ആട്ടിൻകുട്ടിയെക്കൊണ്ടു നിന്തിരുവടി പഴമയെ അവസാനിപ്പിച്ചു. തന്റെ വിശുദ്ധ ദേഹഛേദനത്താൽ പുതുമകൾ ആരംഭിച്ചു. ഞങ്ങളും സ്വർഗ്ഗത്തിലെ സർവ്വസ്വമായ നിന്തിരുവടിയെക്കൊണ്ടു ആനന്ദിച്ചും ആനന്ദകരമായ നിന്തിരുവടിയുടെ പെസഹാ പെരുന്നാളിൽ ഉല്ലസിച്ചും നിന്തിരുവടിക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും. സ്തുതിയും കീർത്തനവും ഈ നേരത്തും....ഉന്നയിപ്പിക്കും,

### സെദറാ

ആനന്ദകരമായ പെസഹായും, ദു:ഖതാരകനും ജീവന്റെയും സത്യത്തിന്റെയും തത്വവും സന്ധ്യയ്ക്കു കഴുത്തറുത്തു രക്തം വാതിലിന്മേൽ തളിച്ചതിനാൽ സംഹാരകനിൽ നിന്നു ലോകത്തെ രക്ഷിച്ച മരണത്തിൽ നിന്നു

വീണ്ടെടുത്ത ആട്ടിൻകുട്ടിയെക്കൊണ്ടു ദീർഘദർശിയായ മോശ, മിസ്രയിമിൽവെച്ചു രൂപപ്പെടുത്തി കാണിച്ചവനായ ഞങ്ങളുടെ മശിഹാതമ്പുരാനെ, ലോകങ്ങളുടെ പാപത്തെ വഹിച്ച ദൈവത്തിന്റെ ആട്ടിൻകുട്ടിയായ നിന്തിരുവടിയാലല്ലാതെ, മോശയുടെ ആട്ടിൻകുട്ടിയാൽ ലോകത്തിനു രക്ഷ കിട്ടുകയുണ്ടായില്ല. എന്നാൽ നിന്തിരുവടി ഈ സൂചനയെ നിറവേറ്റി പഴയ നിഴലുകളെ നീക്കി, കായില്ലാമരമായ ധർമ്മാനുശാസനം പറിച്ചു കളഞ്ഞു. നിന്തിരുവടി പരിശുദ്ധ ശിഷ്യരോടൊന്നിച്ച് ആട്ടിൻകുട്ടിയെ ഭക്ഷിച്ചശേഷം തന്നെത്താൻ താഴ്ത്തി അവരുടെ കാൽ കഴുകിച്ചു. ആട്ടിൻകുട്ടിയെ ഭക്ഷിച്ചതിനാലും കാൽ കഴുകിച്ചതിനാലും പഴയവയെ മായ്ച്ചു കഴുകിക്കളഞ്ഞതായും നിഴൽ പോയി അതിനു പകരം സത്യം പ്രവേശിച്ചതായും നിന്തിരുവടി ബോധപ്പെടുത്തി സ്വവിനയത്തിന്റെ ആദർശം ശിഷ്യർക്കു കാട്ടിക്കൊടുത്തു. തദ്വാരാ താൻ കൊല്ലപ്പെടുമെന്ന രഹസ്യം അവർക്കു മനസ്സിലായി. ആ രഹസ്യമായിരുന്നുവല്ലോ അത്താഴം. അതുവഴിയായി പുതിയ ധർമ്മസിദ്ധാന്തം ശിഷ്യർക്കുപദേശിച്ചു. അതുവഴി വഞ്ചകശിഷ്യനെ വെളിപ്പെടുത്തി. പ്രധാനശിഷ്യൻ നിന്തിരുവടിയെ അവൻ അറികയില്ലെന്നു ഉപേക്ഷിപ്പാനും ആണയിടാനും ഒരുങ്ങി. അപ്പം പരിശുദ്ധങ്ങളായ തൃക്കരങ്ങളിൽ എടുത്തു ഭാഗിച്ചു കൊടുത്തു ലോകജീവനു വേണ്ടി ഗോഗുൽത്താമേൽവെച്ചു നടത്താനു പോകുന്ന സ്വദേഹബലിയെ നിന്തിരുവടി കാണിച്ചു. ചഷകത്തിൽ വീഞ്ഞും വെള്ളവും കലർത്തി നിന്തിരുവടിയുടെ പരിശുദ്ധമായ പാർശ്വത്തുനിന്നൊഴുകുന്ന ചോരയും നീരും ലോകത്തിന്റെ പാപത്തെ കഴുകിക്കളയുമെന്നും 'ഇതു എന്റെ മരണത്തിന്റെ സ്മർണ്ണക്കായി നിങ്ങൾ ചെയ്‌വിൻ!' എന്നും അരുളിച്ചെയ്തു. ധൈര്യപ്രദമായ സ്



ദേഹത്തെ ഞങ്ങൾക്കു ഭക്ഷിപ്പാൻ തന്ന അങ്ങയ്ക്കു സ്തുതി! സ്വേച്ഛയാ മരിപ്പാനായി വന്ന അങ്ങയ്ക്കു സ്തുതി! ഞങ്ങൾക്കുവേണ്ടി കുരിശിന്മേൽ തൂക്കപ്പെട്ട അങ്ങയ്ക്കു സ്തുതി! ഇപ്രകാരമിരിക്കുന്ന അങ്ങയോടു ഞങ്ങൾ ഇങ്ങിനെ പ്രാർത്ഥിക്കുന്നു:—ഞങ്ങൾ വൃത്തിയോടും ശുദ്ധിയോടുംകൂടി അങ്ങയുടെ ധർമ്മോപദേശങ്ങളിൽ ചേരുന്നതിനു യോഗ്യരാകേണമേ! നിന്തിരുവടി പീഡയേറ്റ് ഉറക്കമിളച്ച ഈ രാത്രിയിൽ ഞങ്ങൾ ഉന്മേഷത്തോടും ശുഷ്കാന്തിയോടുംകൂടി പീഡയേറ്റുറക്കമിളയ്ക്കേണമേ. ഞങ്ങളുടെ ഹൃദയത്തിലെ അധർമ്മം കഴുകിക്കളയേണമേ! ഞങ്ങളുടെ അന്തരാത്മാവു പാപപങ്കം നീങ്ങി പരിശുദ്ധമാകേണമേ! ഞങ്ങളുടെ വിചാരങ്ങൾ എല്ലാ മാലിന്യവും കളങ്കവും വിട്ടു സ്വച്ഛങ്ങളായി ഭവിക്കേണമേ! ഞങ്ങൾ ധർമ്മോപദേശത്തിന്റെ ദായാദികളും ധർമ്മോപദേശങ്ങളെ കാത്തു രക്ഷിക്കുന്നവരുമാകേണമേ! യൂദരുടെ മത്സരമന്ത്രണത്തിൽ ചേർന്നു ധാർഷ്ട്യത്താൽ ഭയങ്കരമായ കൂടാശയ്ക്കു വന്നു കപടചുംബനം കൊണ്ടു നിന്തിരുവടിയെ ഏല്പിച്ചുകൊടുത്ത യൂദായെപ്പോലെ ഞങ്ങൾ അവരുടെ മത്സരമന്ത്രണത്തിൽ ചേർന്നവരാകരുതേ! ഉറ്റ ഐക്യത്തോടുകൂടി അങ്ങയ്ക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും കൃതജ്ഞതയും സ്തുതിയും സമർപ്പിപ്പാൻ അർഹരായിത്തീരുകയല്ലാതെ ഈ കൃപയ്ക്ക് അനർഹനായി ഒരുത്തനും ഞങ്ങളിൽ ഉണ്ടായിവരരുതേ! മഹാശേ......

### ഏത്രോ

സ്വബലിയാൽ ഭൂമിയിൽ സകല ബലികളും വിഗ്രഹാരാധനയിലെ പാനീയനിവേദ്യവും നിർത്തൽ ചെയ്തവനും തന്റെ പീഡയാൽ മനുഷ്യരുടെ പീഢകൾ തീർത്തവനും പറുദീസായിൽ വെച്ചു ഞങ്ങളുടെ പിതാവായ ആദാമിനെ കൊന്നവനെ കുരിശുകൊണ്ടു വധിച്ചവനും തന്റെ പുനരുത്ഥാനത്താൽ പാപപതനത്തിൽനിന്നു ഞങ്ങളെ എഴുന്നേല്പിച്ചവനുമായ പുഷ്ടിയുള്ള വൃക്ഷമേ! നാഥനായ അങ്ങയ്ക്കു നിസ്സാരരായ ഞങ്ങൾ സമർപ്പിച്ച ഈ സുഗന്ധധൂപം കൈക്കൊണ്ടു ഞങ്ങളിൽ നിന്നു ശത്രുതയും ശണ്ഠയും തർക്കവും അകററണമേ! ഞങ്ങളുടെ നാഥാ, ദൈവമേ, മശിഹായേ അങ്ങയുടെ അവിഛിന്നമായ ശമവും പ്രസാദവും ഞങ്ങളിൽ എന്നെന്നും നിലനില്ക്കേണമേ!

# വെള്ളിയാഴ്ച

(വ്യാഴാഴ്ച സന്ധ്യ)

## പ്രാരംഭപ്രാർത്ഥന

നാഥാ, ഞങ്ങളുടെ ശരീരങ്ങളെ ശുചിത്വംകൊണ്ടും ആത്മാക്കളെ വിശ്വാസംകൊണ്ടും വിചിന്തകളെ ആധ്യാത്മികജ്ഞാനംകൊണ്ടും ആയുധംധരിപ്പിക്കേണമേ! ശാന്തങ്ങളായ വിശുദ്ധ വിചാരങ്ങളാലും വിനീതങ്ങളായ സദാചാരങ്ങളാലും കൗടില്യമില്ലാത്ത ശ്രേഷ്ഠവ്യാപാരങ്ങളാലും ഞങ്ങൾ അങ്ങയുടെ സ്വർഗ്ഗീയമേശയോടു സമീപിക്കുവാനും ഞങ്ങളുടെ ആയുഷ്കാലം മുഴുവനും അങ്ങയുടെ അമരണത്വപ്രദമായ തിരുമെയ്യിലും തിരുരക്തത്തിലും പങ്കുകൊള്ളുവാനും അർഹരാക്കേണമേ!

### പ്രുമിയോൻ

സ്തോത്രയാഗ ബലിയും പുരോഹിതനുമായിത്തീർന്നവനും ബലികളെ അംഗീകരിക്കുന്നവനും മഹാപുരോഹിതനാഥനും ഉപമകളെ നിറവേററുന്നവനും രഹസ്യങ്ങൾക്കു മുദ്രവയ്ക്കുന്നവനും ഇന്നു സന്ധ്യയ്ക്കു മോശയുടെ അന്ത്യോക്തിയെ നിറവേററിയവനും എല്ലാവർക്കും വേണ്ടി തന്നെത്തന്നെ പിതാവിനു കൈക്കൊള്ളപ്പെട്ട കാണിക്കയായി സമർപ്പിച്ചവനും താൻ ജീവിച്ചിരിക്കെ സ്വശരീരത്തെ സ്വന്തം കൈകൾകൊണ്ടുതന്നെ മേശപ്പുറത്തു വെച്ചു വിഭജിച്ചു രക്തത്തോടുകൂടി ശിഷ്യർക്കു നല്കിയവനും അറിയപ്പെടാവതല്ലാത്ത വിസ്മനീയനുമായ തന്തിരുവടിക്കു സ്തുതി! തന്തിരുവടിക്കു......

## സെദറാ

പുണ്യമഹാസൂര്യനും ഇഹലോകത്തിലേയ്ക്ക വരുന്ന
എല്ലാ മനുഷ്യരേയും പ്രകാശിപ്പിപ്പാൻ പിതാവിൽനിന്നു
പുറപ്പെട്ട അനാദ്യന്തമായ സത്യപ്രകാശവും തൻെറ ജ്ഞാ
നപ്രകാശത്താൽ സർവ്വത്തേയും നിറയ്ക്കുന്നവനും കാല
ത്തിൻെറ സന്ധ്യയിൽ വഴിതെറ്റിത്തിരിപ്പാൻ ഇരുട്ടിൽ
പെട്ടവർ വെളിച്ചം നൽകുവാനായി ദേഹമെടുത്ത് ഇറങ്ങി
വന്നവനുമായ ഞങ്ങളുടെ മശിഹാതമ്പുരാനേ, നിന്തിരുവടി
ഈ പെസഹാസന്ധ്യയാകുന്ന ധർമ്മാനുശാസനസന്ധ്യ
യിൽ ധർമ്മാനുശാസനീയങ്ങളെ സ്വദേഹത്താൽ അവ
സാനിപ്പിച്ചു. ജീവൻെറ സുചരിതത്തിൽ പ്രകാശം ഉദി
പ്പിച്ചു. മോശ മിസ്രയീമിൽവെച്ച സന്ധ്യയ്ക്ക ഭുജി
പ്പെടുത്തിയിരുന്നതിനെ നിന്തിരുവടി തൻെറ ശോഭായമാ
നമായ സന്ധ്യാസമയത്തു ശരിക്ക വിവരിച്ചു കാണിച്ചു.
ഈ സന്ധ്യയിൽ തൻെറ ദൈവത്വത്തിൻെറ ആനന്ദകര
മായ ഭംഗിയാൽ എല്ലാററിനേയും ആനന്ദിപ്പിക്കുന്ന പെ
സഹയായ നിന്തിരുവടി സ്വശിഷ്യരൊന്നിച്ചു ധർമ്മാനു
ശാസനത്തിലെ പെസഹ ആഗ്രഹത്തോടെ ഭക്ഷിച്ചു. ഇന്നു
സന്ധ്യയ്ക്ക ലോകത്തിൻെറയെല്ലാം പാപം കളയു
ന്ന ദൈവത്തിൻെറ ആട്ടിൻകുട്ടിയായ അവിടുന്നു സ്വശി
ഷ്യരൊന്നിച്ചു ധർമ്മാനുശാസനത്തിലെ ആട്ടിൻകുട്ടിയെ
കയ്പിലകളോടുകൂടി ഭക്ഷിച്ചവസാനിപ്പിച്ചു. കയ്പു
ള്ള മരണചഷകം കയ്ക്കൊള്ളുവാൻ നിശ്ചയിച്ചു. രണ്ടു
ധർമ്മാനുശാസനകളുടേയും അതിർത്തിയായ ഈ സന്ധ്യ
യ്ക്ക നിന്തിരുവടി പഴയവ നീക്കിക്കളഞ്ഞു പുതിയവ
ആരംഭിച്ചു. ഇന്നു സന്ധ്യയ്ക്കു പ്രജാവൽസലനായ നി
ന്തിരുവടി സ്നേഹത്താൽ തൻെറ വിശുദ്ധ ശിഷ്യരു
ടെ കാൽ കഴുകിച്ച് അരയിൽ കെട്ടിയിരുന്ന തുവാല
കൊണ്ടു തോർത്തിത്തുടച്ച് ഈ ഉത്തമ മാതൃകയെ അവർ
ക്കു പ്രദാനം ചെയ്തു. സൗഹാർദ്ദജനകമായ സൌശീ
ല്യം പഠിപ്പിച്ചുകൊണ്ട് അതിയായ താഴ്മയാൽ അത്യു



ന്നതിയുടെ ഉത്തമമാർഗ്ഗം കാണിച്ചുകൊടുത്തു. ഈ സന്ധ്യ
യിൽ ചൈതന്യപ്രദമായ സ്വദേഹത്തെ പരിശുദ്ധങ്ങളാ
യ സ്വഹസ്തങ്ങളാൽകൊണ്ടു ശിഷ്യർക്കു ഭാഗിച്ചുകൊടു
ത്തു ഭക്ഷിക്കുകയും തൻെറ നാഥരക്തം ചേർത്തു കൊടു
ത്തു കുടിപ്പിക്കുകയും ചെയ്തു. താൻ വേൾക്കാൻ നിശ്
ചയിച്ച വിശുദ്ധ സഭയ്ക്കു പുതിയധർമ്മാനുശാസനം
സ്ഥിരീകരിച്ചു. ഇന്നു സന്ധ്യയ്ക്ക മുക്കിയ അപ്പം
കൊണ്ടു വഞ്ചകനായ യൂദായെ വെളിപ്പെടുത്തി അവൻെറ
അഹങ്കാരം പരമാർത്ഥികളായ ശിഷ്യർക്ക മനസ്സിലാക്കി
ക്കൊടുത്തു. ഇന്നു സന്ധ്യയ്ക്ക മിണ്ടാപ്രാണികളെ ബ
ലിക്കത്തിയിൽനിന്നു രക്ഷിച്ചു. ചൈതന്യപ്രദമായ സ്വ
ദേഹഛേദത്താൽ ബലികർമ്മം നിർത്തൽ ചെയ്തു. ഇ
ന്നു സന്ധ്യയ്ക്ക നിഴലുകളേയും അന്യാകൃതികളേയും
നിശ്ശബ്ദീകരിച്ചു, തെളിഞ്ഞ സത്യത്തെ വെളിപ്പെടു
ത്തി ഞങ്ങളുടെ മുമ്പാകെ വെച്ചു. ഇന്നു സന്ധ്യയ്ക്ക
ലേവിക്ക ബലികർമ്മജോലി ഇല്ലാതാകുകയും അഹ
റോൻ അവൻെറ ശാന്തികബലികം വിട്ടു വിശ്രമിക്കുക
യും ചെയ്തു, ഇന്നു സന്ധ്യയ്ക്ക അങ്ങുന്നു പുരോഹിത
സ്ഥാനം കൊടുത്ത ശെമഓൻ മുതലായ വിശിഷ്ടന്മാർ
ഭൂമിയിലെ ജാതികൾക്ക ജീവനുള്ള അങ്ങയുടെ ശരീരം
വിഭജിച്ചു കൊടുപ്പാനും അങ്ങയുടെ നിർദ്ദോഷമായ രക്തം
കുടിപ്പിപ്പാനും ദൈവ
കുടുംബങ്ങളേയും വർഗ്ഗങ്ങളെയും
തൻെറ 'ഭണ്ഡാരം' വിചാരിപ്പുകാരായി. ഇതാ, ഇന്നു
സന്ധ്യയ്ക്കതന്നെ നിന്തിരുവടിയുടെ ആജ്ഞയാൽ
എല്ലാ ദിഗന്തങ്ങളിലും ഋണങ്ങളുടേയും പാപങ്ങളുടേയും
മോചനത്തിന്നായി അതു നല്കപ്പെടുന്നു. പുതിയതും പ
രിശുദ്ധവുമായ ഏവൻഗേലിയോൻ എന്ന സത്യസുച
രിതത്തിനു പ്രചരിപ്പാൻ സൗകര്യമുണ്ടാകുന്നതിനു ഛായാ

പ്രായമായ ധർമ്മാനുശാസനത്തെ അകമേയ്ക്കു യാത്രയയച്ച ഈ വിസ്മയമായ സന്ധ്യാസമയത്തു ഞങ്ങളുടെ മശിഹാനാഥനായ നിന്തിരുവടിയോടു ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ:—ഞങ്ങൾ ദുഃഖത്തിൽനിന്നും ക്രോധത്തിൽനിന്നും അസൂയയിൽനിന്നും വേർപെടേണമെ! ഞങ്ങളുടെ വിചാരങ്ങളിൽ മത്സരക്കെട്ടുതലും സ്കറിയോത്തായുടെ വഞ്ചനയും ഇല്ലാതാകുന്നമെ! ഗുണങ്ങളേയും പാപങ്ങളേയും കുറിച്ചുള്ള പ്രശസ്തമായ പശ്ചാത്താപത്താൽ വെട്ടപ്പോടെ ക്ഷാളിതങ്ങളായി ഞങ്ങളുടെ വിചാരങ്ങൾ നിർമ്മലീകരിക്കേണമേ! അന്യോന്യസ്നേഹവാത്സല്യത്താൽ ഞങ്ങളുടെ ആത്മാക്കൾക്കു ദൈവികബന്ധനം സിദ്ധിക്കേണമെ! ചൈതന്യപ്രദമായ അങ്ങയുടെ കുദാശകളാൽ ഞങ്ങൾക്കു ഗുണവും പാപവും നീങ്ങുകയും, അഴുക്കും ചെളിയും മലിനതയും വാട്ടു ദേഹാത്മാക്കൾ നിർമ്മലീഭവിക്കുകയും ചിത്തവൃത്തികൾ ഉറപ്പുള്ള ഉൽകൃഷ്ടജ്ഞാനത്തിലേയ്ക്കുയർന്നു പ്രവേശിച്ച ദൈവികങ്ങളായ കിരണങ്ങളും കാന്തികളും കൊണ്ടു തിളങ്ങുകയും ചെയ്യേണമേ! ഞങ്ങൾക്കു ശിക്ഷാവിധിയും പാപവും ദോഷവും പററാതിരിപ്പാൻ അങ്ങയുടെ ദൈവികോപദേശങ്ങളുടെ കിരണങ്ങളാലും കാന്തികളാലും ഞങ്ങളുടെ ചിത്തവൃത്തികൾ ഉജ്ജ്വലിക്കേണമേ! ഇങ്ങിനെ വൃത്തിയോടും ശുദ്ധിയോടുംകൂടി സംഭ്രമജനകമായ ദൈവികമേശയോടു സമീപിപ്പാൻ ഞങ്ങളെ അങ്ങുന്നു് അർഹരാക്കേണമേ! ഞങ്ങൾ എപ്പോഴും നിന്തിരുവടിയിങ്കലും നിന്തിരുവടി ഞങ്ങളിലും വസിക്കുമാറാകേണമേ! ഞങ്ങളെല്ലാം ഒരുപോലെ എന്നേന്നേയ്ക്കും അങ്ങയുടെ ഏക പിതാവിന്റെ ഉററ ആളുകളായി തീരേണമേ! ഞങ്ങൾ അങ്ങയ്ക്കും പിതാവിന്നും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ! ഹാശോ......



## എത്രോ

ഞങ്ങളുടെ മശിഹാതമ്പുരാനേ, ഈ സുഗന്ധധൂപം അങ്ങേക്കു സമർപ്പിച്ചു് അങ്ങയുടെകരുണയോടു ഞങ്ങൾ യാചിക്കുന്നതെന്തെന്നാൽ:—പഴമയുടെ അവസാനവും, പുതുമയുടെ ആരംഭവുമായ പെരുന്നാൾ അങ്ങയ്ക്കായി ശുദ്ധിയോടെ കൊണ്ടാടുവാനും ആത്മാക്കളിൽ തിരുമെയ്യും നിർദ്ദോഷമായ തിരുരക്തവും കലർത്തുവാനും ഞങ്ങളെ അർഹരാക്കേണമേ! അതു ഞങ്ങളുടെ സർവ്വലംഘനങ്ങൾക്കും പരിഹാരവും വിശ്വാസികളായ പരേതർക്കു് ആശ്വാസവും വരുത്തേണമേ! ഞങ്ങളും അവരും നിന്തിരുവടിക്കും പിതാവിന്നും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ!

## സൂത്താറാ

## പ്രുമിയോൻ

ണ ഖ മൌനമായി വിധിയേററ ഞങ്ങളുടെ ശിക്ഷാവിധിയെ അകററിയ ന്യായാധിപതിയും തിരുവുടൽ പ്രഹരത്തിനും കവിൾത്തടങ്ങൾ മർദ്ദനത്തിനും നൽകി പ്രഹരമേററു ഞങ്ങളുടെ അപരാധം തീർത്തവനും പീഡയേററു ഞങ്ങളുടെ പീഡകളെ പീഡിപ്പിച്ചവനും സ്വന്തം കിരീടത്താൽ ഞങ്ങൾക്കുള്ള ശാപത്തെ വഹിച്ചവനും കൊലയേററു ഞങ്ങളെ കൊലചെയ്യുന്നവനെ ഓടിച്ചവനും മരണമേററു ഞങ്ങളുടെ മരണത്തെ മരിപ്പിച്ചവനുമായ തന്തിരുവടിക്കു സ്തുതി! തന്തിരുവടിക്കു്......

## സെദറാ

തന്റെ സുപ്രസാദത്താലും, തത്വാവസ്ഥയിൽ തിന്നിക്കു സദൃശനായ പരിശുദ്ധറൂഹായുടെ പ്രേരണയാലും,

യാതൊരു വ്യത്യാസവും കൂടാതെ ഞങ്ങളുടെ സ്വാഭാവിക
ദേഹം കൈക്കൊണ്ടവനായി പിതാവിന്റെ ഏകജാതനാ
യി വചനമായിരിക്കുന്ന ദൈവമേ, നിന്തിരുവടിക്കു
സ്തുതി! നിന്തിരുവടി പാപം ഒന്നൊഴികെ മറ്റെല്ലാ
റ്റിലും ഞങ്ങൾക്കു സദൃശനായി. ദൈവത്വവും മനുഷ്യത്വവും
പൂണ്ടു ഞങ്ങളുടെ ഇടയിൽ പെരുമാറി. പീഡയാലും മര
ണത്താലും രക്ഷാകരമായ എല്ലാഭരണത്തിന്റെയും പൂർണ്ണ
തയാലും മനുഷ്യരായ ഞങ്ങൾക്കു് ഞങ്ങളുടെ അപരാധ
ത്തിനു തികച്ചും പ്രതിവിധി ചെയ്തു. നിന്തിരുവടി മര
ണത്തെയും സാത്താനെയും പാപത്തെയും അകറ്റി പുതി
യ ജീവങ്കലേയ്ക്കുള്ള പ്രവേശവും ഞങ്ങൾക്കു നല്കി.
നിർദ്ദോഷമായ സ്വരക്തത്താൽ പുതിയ ധർമ്മശാസ്ത്രം
എഴുതിത്തരുവാനായിട്ടു ശരിയായ കൃത്യത്തോടെ അങ്ങുന്നു
രക്ഷാകരമായ പീഡാനുഭവത്തിനൊരുങ്ങി: ഞങ്ങളെ
രക്ഷിപ്പാനായി സത്യവിരോധികളും ആകൽക്കറു സായു
ടെ സാക്ഷാൽ ഭവനക്കാരുമായ യൂദരുടെ ക്രൂരതയാൽ കീ
ഴ്വണക്കവും പീഡയും അപമാനവും നിന്ദയും പരിഹാ
സവും നിന്തിരുവടി ഏറ്റു സഹിച്ചു. ആജ്ഞാലംഘന
ത്താലുള്ള ശിക്ഷാവിധിയിൽനിന്നു് ആദാമിനെ വേർപെ
ടുത്തുവാൻ വേണ്ടി അങ്ങുന്നു തന്റെ അനുകമ്പാതിരേകത്താ
ലുള്ള ശിക്ഷാവിധിയിയിൽ നിന്നു് ആദാമിനെ വേർപെ
ടുത്തുവാൻ വേണ്ടി അങ്ങുന്നു തന്റെ അനുകമ്പാതിരേക
ത്താലും കാരുണ്യസമൃദ്ധിയാലും കുറ്റക്കാരനായ അവ
നു പകരം അതു സഹിപ്പാൻ ഇന്നു സ്വേഛയാ എഴുന്നള്ളി
വൻ സ്വദാസനായ മോശമിശയിമിൽ വെച്ചു മുൻകൂട്ടി
കുറിച്ചു രക്ഷാപൂർണ്ണമായ യഥാർത്ഥചിത്രത്തെ അങ്ങുന്നു
മുൻകൂട്ടി അറിയിച്ചു തിരുമെയ്യാൽ കാണിച്ചു: തന്റെ പ
രിശുദ്ധ സഭയോടുള്ള ഐശ്വര്യപ്രദങ്ങളായ പ്രതിജ്ഞ



കളും തത്വങ്ങളും നിറഞ്ഞ മാളികയിൽവെച്ചു് അതിനെ
രക്ഷാകരമായ ആ സന്ധ്യയ്ക്കു ശ്ളീഹാസമക്ഷം നിറ
വേറ്റി. അങ്ങുന്നു പഴമയെ ആട്ടിൻകുട്ടിയിൽ അവസാനി
പ്പിച്ചു പുതുമയെ അപ്പത്തിൽ ആരംഭിച്ചു. രഹസ്യപൂർണ്ണ
മായ അത്താഴത്തിൽ വെച്ചു ശരീരവും രക്തവും തന്നതി
നാൽ അങ്ങുന്നു ഞങ്ങൾക്കു ഋണമോചനത്തിനുള്ള ഭക്ഷ്യ
വും പാനീയവുമായിത്തീർന്നു. വഞ്ചക ശിഷ്യനു ചുംബി
പ്പാൻ അങ്ങുന്നു സ്വശിരസ്സിനെ ചായ്ച്ചു കൊടുത്തു. ശപി
ക്കപ്പെട്ട യൂദന്മാർ നിന്തിരുവടിയെ പിടികൂടി. കഠിന
ശിക്ഷയിൽനിന്നും ന്യായവിധിയിൽനിന്നും ഞങ്ങളെ
വീണ്ടെടുപ്പാൻ നിന്തിരുവടി സ്വേഛയാ കീഴടങ്ങി. കുരി
ശാരോഹണമാകുന്ന അപമാനമേല്പാൻ എഴുന്നള്ളി, ആ
റാം ദിവസം ഞങ്ങൾക്കുവേണ്ടി ന്യായസ്ഥലത്തു ചെ
ന്നുനിന്നു. ഞങ്ങളെ പാപദാസ്യത്തിൽനിന്നും ശിക്ഷയിൽ
നിന്നും വേർപെടുത്തുവാൻ നിന്തിരുവടി ധൃഷ്ടനായ
ദാസനിൽനിന്നു ചെകിട്ടത്തടിയേറ്റു, ഒരു കുറ്റക്കാരനെ
പ്പോലെ വിധിയേറ്റു ഞങ്ങളുടെ കുറ്റം തീർത്തു. ന്യായാ
ധിപനായ പീലാത്തോസ് നിമിത്തം ചമ്മട്ടികൊണ്ടു് അ
ടിയേറ്റു് കുറ്റക്കാരനായ ഞങ്ങളുടെ കുടുംബത്തലവന്റെ
കുറ്റത്തിനു പ്രതിവിധി ചെയ്തു. ഈ വെള്ളിയാഴ്ച
ദിവസം അശുദ്ധരിൽനിന്നു തിരുമുഖത്തേറ്റ തുപ്പലി
നാൽ ആജ്ഞാലംഘനം മൂലം പറ്റിക്കൂടിയിരുന്ന നി
ന്ദ്യമായ ലജ്ജയെ ഞങ്ങളുടെ എല്ലാവരുടേയും മുഖത്തുനി
ന്നു ദൂരീകരിച്ചു. ശപിക്കപ്പെട്ട ഘോരസർപ്പത്തിന്റെ
അസൂയയാൽ മരത്തോപ്പിൽവെച്ചു ഞങ്ങൾ അഴിച്ചുകള
ഞ്ഞ പരിശുദ്ധറൂഹായെ വീണ്ടും അണിയിക്കുന്നതിനു
നിന്തിരുവടി യൂദരുടെ അപമാനമരമായ അധിക്ഷേപ
ത്താൽ പുറവപ്പുവസ്ത്രം അണിഞ്ഞു. ഞങ്ങളുടെ അവജ്ഞ

വങ്ങളിൽ മരണത്തെ മുളപ്പിച്ച പാപം കിരീടത്തിൻെറ
മുള്ളുകളാൽ അങ്ങുന്നു വേരോടേ പറിച്ചുകളഞ്ഞു. പുരോ
ഹിതന്മാർ അങ്ങയെ പിടിപ്പിച്ചു പരിഹാസക്കോൽകൊ
ണ്ടു് അവിടുന്നു ഞങ്ങളുടെ പേരുകൾ സ്വന്തംജീവപുസ്ത
കത്തിൽ എഴുതിച്ചേർത്തു. അങ്ങയെ മരത്തിൻെറ മുക
ളിൽ നഗ്നനാക്കി തൂക്കി. അങ്ങുന്നു ദേഹനിർമ്മോചന
ത്താൽ ദോഷങ്ങളുടെ അധ്യക്ഷനും വ്യാജത്തിൻെറ പിതാ
വുമായ വായുമണ്ഡലാധിപതിയെ ലജ്ജാസങ്കുചിതനാ
ക്കുകയും ആദാമിൻെറ ലജ്ജയെ അകററുകയും ചെയ്തു.
പഴം പറിച്ചു ലോകത്തിലേയ്ക്കു മരണത്തെ വരുത്തി
അതിനു് എല്ലാ തലമുറകളിലും വാഴ്ച നൽകിയ കയ്യി
നു പകരമായി വിശുദ്ധങ്ങളായ തൃക്കരങ്ങളും വിമലങ്ങ
ളായ തൃപ്പദങ്ങളും ഇരുമ്പാണി തറപ്പാൻവിട്ടുകൊടുത്തു. മര
ണകരമായ വൃക്ഷത്തിൽനിന്നുള്ള ഭക്ഷണത്തിനു പകരം
കാടി കുടിക്കുകയും കയ്പിനെ ആസ്വദിക്കുകയും ചെയ്തു.
അവിടുന്നു് അക്രമികളുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടു് ആ
ദാമിനെ അനിന്ദ്യനാക്കാൻ കള്ളന്മാരുടെ ഇടയിൽ നിന്നു
യേററു. സ്വപിതാവിൻെറ ദീർഘദർശിമാർ മുൻകൂട്ടി സൂ
ചിപ്പിച്ചിരുന്നതെല്ലാം നിന്തിരുവടി തിരുവുടൽകൊണ്ടു
തികച്ചും നിറവേററി. 'ഇതാ എല്ലാം ചെയ്തുകഴിഞ്ഞു'
എന്നരുളിച്ചെയ്തു സ്വശിരസ്സിനെ ചായ്ച്ചു സ്വാത്മാ
വിനെ ഏല്പിച്ചുകൊടുത്തു. പ്രജാവാൽസല്യത്താൽ
ഞങ്ങളെ രക്ഷിപ്പാൻവേണ്ടി ഇതൊക്കെയും ചെയ്തു പ്രജാ
വൽസലനായ നാഥ വാക്കിന്നഗോചരമായ നിന്തിരുവ
ടിയുടെ കീഴ്വണക്കവും അപരാധമെന്നിയെ സോഢരായാ
ഏററ പീഡകളും ഓർത്തു് അങ്ങുന്നു രക്ഷാകരവും ചൈത
ന്യപ്രദവുമായ പീഡയനുഭവിച്ച ഈ സന്ധ്യയിൽ ഇ
പ്പോൾ ബഹുലങ്ങളായ അനുഗ്രഹങ്ങളെ ഞങ്ങളിൽ പുറ
ക്കേണമേ എന്നു് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കു
ന്നു. നിഷ്കളങ്കവിശ്വാസത്തോടെ അങ്ങയുടെ പീഡക



ളെ വന്ദിച്ചു് അങ്ങയുടെ മനുഷ്യാവസ്ഥകളെ പ്രമാണി
കരിച്ചു് അങ്ങയെ എല്ലാററിൻേറയും സാക്ഷാൽ ദൈവ
മായി കരുതിപ്പോരുന്നതും ഇണ്ടും എങ്ങുമുള്ള കാതോലി
കവും അപ്പോസ്തോലികവുമായ അങ്ങയുടെ പരിശുദ്ധ
സഭയെ അങ്ങയുടെ വിജയിയായ കുരിശുകൊണ്ടു സംര
ക്ഷിക്കേണമേ! ഞങ്ങളുടെ അകൃത്യങ്ങളെ അകററിയ അ
ങ്ങയുടെ പീഡാനുഭവങ്ങളുടെ സ്മരണ നിവർത്തിക്കുന്ന
ഈ സമയത്തു ദുർബ്ബലന്മാരും നികൃഷ്ടന്മാരുമായ ഞ
ങ്ങൾ അങ്ങയ്ക്കു സമർപ്പിക്കുന്ന ഈ സുഗന്ധധൂപ
ത്താൽ അങ്ങയോടു ഞങ്ങൾ ഇങ്ങിനെ അപേക്ഷിക്കുന്നു:
വേണ്ടിയും വേണ്ടാതേയും അറിഞ്ഞും അറിയാതെയും ഞ
ങ്ങൾ ഏവയാൽ അശുദ്ധരായിതീർന്നുവോ ആ ദൂഷണ
ങ്ങൾക്കും പാപങ്ങൾക്കും മോചനം ഞങ്ങൾക്കു നൽകേണ
മേ! ലോകാവസാനത്തോളവും ഞങ്ങളുടെ ആയുഷ്കാ
ലം മുഴുവനും ഞങ്ങളെ നിരപരാധവും നിർമ്മലവുമായ ജീ
വിതത്താൽ തിരുമുമ്പാകെ കാത്തുകൊള്ളേണമേ! തക്ക
ധൈര്യത്തോടെ ഞങ്ങളുടെ ആത്മാക്കളെ നിന്തിരുവടി
യുടെ വിശുദ്ധപിതാവിൻെറ തൃക്കൈകളിൽ സമർപ്പി
ക്കുമാറാകേണമേ! ചൈതന്യപ്രദമായ കുരിശാകുന്ന മഹ
ത്തും രക്ഷാകരവുമായ അടയാളത്തോടുകൂടിയുള്ള മഹനീയ
മായ അങ്ങയുടെ രണ്ടാമത്തെ ആഗമനദിവസത്തിൽ ഞ
ങ്ങൾ അങ്ങയ്ക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും
സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണ
മേ! ഹോശോ....

രാത്രി (ലിലിയൊ)

ഒന്നാം കൌമ

പ്രുമിയോൻ

ഞങ്ങൾക്കുവേണ്ടി വേദനയോടെ പ്രാർത്ഥിപ്പാൻ എ
ഴുന്നേററു നിന്നവനും പ്രാർത്ഥനകളെ കൈക്കൊള്ളുന്നവനും.

ഞങ്ങൾക്കുവേണ്ടി പീഡയേററു പിതൃസന്നിധിയിൽ അപേക്ഷ സമർപ്പിച്ചവനും അപേക്ഷ കേൾക്കുന്നവനും ഞങ്ങൾക്കുവേണ്ടി ദു:ഖത്തോടെ പിതാവിൻെറ മുമ്പിൽ മുട്ടുകുത്തിയവനും എല്ലാ മുട്ടുകളാലും നമസ്കൃതനും ഞങ്ങളുടെ ശത്രുവിനോടുള്ള പോരാട്ടത്തിൽവെച്ചു രക്തത്തെ വിയർപ്പിച്ച് ആ വിയർപ്പിൽ ആദാമിനു ഭക്ഷണം പാകം ചെയ്തവനും, ഞങ്ങളെ ധൈര്യപ്പെടുത്തുവാൻ ദയപൂണ്ട ധീരനും ഞങ്ങളുടെ വേദനകൾ മാററുന്നവനും ഞങ്ങളുടെ സങ്കടവും ദു:ഖവും കളയുവാൻ മരണത്തോളം വേദനപ്പെട്ടു ദു:ഖിച്ചു സങ്കടപ്പെട്ടവനും സന്തോഷങ്ങളുടെ അധിപതിയുമായ തന്തിരുവടിക്ക് ഈ നേരത്തും....സ്തുതിയും ആദരവും വന്ദനവും യോഗ്യമാകുന്നു.

## സെദറാ

ആകാശത്തിൻേറയും ഭൂമിയുടേയും നാഥനും ഞങ്ങളുടെ ആത്മാക്കൾക്കു ദൈവവും രക്ഷിതാവും, ദുർബ്ബലരായ ഞങ്ങളെ സഹായിക്കുന്നവനും ഞങ്ങളുടെ ദാരിദ്ര്യം തീർക്കുന്നതിൽ ജാഗരൂകനും. യേശുമശിഹായുമായ നിന്തിരുവടിക്കു സ്തുതി! നിന്തിരുവടിക്കു കീർത്തനം! ആജ്ഞാലംഘനത്താൽ ഞങ്ങൾക്കു പററിയ ദൌർബ്ബല്യം കണ്ടിട്ട് അങ്ങുന്നു സ്വേച്ഛയാ ശൂന്യാവസ്ഥയും മനുഷ്യപീഡയും ഏല്പാനായി എഴുന്നള്ളി വന്നു. ഞങ്ങളെ അശുദ്ധ വികാരങ്ങളിൽനിന്നും അധർമ്മങ്ങളിൽനിന്നും വേർപെടുത്തുന്നതിനുവേണ്ടി അങ്ങുന്നു കുരിശുമരണത്തിനും ഒരുങ്ങി. നിന്തിരുവടി അപരിമിതമായ അനുസരണം കാണിച്ചു. ഭയവും വേദനയും സങ്കടവും ശോചനീയമാംവണ്ണം സഹിച്ചു, സ്വപിതാവിൻെറ മുമ്പാകെ വേദന



യോടുകൂടി നമസ്കരിച്ചു പ്രാർത്ഥനയും അപേക്ഷയും സമർപ്പിച്ചു. കഴിയുമെങ്കിൽ കയ്പുള്ള മരണചഷകത്തിൽനിന്നു ഒഴിയുവാനായിട്ട് അവിടുന്നു പ്രാർത്ഥിച്ചു. കഴിയുന്നതല്ലെങ്കിൽ അവിടുത്തെ ഇഷ്ടംപോലെയാകട്ടെ എന്നും സമ്മതിച്ചു. നിന്തിരുവടി സ്വേച്ഛയാ ശരീരത്തിൽ സ്വാഭാവികമായി പീഡയനുഭവിച്ചതു സത്യം തന്നെയാണെന്നും, സ്വപ്നത്താലോ മായയാലോ അല്ലെന്നും, നിന്തിരുവടി ബോധപ്പെടുത്തി. ദൂതൻെറ ശക്തിയെ അങ്ങുന്നു തങ്കലേയ്ക്കു ആവാഹിച്ചു. ഞങ്ങൾക്ക് എതിരായിട്ടുള്ള പരീക്ഷകളിൽ ഞങ്ങൾ ഉറങ്ങിപ്പോകരുതെന്നും നേരേമറിച്ചു തകർന്ന ഹൃദയത്തിൽനിന്നുള്ള ദണ്ഡനമസ്കാരത്താൽ ശരണവും സാഹായ്യങ്ങളും സമ്പാദിച്ചു കൊള്ളണമെന്നും മരണത്തോടു സഗർവ്വം നേരിടാതെ സവിനയം പൊരുതുവാൻ അടുത്തുചെല്ലണമെന്നും. എപ്പോഴും ഞങ്ങളെ സഹായിപ്പാനായി അങ്ങുന്ന് അയയ്ക്കുന്ന സ്വർഗ്ഗസൈന്യങ്ങളാൽ ഞങ്ങൾ ശക്തിപ്പെടണമെന്നും അങ്ങുന്നു ഞങ്ങളെ പഠിപ്പിച്ചു. ഭൂമിയിൽ ഞങ്ങളുടെ എല്ലാ നടപടിയും സ്വർഗ്ഗീയപിതാവിനു പ്രീതികരമാകുമാറു ഞങ്ങൾ അങ്ങേയ്ക്കായി ജീവിക്കേണമേ! അങ്ങുന്നു ഞങ്ങൾക്കായിട്ടാണല്ലോ മരിച്ചതു് അങ്ങേയ്ക്കായിട്ടല്ല. അങ്ങുന്നു ശ്ലീഹന്മാരെ ബോധോന്മുഖരാക്കി ഞങ്ങളെ പ്രാർത്ഥന പഠിപ്പിച്ചു. പ്രാർത്ഥനാപേക്ഷയില്ലാത്തവനേ, നിന്തിരുവടി സ്വയം പ്രാർത്ഥിച്ചതു ഞങ്ങൾക്കു വേണ്ടിയാണ്. എന്തെന്നാൽ അങ്ങുന്നു് അകൃത്യം ചെയ്തിട്ടില്ല, അസത്യം പറഞ്ഞിട്ടില്ല. എപ്പോഴും പിതാവിനോടൊപ്പം പ്രാർത്ഥന കൈക്കൊണ്ടരുളുന്നവനാണല്ലോ നിന്തിരുവടി, ഞങ്ങളുടെ പ്രാർത്ഥനകൾ കേൾക്കുവാനായി അങ്ങുന്നു പ്രാർത്ഥിച്ചു. ഞങ്ങളെ പാപത്താലുള്ള വീഴ്ചയിൽനിന്നും

വിഗ്രഹാരാധനയിൽനിന്നും എഴുന്നേല്പിപ്പാൻ അങ്ങുന്നു മുട്ടുകുത്തി പരിശുദ്ധനായുള്ളോവേ മുകളിലുള്ള അഗ്നി അങ്ങയെ ഭയപ്പെട്ടുകൊണ്ടിരിക്കെ അങ്ങുന്നു ഭയമടഞ്ഞു ഞങ്ങൾക്കു ധൈര്യം സമ്പാദിച്ചുതന്നു. അങ്ങുന്നു വേദനയേറ്റു ഞങ്ങളെ മനം കലക്കുന്ന വേദനയിൽനിന്നു വേർപെടുത്തി. ദുഃഖിച്ചു, ഞങ്ങളുടെ ദുഃഖം തീർത്തു. രക്തം വിയർപ്പിച്ച് ആദാമിന്റെ വിയർപ്പു മാറ്റി, അങ്ങുന്നു സ്വേച്ഛയാ ഇതെല്ലാം സഹിച്ചു, പ്രതികൂലസൈന്യങ്ങളായ ഈ ലോകത്തിലെ അധികാരികളെ അമ്പരപ്പിച്ചു. ബാലിശനായ ഞങ്ങളുടെ വർഗ്ഗത്തെ ചതിച്ചവനെ നിത്യജീവിതത്തിന് ആശപ്പെടുത്തി വഞ്ചിച്ചതിനു പകരം മൽസരിയും കർക്കശനും തീക്ഷ്ണബുദ്ധിയും എല്ലാ ജീവികളെക്കാളും കൗശലക്കാരനുമായ സർപ്പമാകുന്ന വഞ്ചകത്തലവനെ തന്റെ ഭയത്താലും മരണത്തെ വിട്ടുള്ള ഓട്ടത്താലും നിന്തിരുവടി വഞ്ചിച്ചു. ദീർഘദർശികൾ സൂചിപ്പിച്ചതു നിറവേറി. അവൻ അടിച്ച വടികൊണ്ടു നിന്തിരുവടി അവനെ അടിച്ചു, അവൻ കൊന്ന കൊലയാൾതന്നെ അവനെ കൊന്നു. നിന്തിരുവടി സർപ്പത്തെ അവിടത്തെ കെണിയിൽ കുടുക്കി, അതിന്റെ പല്ലുകൾ വായിൽവെച്ചുതന്നെ തകർത്തു. സിംഹത്തിന്റെ തീക്ഷ്ണദംഷ്ട്രകളെ ഒഴുകുന്ന വെള്ളത്തെ എന്നപോലെ അങ്ങു സമൂലം പറിച്ചുകളഞ്ഞു. പാമ്പാട്ടിയുടേയും മാന്ത്രികന്റേയും സൂത്രക്കാരന്റേയും ശബ്ദം കേൾക്കാതിരിപ്പാൻ ചെവി പൊത്തിയ ശ്രവണശൂന്യനെ നിന്ദ്യനും നികൃഷ്ടനുമാക്കിത്തീർത്തു. അവന്റെ കൂർത്ത പല്ലുകളുടെ പലതരം അംശങ്ങളും ആകൃതികളും അങ്ങുന്നു നശിപ്പിച്ചു അവൻ നിരവശേഷനായിത്തീരുന്നതുവരെ അവന്റെ മേൽ അങ്ങുന്നു മനുഷ്യാവതാരമാകുന്ന ആഗ്നേയാസ്ത്രം എയ്തു



അവൻ അങ്ങയുടെ ദൈവത്വത്തിന്റെ മുമ്പിൽ വെറും മെഴുകെന്നപോലെ ഉരുകി വീണു. നെറികെട്ടവൻ കോപാകുലനായിത്തീർന്നു, അവന്റെ പല്ലുകൾ തമ്മിൽ ഉരസി പൊടിഞ്ഞുപോയി. അവന്റെ ആഗ്രഹം ദുഷ്ടതയിൽ ലയിച്ചു. അപ്പോൾ പുണ്യവാന്മാർക്ക്, അവനു കിട്ടിയ പ്രതിഫലം കാണുമാറായി. 'ഇതാ, ഇതു നമ്മുടെ കണ്ണ് അതിനെ കണ്ടു എന്നും ഭൂമിയിൽ അവർക്കു ശിക്ഷ വിധിപ്പാൻ ദൈവമുണ്ട്'' എന്നും അവർ പറഞ്ഞു. അവനുതക്ക വിധിയാണല്ലോ അങ്ങുന്നു വിധിച്ചതു്. അങ്ങിനെ ആദാമിനു വേണ്ടി അങ്ങുന്ന് അവനോടു പകരം ചോദിച്ചു. അവൻ താൻ കുഴിച്ച കുഴിയിൽ വീണു താൻ ഉണ്ടാക്കിയ നീർച്ചുഴിയിൽ പതിച്ചു. അവൻ തന്റെ കുറ്റത്തെ തികച്ചും തന്റെ തലയിൽ തന്നെ ചുമന്നു അവന്റെ ദുഷ്കൃതം മുഴുവനും അവന്റെ മൂർദ്ധാവിലേക്കു തന്നെ ഇറങ്ങി, നിന്തിരുവടിയുടെ മരണത്താൽ അവൻ പൊറുതി കിട്ടാത്ത ദുഃഖം അനുഭവിച്ചു. അവന്റെ പ്രേരണയാൽ പാതാളം മുഴുവനും അങ്ങയുടെ പ്രഭവത്തിനു പ്രതികൂലമായി കുശുകുശെ പറഞ്ഞു. നാഥ അവന്റെ നിഷ്ഠുരമായ നരകത്തിൽനിന്നു ഒഴിഞ്ഞവരും ബലഹീനരും പാപികളും നിന്തിരുവടിയുടെ ദാസന്മാരുമായ ഞങ്ങൾ ഈ സുഗന്ധധൂപംമൂലം നിന്തിരുവടിയോട് ഇങ്ങനെ പ്രാർത്ഥിക്കുന്നു:— എപ്പോഴുമുള്ള എല്ലാ ഉപദ്രവങ്ങളിൽനിന്നും ഞങ്ങളെ നിന്തിരുവടി ഉദ്ധരിച്ചു രക്ഷിക്കേണമേ! ഞങ്ങളുടെ ശക്തിയിൽ കവിഞ്ഞ കഠിന പരീക്ഷകളിൽനിന്നു ഞങ്ങളെ എപ്പോഴും വീണ്ടുകൊള്ളേണമേ: നാഥനായ അങ്ങയോടു നാഥത്വാനുരൂപമായ പ്രാർത്ഥന ചെയ്യുന്നതിൽ ഞങ്ങൾക്കു സദാ താൽപര്യമുണ്ടാകേണമേ. അങ്ങയുടെ സാഹായ്യങ്ങൾ ഞങ്ങളെ സഹായിക്കേണമേ! ഞങ്ങൾക്കു

ചുററും ദൂതന്മാർ കാവൽ നില്ക്കേണമേ! നിന്തിരുവടി
യുടെ ആജ്ഞകൾ ആചരിപ്പാനും നിന്തിരുവടിക്കു, പി
താവിനും പരിശുദ്ധറൂഹായ്ക്കു, പ്രിയം ചെയ്വാനും
ഞങ്ങളെ സന്നദ്ധരാക്കേണമേ! ഹോശോ....,

## രാത്രി (ലിലിയാ)

### രണ്ടാംകൌമ

### പ്രുമിയോൻ

തന്റെ കുരിശിനാൽ പുറത്തായവരെ അവരുടെ അ
വകാശത്തിലേയ്ക്കു കൊണ്ടുവന്നവനും കുററക്കാർക്കുള്ള
ലജ്ജയെ ദൂരീകരിച്ചവനും നഗ്നന്മാരെ ആഛാദിതരാ
ക്കിയവനും, അവരുടെ മനുഷ്യത്വത്തിന്റെ നഗ്നത നീ
ക്കിയവനും അവരുടെ അമാർഗ്ഗാന്ധകാരത്തെ അകററിയ
വനും തന്റെ കുരിശാരോഹണത്താൽ ലോകത്തെ പ്രകാ
ശിപ്പിച്ചവനും രക്ഷാകർത്താവുമായ തന്തിരുവടിക്കു സ്തു
തി! തന്തിരുവടിക്കു്.....

### സെദറാ

നമ്മുടെ മശിഹാതമ്പുരാൻ പുത്രനും നാഥനും പിതാ
വിനെപ്പോലെയുള്ളവനും ആകുന്നു! തന്തിരുവടി പിതാ
വിൽനിന്നു ജനിച്ചവനും പിതാവിങ്കൽ ഇരിക്കുന്നവനുമാ
കുന്നു, പിതാവിനു തിരുവുള്ളം തോന്നുകയാൽ വലിയ
കടശ്ശീട്ടു പ്രകാരമുള്ള പഴയ കടം വീട്ടുവാൻ തന്തിരുവടി
യെ ലോകത്തിലേയ്ക്കയച്ചു. നമ്മുടെ പേരിലുള്ള മരണ



വിധി മൂലം വിളിക്കപ്പെട്ടിട്ടു് അവിടുന്നു ന്യായസ്ഥല
ത്തേയ്ക്കെഴുന്നള്ളി. തന്തിരുവടിയെ കൂട്ടിക്കൊണ്ടുപോ
യി കാരാഗൃഹത്തിലാക്കി. അവർ തന്തിരുവടിയെ അടി
ച്ചു. അവിടുന്നു വിചാരണയിൽനിന്നു മൗനം പൂണ്ടു. പഴ
യ കടം കയ്യേററു തിരുമുഖം കീഴ്വണക്കത്തിന്റെ ഔന്ന
ത്യത്തിലേക്കുയർത്തി തുപ്പലേററു. മുതുകിനെ ചമ്മട്ടികൾ
ക്കു നല്കി. കവിൾത്തടങ്ങൾ മർദ്ദിപ്പാൻ കൊടുത്തു. സ്വ
ദേഹത്തെ താഡനങ്ങൾക്കേല്പിച്ചു. പരിഹാസവസ്ത്ര
ങ്ങൾ ഉടുപ്പിച്ചു തന്തിരുവടിയെ അപമാനിച്ചു. ലജ്ജാകര
മായ കോൽകൊണ്ടു തന്തിരുവടിയുടെ തലയ്ക്കടിച്ചു വേ
ദനിപ്പിച്ചു. അവിടുന്നു് ഒരു കുററക്കാരനെപ്പോലെ കുരിശു
ചുമലിൽ എടുത്തു. ദുർന്നടപ്പുകാരനെന്നപോലെ അക്ര
മികളുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടു. തൃക്കൈകളും തൃക്കാലു
കളും ആണികൾകൊണ്ടു കുരിശിന്മേൽ തറയ്ക്കപ്പെട്ടു.
തന്തിരുവടിയെ നഗ്നനാക്കി മുൾക്കിരീടം ധരിപ്പിച്ചു.
ഇതാ തന്തിരുവടിയെ കൂട്ടിക്കൊണ്ടു പോകുന്നു. അവിടുന്നു
പീഡകൾ സഹിക്കുന്നു. തണ്ണീർദാഹം പൂണ്ട അവിടു
ത്തെക്കു കാടിയും കയ്പും കൊടുക്കുന്നു. അവിടുന്നു പീ
ഡിതനായി സങ്കടം ബോധിപ്പിക്കുന്നു. കുരിശിന്മേൽ നി
ന്നു് അവിടുത്തെ നെടുവീർപ്പുകൾ കേൾക്കുന്നില്ല. ഇതെ
ല്ലാം വിട്ടു സ്വസ്ഥത പൂണ്ടവർ തന്തിരുവടിയുടെ സാ
ഹായം ലഭിച്ചവരാകുന്നു. അവിടുത്തെ സത്യത്തിനു പീലാ
ത്തോസിന്റെ ഭവനക്കാർ സാക്ഷികളാണ്. തന്തിരുവടി
യെ മൂന്നു ഭാഷകളിൽ രാജാവെന്നു വ്യാഖ്യാനിക്കുന്നു.
അവിടുന്നു സൃഷ്ടികളുടെ നാഥനാണെന്നു ന്യായാധിപ
ന്മാർ ഉൽഘോഷിക്കുന്നു. ഭൂമി ഇളകുന്നു. ഭൂലോകം കല
ങ്ങുന്നു. പാറകൾ പൊളിയുന്നു, ശവക്കല്ലറകൾ തുറക്കുന്നു.
മരിച്ചവർ ജീവിച്ചെഴുന്നേല്ക്കുന്നു, പാതാളം ഉൽപ്പുദിതു

മാകുന്നു. സൂര്യപ്രകാശം മറയുന്നു. ഇളക്കം കൊണ്ടു വാ
തിൽമറ കീറിപ്പോകുന്നു. അന്യോന്യബന്ധം അഴിഞ്ഞു
പോയേക്കുമോ എന്നു പഞ്ചഭൂതങ്ങൾ പേടിച്ചമ്പരക്കുന്നു.
നാശത്തിന്റെ ഛോട്ടകൾ കുലുങ്ങുന്നു. ജീവിച്ചിരിക്കുന്നവ
രുടെ കോലാഹലം പരേതരുടെ ദിക്കിൽ ചെന്നലയ്ക്കു
ന്നു. പുറത്തേയ്ക്കു പോകാൻ തിക്കിത്തിരക്കുന്നവർ മര
ണത്തെ അതിന്റെ കട്ടിളപ്പടിമേൽ വെച്ചു ചവിട്ടുന്നു.
ലോകം തന്റെ നാഥനെ മരണത്തിന്മേൽ തൂക്കിയതു ക
ണ്ടിട്ടു വമ്പിച്ച ക്ഷോഭത്താൽ താൻ അഴിഞ്ഞുപോയേക്കു
മോ എന്നുവെച്ചു വിറകൊള്ളുന്നു. വമ്പിച്ച സംഭവങ്ങൾ
നടക്കുന്നു. വിസ്മനീയങ്ങളായ ശക്തികൾ ആവിർഭ
വിക്കുന്നു. ഭൂമിയും ആകാശവും ഇളകി മറിഞ്ഞു് ഓടിയൊ
ളിപ്പാൻ സ്ഥലം തിരയുന്നു. ദൂതന്മാരുടെ നാഥൻ കുരി
ശിന്മേൽ തറയ്ക്കപ്പെട്ടിരിക്കുന്നു എന്നു് അറിവാൻതക്ക
വണ്ണം സൃഷ്ടിയിലുള്ള എല്ലാ അത്ഭുതങ്ങളും കാണപ്പെ
ടുന്നു. ഈ മഹത്തരങ്ങളും സാധാരണങ്ങളുമായ ശക്തിക
ളും പീഡകളും ഏകപുത്രന്റെ ഏകദേഹിയിലുള്ളതാകുന്നു,
ഇതാ തന്തിരുവടിയുടെ സുചരിതം. എല്ലാ ഭാഗങ്ങളിലും
തന്തിരുവടിയുടെ ഉപദേശം വിതയ്ക്കപ്പെടുന്നു. ഇതാ,
എല്ലാ ജാതികളും വർഗ്ഗങ്ങളും തന്തിരുവടിയുടെ [illegible]
തിരുക്കലേയ്ക്കു് ഓടിച്ചെല്ലുന്നു ഇതാ എല്ലാ സംഘങ്ങളും
തന്തിരുവടിയുടെ പടിവാതില്ക്കൽ വന്ദിക്കുന്നു. ഇതാ
എല്ലാ വായ്കളും തന്തിരുവടിയുടെ ശരീരത്തെ ഭക്ഷിക്കു
ന്നു, ഇതാ എല്ലാ നാവുകളും തന്തിരുവടിയുടെ രക്തത്തെ
ആസ്വദിക്കുന്നു. ഇതാ എല്ലാ ശബ്ദങ്ങളും തന്തിരുവടിയു
ടെ സ്തുതി പാടുന്നു. ഇതാ എല്ലായിടത്തുമുള്ളവർ തന്തി
രുവടിയെ വന്ദിപ്പാൻ ചെല്ലുന്നു, ഇതാ എല്ലാ ഭാഷകളും
യേശുവാണു് നാഥനെന്നു് ഏറ്റുപറയുന്നു! നാം തന്തിരു



വടിയേയും പിതാവിനേയും പരിശുദ്ധ റൂഹായേയും
സ്തുതിച്ചു വന്ദിക്കണം! ഹോശോ.....

## രാത്രി (ലിലിയൊ)

### മൂന്നാം കൗമ

### പ്രുമിയോൻ

ഞങ്ങളെ രക്ഷിപ്പാൻ ഇറങ്ങിവന്നവനെങ്കിലും ഉയർ
ന്ന നിലയിൽത്തന്നെ വസിച്ചവനും ശൂന്യനാക്കപ്പെട്ടവെ
ങ്കിലും പൂർണ്ണത വിടാത്തവനും സൃഷ്ടിക്കപ്പെട്ടവെ
ങ്കിലും റൂഹായ്ക്കു ചേർന്ന അവസ്ഥയിലിരുന്ന നിർമ്മ
ലനും ശിക്ഷാവിധി ഏറ്റുവെങ്കിലും ഞങ്ങളുടെ കുററം
തീർത്തവനും, തനിയ്ക്കേററ അടികൾകൊണ്ടു ഞങ്ങളു
ടെ കടം വീട്ടിയവനും താന്റെ പീഡകളാൽ ഞങ്ങളുടെ
സ്വാഭാവികപീഡകളെ പീഡിപ്പിച്ചവനും തന്റെ കിരീട
ത്താൽ ഞങ്ങളുടെ ശാപം വഹിച്ചവനും താൻ കൊലയേ
റ്റു ഞങ്ങളെ കൊല ചെയ്തവനെ ഓടിച്ചവനും കരിശി
ന്മേൽ തറയ്ക്കപ്പെട്ടു ജഡത്തിൽ മരണമടഞ്ഞു തന്റെ
മരണത്താൽ മരണത്തെ മരിപ്പിച്ചവനുമായ തന്തിരു
വടിക്കു്.......

## സെദറാ

ഏതൊന്നും ആദിയോ അന്തമോ ഇല്ലാത്തതും കാലത്തിന്നധീനനാകാത്തതും പീഡാപ്രവാഹത്തിൽ നിന്നൊഴിഞ്ഞു സ്വപിതാവിന്റെ അദൃശ്യമായ തിരുഹൃദയത്തിൽ നിന്നു ജനിച്ചവനായി ഞങ്ങളുടെ പാപത്തെച്ചൊല്ലി ദേഹം ധരിച്ചവനായി ദൈവത്വവും നിർദ്ദോഷമായ മനുഷ്യത്വവും ഏകീഭവിച്ചവനായി ഞങ്ങളെ ഈ നിലയ്ക്കാക്കുവാൻ വേണ്ടി രാജാവിനുള്ള സ്വാതന്ത്ര്യത്തോടെ മാനുഷികമായ സകലത്തേയും, നിർബ്ബന്ധമെന്നിയെ സഹിച്ചവനായി അദൃശ്യനായി അവർണ്ണനീയനായി സ്വയംഭൂവായിരിക്കുന്ന അങ്ങുന്നു് അങ്ങയ്ക്കു സദൃശനായ പരിശുദ്ധറൂഹാ എഴുതിവച്ചവയെ ആചരിച്ചു, മോശയുടെ പെസഹാ കഴിച്ചു. പുതിയ ധർമ്മസിദ്ധാന്തം ഞങ്ങളെ അറിയിച്ചു. നാഥത്വോചിതമായ സ്വദേഹച്ഛേദത്താലും ചൈതന്യപ്രദമായ സ്വരക്തപ്രവാഹത്താലും ഇദം പ്രഥമമായി ആരംഭിച്ചു. പിന്നീടു തന്റെ പീഡാമാർഗ്ഗത്തെ നിർഭയം ഏർപ്പെടുത്തി ആട്ടിൻകുട്ടിയെപ്പോലെ ബലികഴിക്കപ്പെടുന്നതിനു് അടുത്തു ചെന്നു. അങ്ങയുടെ ദൈവികക്രോധം ജ്വലിക്കുകയുണ്ടായില്ല. നേരെ മറിച്ചു രോമം വെട്ടുന്നവന്റെ മുമ്പിൽ പെണ്ണാടുപോലെ അങ്ങുന്നു് അനങ്ങാതെ നിന്നു. ഹാ, നാഥനെ വേദനപ്പെടുത്തുന്നു! ഹാ, രാജാവിനെ ചമ്മട്ടികൊണ്ടടിക്കുന്നു! ഹാ, ലോകധത്താവിന്നു കുററക്കാരനെ എന്നപോലെ ശിക്ഷ വിധിക്കുന്നു. വെറും മണ്ണുകൊണ്ടു നിർമ്മിക്കപ്പെട്ടവൻ പാഞ്ഞെത്തുന്നു! ദൈവപുത്രൻ ദേഹപീഡയനുഭവിക്കുന്നു! യൂദാ ഏല്പിച്ചുകൊടുക്കുന്നു! യേശു സഹിക്കുന്നു! സർവ്വരുടേയും രക്ഷിതാവു് ഇപ്പോൾ വധിക്കപ്പെടുമെന്നും ആദാമിന്റെ



ജയിച്ചവനു തോൽവി വരികയില്ല എന്നും പറഞ്ഞു സാത്താൻ ഞെളിയുന്നു. ഹാ, സർവ്വശക്തന്റെ പീഡകളാൽ രക്ഷ തികച്ചും പുതുക്കപ്പെടുന്നു! ഹാ ആസന്നമായ ദുഃഖം സന്തോഷത്തേയും വേദനയേയും വിളിച്ചുവരുത്തുന്നു. യോഹന്നാൻ മഹത്തായ സ്നേഹത്താൽ യേശുവിനോടുകൂടി ആസ്ഥാനമണ്ഡപത്തിൽ ചെന്നു് അമ്പരന്നുനിൽക്കുന്നു. ശെമഓൻ വെടിഞ്ഞു പറയുന്നു! തോമാ ഓടിപ്പോകുന്നു! യാക്കോബ് അന്തർദ്ധാനം ചെയ്യുന്നു! യൂദാ അന്യനായിത്തീരുന്നു! ഹന്നാന്റെ ആളുകൾ കുരിശൊരുക്കുന്നു! ശത്രുവിനോടു പകരം ചെയ്യുന്നു! പ്രതിയോഗിയെ കാണാതാവുന്നു! സർപ്പം ചതയ്ക്കപ്പെടുന്നു! 'കാടി കുട്ടിയുണ്ടാക്കുന്നു.' കിരീടം മെടയുന്നു! വാൾ മൂർച്ചകൂട്ടുന്നു! ആണി തയ്യാറാക്കുന്നു! ഹാ, രക്ഷിതാവു് അത്യന്തം താഴ്മപ്പെടുന്നു! ഇപ്രകാരം രക്ഷിതാവു് അല്പനേരം ഹീനനാവുന്നു. നാമോ മേന്മപ്പെടുന്നു! യെരുശലേമിന്റെ അഹങ്കാരിണിയായ പുത്രി ഇപ്പോൾ വിലാപം തുടങ്ങും. ദുഷ്ക്കൂററുകാരുടെ പാതാളം നശിക്കുന്നു! അങ്ങയെ ആശ്രയിച്ചവർക്കു് ഇപ്പോൾ രക്ഷ കിട്ടുന്നു. ഇതാ, അങ്ങയുടെ രക്തത്താൽ സംരക്ഷിതയായ പുതുസഭ അങ്ങയെ ആദരിക്കുന്നു! അവൾ അങ്ങയുടെ മുറിവുകളെ കണ്ണുനീർകൊണ്ടു നനയ്ക്കുന്നു! എതിരാളിയുടെ എല്ലാ ഉപായത്തിൽനിന്നും മനുഷ്യർക്കു നാശം വരുത്തുന്ന ചതികളിൽ നിന്നും കർണ്ണേജപന്മാരുടെയും അപവാദിന്മാരുടേയും ക്രോധത്തിൽനിന്നും അവളെയും സന്താനങ്ങളേയും രക്ഷിക്കേണമേ എന്നു് അവൾ അങ്ങയോടു പ്രാർത്ഥിക്കുന്നു. സ്നേഹത്താലുള്ള ഉററ ഐക്യം അവളെ നിന്തിരുവടിയിങ്കൽ ബന്ധിക്കുമാറാക്കേണമേ! അവൾക്കു യാതൊരു ചതിയും പററാതിരിക്കേണമേ!

അവളെയും അവളുടെ സന്താനങ്ങളേയും അങ്ങയുടെ ചിറകുകൾക്കുള്ളിൽ നിർത്തേണമേ! അവരും അവർക്കുവേണ്ടി പീഡയേറ്റ് അവളെ രക്ഷിച്ച നിന്തിരുവടിയേയും, നിന്തിരുവടി അവളോട് ഇണക്കിയ പിതാവിനേയും ദാനങ്ങളാൽ അവളെ ഐശ്വര്യപ്പെടുത്തിയ റൂഹായേയും അവസാനമില്ലാതെ കീർത്തനം ചെയ്ത് വന്ദിച്ച് സ്തുതിക്കുമാറാകേണമേ! ഹോശോ.,.......

## രാത്രി (ലിലിയാ)

### നാലാം കൗമ

### പ്രുമിയോൻ

തന്നെത്താൻ കൊലയ്ക്കു വിട്ടുകൊടുത്തു ബുഭുക്ഷയുള്ള ചെന്നായ്ക്കളിൽനിന്നു തന്റെ ഇടവകയെ രക്ഷിച്ച ഉത്തമ ഇടയനും അശുദ്ധരിൽനിന്നു പീഡയേറ്റവനും തന്നെ ആരാധിക്കുന്നവരെ സ്തുതി പാടിപ്പിച്ച ദയാലുവും, സ്വയം മാനുഷികമായ ശൂന്യതയ്ക്കു കീഴടങ്ങി അധിക്ഷേപവും മരണവും കൈക്കൊണ്ടു ലോകത്തെ രക്ഷിച്ച സ്വതന്ത്രനുമായ തന്തിരുവടിക്ക്.,.....



### സെദറാ

ലോകങ്ങൾക്കു മുമ്പുള്ള വചനവും, സർവ്വസ്രഷ്ടാവും, പ്രകാശത്തിൽനിന്നുള്ള പ്രകാശവും, ദൈവത്തിൽനിന്നുള്ള ദൈവവും, അദൃശ്യനായ പിതാവിന്റെ ജ്ഞാനവും വചനവും ജീവനും രൂപവും, ദേഹമെടുത്തു കാണപ്പെട്ട അദൃശ്യനും, ശരീരത്തിൽ നിർണ്ണയിക്കപ്പെട്ട അനിർണ്ണേയനും, സ്വേച്ഛയാ ... കീഴടങ്ങിയ അനിർവചനീയനും, ഹീനന്മാരേയും ദരിദ്രന്മാരേയും ശ്രേഷ്ഠരാക്കുവാൻ തിരുവുള്ളം തോന്നിയതിനാൽ താഴ്മയേല്ക്കാൻ അവതരിച്ച അമേയസീമാവും, മരണമുള്ളവരെ മരണത്തിൽനിന്നും പാപത്തിൽ നിന്നും വേർപെടുത്തുവാൻ അവരുടെ അടുക്കലേയ്ക്കു ഇറങ്ങിവന്ന മരണരഹിതനും സ്വജനങ്ങളുടെ അടുക്കലേയ്ക്കു വന്നപ്പോൾ അവർ കൈക്കൊള്ളാതെ തോട്ടത്തിൽനിന്നു ബഹിഷ്കരിച്ചു കുരിശിന്മേൽ തറച്ചു നാഥനും പിതാവിന്റെ ഏകജാതനുമായ നമ്മുടെ മശിഹാതമ്പുരാനെ കുരിശിന്മേൽ തൂക്കിയിരിക്കുന്നു!

അവർ കോപത്താൽ എരിയുന്നു! അവിടുന്നു പീഡയേല്ക്കുന്നു! അവർ ക്രോധം കൊണ്ടു ഉജ്ജ്വലിക്കുന്നു! അവിടുന്നു ആണികളിൽ തൂങ്ങിക്കിടക്കുന്നു! അവരിൽ വൈരം കത്തിയാളുന്നു! അവിടുത്തെ പാർശ്വഭാഗത്തു കുന്തം കൊണ്ടു കുത്തുന്നു! അവിടുന്നാകട്ടേ, മരണമുള്ളവർക്കു ജീവൻ കൊടുപ്പാൻ പ്രതിജ്ഞ ചെയ്യുന്നു! മാലാഖമാർ അന്ധാളിച്ചു നില്ക്കുന്നു! ആദാമിന്റെ മക്കൾക്കു രക്ഷ കിട്ടുന്നു! ഭൂതബാധകൾ ഒഴിയുന്നു! പിശാചുക്കൾ വിറയ്ക്കുന്നു! നീതിമാൻ അക്രമികളോടൊപ്പം ഗണിക്കപ്പെട്ടു! പുണ്യവാൻ പാപികളുടെ കൂട്ടത്തിൽ ചേർക്കപ്പെട്ടു! ദൈവത്തെ തസ്കരന്മാരുടേയും ജീവദാതാവിനെ കൊലപാത

കരുടേയും കൂട്ടത്തിൽ പെടുത്തി! സാക്ഷികൾ കളവും ചതിയും സംസാരിക്കുന്നു! അവർ അറിയാത്തതിനെ അവിടത്തോടു ചോദിക്കുന്നു!

ഒരാൾ 'ഞാൻ ദേവാലയം പൊളിച്ചുകളയും' എന്നു അവിടുന്നു പറഞ്ഞതായി സാക്ഷിപറയുന്നു! മറ്റൊരാൾ, അവൻ ശാബ്ബതിനേയും ധർമ്മാനുശാസനത്തേയും ലംഘിച്ചു എന്നും താൻ ദൈവപുത്രനാണെന്നു അവൻ പറയുന്നു എന്നും മൊഴികൊടുക്കുന്നു! വേറെയൊരാൾ അവിടുത്തെ ചെകിടത്തടിയ്ക്കുന്നു. പിന്നെയൊരാൾ തിരുമുഖത്തു തുപ്പുന്നു! ഇനിയൊരാൾ ചുംബനംകൊണ്ടു ചതിക്കുന്നു! ഒരാൾ അവിടുത്തെ അറികയില്ലെന്നു പറയുന്നു അവരിൽ ചിലർ തന്തിരുവടിയെ പ്രഹരിപ്പാനായി മലർത്തിക്കിടത്തി! മറ്റു ചിലർ അവിടുത്തെ പുറത്തു പ്രഹരിച്ചു! ചിലർ മുട്ടുകുത്തി അവിടുത്തെ വന്ദിക്കുന്നു! ചിലർ അവിടുത്തെ 'യഹൂദരുടെ രാജാവു' എന്നു പേർ വിളിച്ചു! ഒരുത്തൻ പെരുന്നാൾ വസ്ത്രങ്ങൾ അഴിച്ചു! മറ്റൊരുത്തൻ പരിഹാസവസ്ത്രം ധരിപ്പിച്ചു. വേറെയൊരുത്തൻ രാജകിരീടത്തിനു പകരം മുൾക്കിരീടം അണിയിച്ചു! പിന്നെയൊരുത്തൻ സാമ്രാജ്യച്ചെങ്കോലിനു പകരം വടി പിടിപ്പിച്ചു! ഒരാൾ അവിടുത്തെ തലയിൽ അടിച്ചു! ഒരാൾ കോപത്തോടെ കാടിയും കയ്പുനീരും കലർത്തി വെച്ചു. ഒരാൾ തന്തിരുവടിയെ മരത്തിന്മേൽ നീട്ടിക്കിടത്തി! ഒരാൾ തൃക്കൈകളിലും തൃക്കാലുകളിലും ആണികൾ തറച്ചു! ഒരാൾ, 'നീ ദൈവപുത്രനാണെങ്കിൽ നിന്നെ ജീവിപ്പിക്കുക, എന്നു പറഞ്ഞു! ഒരാൾ 'നിന്തിരുവടി സ്വരാജ്യത്തു ചെല്ലുമ്പോൾ എന്നെ ഓർമ്മിക്കണമേ!' എന്നു പ്രാർത്ഥിച്ചു! ഒരാൾ 'കുരിശിൽനിന്നു ഇറങ്ങിവരിക, നി



ന്നെ ഞങ്ങൾ വിശ്വസിക്കാം' എന്നു അപഹസിച്ചു! ഒരാൾ 'ഇതു സാക്ഷാൽ ദൈവപുത്രനാകുന്നു' എന്നു തീർത്തു പറഞ്ഞു! പടയാളികൾ പരിഹസിച്ചു! യൂദന്മാർ പഴിച്ചു! പ്രധാന പുരോഹിതന്മാർ അവിടുത്തെ നോക്കി തലകുലുക്കി. കയ്യാപ്പായും ഹന്നായും വേണ്ടതുപദേശിച്ചു! എല്ലായിടത്തു നിന്നും 'ന്യായാധിപ, ഇവനെ കുരിശിന്മേൽ തറയ്ക്കുക, തറയ്ക്കുക' എന്ന ഘോഷം ഉയർന്നു! ഹാ, അനിർവചനീയമായ അത്ഭുതത്തിനു സ്തുതി! ഹാ, നിർവ്വചനാതീതനു സ്തുതി!

ദൈവത്തെ കുരിശിന്മേൽ തറയ്ക്കുന്നു! സൂര്യൻ ഇരുളുന്നു. ദൈവാലയത്തിലെ തിരശ്ശീല കീറുന്നു! പാർശ്വത്തിൽ നിന്നു ചോരയും നീരും ഒഴുകുന്നു! പാറകൾ പൊളിയുന്നു! ഭൂമി കുലുങ്ങുന്നു! മരിച്ചവർ ജീവിച്ചെഴുനേല്ക്കുന്നു! യൂദ പണം മേടിക്കുന്നു! കയ്യാപ്പാ ആലോചന ചെയ്യുന്നു! ഹന്നാസ കുററം ചുമത്തുന്നു! പീലാത്തോസ് ഇരിക്കുന്നു! നമ്മുടെ നാഥൻ നില്ക്കുന്നു! ഇപ്രകാരം എല്ലാ അത്ഭുതങ്ങൾകൊണ്ടും താനാകുന്ന മഹിമയേറിയ നാഥൻ എന്നറിയപ്പെട്ടവനെ നാം വാഴ്ത്തി സ്തുതിക്കണം! മരത്തിന്മേൽ തൂക്കപ്പെടുകയും നമുക്കുവേണ്ടി ശാപമായിത്തീരുകയും ചെയ്തവനെ നാം കുമ്പിടണം! ഭൂമിയിലെ എല്ലാ അതിർത്തികളേയും ഭാഗങ്ങളേയും സ്ഥാപിച്ചവനോടു നാം അടുപ്പം നേടണം! നമ്മുടെ മുഖത്തിനു തെളിവല്ലാതെ, മങ്ങൽ വരാതിരിപ്പാൻ വേണ്ടി കുരിശിന്മേൽ കിടന്നവനെ നാം ചെന്നു ശരണീകരിക്കണം! നമുക്കുവേണ്ടി താഴ്മ പൂണ്ട അത്യുന്നതന്റെ തൃപ്പാദപീഠത്തെ നാം വന്ദിക്കണം! എല്ലാ ദ്രോഹികളിൽനിന്നും, ചുററി നമ്മെ കൂടിയിരിക്കുന്ന എല്ലാ ഞെരുക്കങ്ങളിൽനിന്നും നമ്മെ താമസിയാതെ രക്ഷിപ്പാൻ തന്തിരുവടിയുടെ ദയയോടു നാം അപേക്ഷിക്കണം! നമുക്കുവേണ്ടി തന്തിരുവടി സ്വേ

ഷ്യം സഹിച്ച പീഡകളെ സ്മരിച്ചുകൊണ്ടു നാം മനസ്സിന്റെ അടിത്തട്ടിൽ നിന്നു് ഇപ്രകാരം ഉൽഘോഷിക്കണം:—ഞങ്ങൾക്കു വേണ്ടി കുരിശിന്മേൽ കിടന്ന നാഥാ, ഞങ്ങളിൽ ദയ ചെയ്യേണമേ! കുരിശിന്മേൽ കിടന്നു ഞങ്ങളെ രക്ഷിച്ച ദൈവമായ നിന്തിരുവടി പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ! ഞങ്ങളുടെ വിളി കേട്ടു ഞങ്ങളുടെ യാചനകൾക്കു് ഉത്തരമരുളേണമേ! ദുഃഖം തീർത്തു ഞങ്ങളെ ആനന്ദിപ്പിക്കേണമേ! നിന്തിരുവടി ജയചിഹ്നമായ കുരിശുമായി ആവിർഭവിച്ചു് അങ്ങയെ വാഴ്ത്തി ആരാധിക്കുന്നവരെ സ്വർഗ്ഗരാജ്യത്തിലെ വലിയ പദവി നൽകി കൊണ്ടാടുമ്പോൾ വലത്തുഭാഗത്തു ഞങ്ങളേയും നിർത്തേണമേ! അവിടെ അങ്ങയുടെ പരിശുദ്ധസ്ഥലങ്ങളിൽ വെച്ചു ഞങ്ങൾ അങ്ങേയ്ക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ! ഹോശോ.......

## പ്രഭാതം

## പ്രുമിയോൻ

തിരുവുള്ളം തോന്നുകയാൽ സ്രോപഹമ്പാ, കാരാഗൃഹത്തിൽനിന്നു വെട്ടുവാൻ ആട്ടിൻകുട്ടിയെയെന്നപോലെ ശിക്ഷാവിധിക്കു കൂട്ടിക്കൊണ്ടു പോകപ്പെട്ടു. രോമം വെട്ടുന്നവന്റെ മുമ്പിൽ പെണ്ണാടുപോലെ ന്യായാധിപനായ പീലാത്തോസിന്റെ മുമ്പാകെ താഴ്മ പൂണ്ടു വായ് തുറക്കാതെ, ബദ്ധമൗനനായിനിന്ന മഹാരക്ഷിതാവു്, നികൃഷ്ടന്മാരാൽ അന്യായമായി മരണശിക്ഷ വിധിക്കപ്പെട്ട പാപശിക്ഷയിൽനിന്നു നമ്മെ സദയം വേർപെടുത്തി ന്യായാധിക്കൃതിയും, പരിഹാസവും പഴിയുമേറ്റിട്ടും അപമാന



ത്തിൽനിന്നു, തിരുമുഖം പിന്തിരിക്കാതെ നിന്നു് കരുണയാൽ നമ്മുടെ അവമാനം തീർത്ത അത്യുന്നതമഹിമാവും, എന്നും കാട്ടുന്നവരിൽനിന്നു് അശുദ്ധമായ തുപ്പൽ തിരുമുഖത്തേറ്റു് ആജ്ഞാലംഘിയായ ആദാമിനെ തന്റെ അവകാശത്തിലേയ്ക്കു വീണ്ടുകൊണ്ടുവരുവാൻ മുഖപ്രസാദവും ധൈര്യവും നൽകിയ മഹാ, ശക്തിമാനുമായ തന്തിരുവടിക്കു്.......

## സെദറാ

കാലങ്ങൾക്കുമുമ്പു പിതാവിന്റെ ഹൃദയത്തിൽനിന്നു ദൈവത്വേന ജനിച്ചവനും, കാലാവസാനത്തിൽ പരിശുദ്ധ കന്യകയായ മറിയാമിൽനിന്നു മനുഷ്യത്വേന ഉദിച്ചവനുമായ വചനമായിരിക്കുന്ന ദൈവം ദീർഘദർശികളുടെ ദീർഘദർശനങ്ങളേയും 'ദർശന'ക്കാരുടെ ഉപമകളേയും തിരുമെയ്യുകൊണ്ടു നിറവേറ്റി. കുലങ്ങളാകട്ടെ, വർഗ്ഗങ്ങളാകട്ടെ അറിഞ്ഞിട്ടില്ലാത്ത തത്വം ആരാണോ അവൻ, ഇന്നു ഭൂലോകമദ്ധ്യത്തിൽ ആവിർഭവിച്ചു. അഗ്നിമയന്മാരും സ്വർഗ്ഗീയസൈന്യങ്ങളും ആരുടെ തേജസ്സിൽ ചൂളിപ്പോകുന്നുവോ അവൻ ഇന്നു താഴ്മയോടെ ഭൂമിയിൽ പ്രത്യക്ഷീഭവിച്ചു. മാലാഖമാരും പ്രധാനമാലാഖമാരും ആരുടെ ദീപ്തിയിൽ വിറകൊള്ളുന്നുവോ അവൻ ഇന്നു് ഒരു മൃണ്മയനാൽ പിടിക്കപ്പെട്ടു; ക്രോബേന്മാർ ആരുടെ വാഹനങ്ങളോ സ്രോപ്പേന്മാർ ആരെ സ്തുതിച്ചു പാടുന്നുവോ, അവൻ ഇന്നു് ഒരു മൃൽപിണ്ഡത്താൽ അപമാനിക്കപ്പെട്ടു. സ്വർഗ്ഗീയസേനകൾക്കു് ആരുടെ മഹത്വത്തോടു സമീപിപ്പാൻ ത്രാണിയില്ലയോ അവൻ ഇന്നു

ദാസന്മാരാൽ അപഹസിക്കപ്പെട്ടു. ഈ വെള്ളിയാഴ്ച രാവിലെ പീലാത്തോസ് ആസ്ഥാനമണ്ഡപത്തിന്മേൽ ഇരുന്നു, യേശുതമ്പുരാനോ, ഒരു കുറ്റക്കാരനെപ്പോലെ അവന്റെ മുമ്പിൽ ബദ്ധനായി നിന്നു. ആകാശം സ്തുതിക്കുന്നതുപോലും ആരിൽ അല്പമായിരിക്കുന്നുവോ. അവന്റെ തിരുമുഖത്തു ഇന്നു് അവർ അശുദ്ധമായ തുപ്പൽ പുരട്ടി. ആകാശവും ആകാശങ്ങളുടെ ആരെ ഉച്ചത്തിൽ സ്തുതിക്കുന്നുവോ അവനെ ഇന്നു കൊരടാവുകൊണ്ടടിച്ചു. എല്ലാ ജഡങ്ങളും ആരുടെ തിരുമുമ്പിൽ വിചാരണയ്ക്കു നില്ക്കുന്നുവോ അവൻ ഇന്നു രാവിലെ വിചാരണ ചെയ്യപ്പെട്ടു. ആകാശത്തെ മേൽക്കട്ടിപോലെ വിരിച്ചവനും ഭൂമിയെ വെള്ളത്തിന്മേൽ പരത്തിയവനും ആരോ അവനു് ഇന്നു ന്യായാധിപനായ പീലാത്തോസിന്റെ മുമ്പാകെ കുറ്റം വിധിച്ചു. വെള്ളിയാഴ്ച രാവിലെ അവിടുന്നു് ആദാമിനെ പറുദീസായിൽ വാഴിച്ചു, വെള്ളിയാഴ്ച രാവിലെ യേശുവിനെ കൊല്ലേണമെന്നുള്ള ഉത്തരവു പുറപ്പെട്ടു. വെള്ളിയാഴ്ച രാവിലെ ആദാമിനെ സൃഷ്ടിച്ചു; വെള്ളിയാഴ്ച രാവിലെ അവനെ സൃഷ്ടിച്ചവൻ അവനു വേണ്ടി അവന്റെ മക്കളിൽനിന്നു ശിക്ഷയേറ്റു. വെള്ളിയാഴ്ച രാവിലെ ആദാം അനാഥനായി. വെള്ളിയാഴ്ച രാവിലെ അവനു വേണ്ടി അവന്റെ നാഥൻ പ്രഹരമേറ്റു. ആരുടെ വചനം പർവ്വതങ്ങളെ പുഞ്ജീകരിക്കുകയും സമുദ്രങ്ങളെ മണൽ കൊണ്ടു തടുക്കുകയും ചെയ്തുവോ അവൻ ഇന്നു ന്യായസ്ഥലത്തു ബന്ധനത്തിലാക്കപ്പെട്ടു. വിശേഷബുദ്ധിയുള്ള എല്ലാവർക്കും ആർ വചനം നൽകിയോ അവനെ ഇന്നു ഹന്നാസിന്റെ ഭവനത്തിൽ കൊണ്ടിട്ടടച്ചു. ഇന്നു തന്തിരുവടി ന്യായാധിപന്റെ മുമ്പിൽ സംസാരിക്കാതെ മൂകമൗന



നായി അടങ്ങിനിന്നു. തന്തിരുവടിയെ മുകളിൽ ഈറേന്മാർ ഭയപ്പെടുന്നു. ചുവട്ടിലുള്ളവർ അപഹസിക്കുന്നു. മുകളിൽ ക്രോബേന്മാർ തന്തിരുവടിയെ വാഴ്ത്തുന്നു. ചുവട്ടിൽവെച്ച് അക്രമികൾ അവമാനിക്കുന്നു. മുകളിൽ സ്രാപ്പേന്മാർ തന്തിരുവടിയെ സ്തുതിച്ചു പാടുന്നു, ചുവട്ടിൽവെച്ചു ധൃഷ്ടന്മാർ പഴിക്കുന്നു, മുകളിൽ അഗ്നിയെ കഞ്ചുകീകരിച്ചിരിക്കുന്നവൻ ചുവട്ടിൽ നിന്ദനീയമായ പരിഹാസക്കുപ്പായം ഇട്ടു. മുകളിൽ ആരെ അഗ്നിരഥം ഘോഷപൂർവം വഹിക്കുന്നുവോ അവൻ ചുവട്ടിൽ കുരിശുമരത്തിന്മേൽ തറയ്ക്കപ്പെട്ടു. മുകളിൽ ആർ പിതാവിനോടൊപ്പം സ്തുത്യമാനനായി മഹിമയോടു വർത്തിക്കുന്നുവോ അവൻ ചുവട്ടിൽ അക്രമികളുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടു. ആർ മുകളിൽ രാജാവും രാജാധിരാജനും അരചന്മാർക്കു കിരീടം നിർമ്മിക്കുന്നവനുമായിരിക്കുന്നുവോ അവൻ ചുവട്ടിൽ മുൾക്കിരീടം വഹിച്ചു. മുകളിൽ വിശേഷബുദ്ധിയുള്ള രഥങ്ങൾ ആരെ പുകഴ്ത്തുന്നുവോ അവനെ ചുവട്ടിൽ കള്ളന്മാരുടെ ഇടയിൽ കുരിശിന്മേൽ തറച്ചു. മുകളിൽ പിതാവിനോടും റൂഹായോടുമൊന്നിച്ച് ആർ ശ്രേഷ്ഠസിംഹാസനത്തിൽ മഹിമയോടേ വാണരുളുന്നുവോ അവൻ ചുവട്ടിൽ അപമാനത്തിനും അപഹാസത്തിനും തന്നെത്താൻ ഏല്പിച്ചുകൊടുത്തു. മുകളിൽ ക്രോബയോടു ജീവവൃക്ഷം കാക്കുവാൻ ആർ കല്പിച്ചുവോ അവനെ ചുവട്ടിൽ അവർ കുന്തംകൊണ്ടു വാരിഭാഗത്തു കുത്തിത്തുളച്ചു. മുകളിൽ ആർ ആംഗ്യംകൊണ്ടു മാറായിലെ കയ്പുവെള്ളം മധുരീകരിച്ചുവോ അവനു ചുവട്ടിൽ കാടിയും കയ്പുവെള്ളവും നീട്ടിക്കൊടുത്തു, മുകളിൽ ആർ ആദാമിൽ ജീവാത്മാവിനെ ഊതിക്കേറ്റിയോ ചുവട്ടിൽ അവൻ മ

രിച്ചവനെന്നപ്പോലെ പാതാളത്തിലേയ്ക്കിറങ്ങി പരേതരോടൊപ്പം ഗണിക്കപ്പെട്ടു. ഇതിനാലുള്ള കൃതജ്ഞതയെ ഈ സുഗന്ധധൂപം വഴിയായി നിന്തിരുവടിക്കു സമർപ്പിച്ചു വന്ദിച്ചു ഞങ്ങൾ ഇപ്രകാരം ഉണർത്തിക്കുന്നു:— നിർണ്ണയിക്കപ്പെടാവതല്ലാത്ത ന്യായവിധികളുള്ള ദൈവമേ നിന്തിരുവടിക്കു നമസ്കാരം. താഴ്മയേറിയ നിന്തിരുവടിക്കു നമസ്കാരം! ഞങ്ങൾക്കുവേണ്ടി ദേഹപീഡയേററ ദൈവമേ, നിന്തിരുവടിക്കു നമസ്കാരം! മരണമടഞ്ഞു ഞങ്ങളെ ജീവിപ്പിച്ച നിന്തിരുവടിക്കു നമസ്കാരം! സംസ്കാരം ചെയ്യപ്പെട്ട നിന്തിരുവടിക്കു നമസ്കാരം! മഹിമയോടെ ജീവിച്ചെഴുന്നേററു തന്നോടൊരുമിച്ചു പിതാവിന്റെ അടുക്കലേയ്ക്കു ഞങ്ങളെ കൊണ്ടുപോയ നിന്തിരുവടിക്കു നമസ്കാരം! ഞങ്ങളെ രക്ഷിപ്പാൻ വേണ്ടതൊക്കെയും ചെയ്തുവച്ചു ഈ പ്രഭാതത്തിൽ നിന്തിരുവടിയുടെ മനുഷ്യത്വത്തിൽ സ്വവിശ്വാസം പൂണ്ടു നിന്തിരുവടിയുടെ ദൈവത്വത്തെ ഞങ്ങൾ പുകഴ്ത്തുന്നു! ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഈ കൃത്യമെല്ലാം സാധിച്ചവനായ ദൈവമേ, ഞങ്ങൾക്കുവേണ്ടി നിന്തിരുവടി പീഡയനുഭവിച്ചു കുരിശിന്മേൽ തറയ്ക്കപ്പെട്ടു മരിച്ചതിനെ സ്മരിക്കുന്ന ദിവസത്തിൽ ഇപ്പോൾ ബലഹീനരായ ഞങ്ങൾ തിരുമുമ്പാകെ സമർപ്പിക്കുന്ന ഈ സുഗന്ധധൂപം മുഖേന അങ്ങയോടു പ്രാർത്ഥിക്കുന്നതെന്തെന്നാൽ അങ്ങയുടെ പീഡയിൽ പീഡയനുഭവിപ്പാനും താഴ്മയിൽ സാമ്യപ്പെടുവാനും പുനരുത്ഥാനത്തിൽ ആനന്ദിപ്പാനും അങ്ങയ്ക്കു പ്രിയം ചെയ്ത എല്ലാവരോടുമൊപ്പം ഉല്ലസിപ്പാനും നിന്തിരുവടിയുടെ കൃപയാലും പിതാവിന്റെ തിരുവുള്ളത്താലും വിശുദ്ധ റൂഹായുടെ പ്രേരണയാലും ഞങ്ങൾ അർഹരാകേണമേ. ഹോശോ......



## ഏത്രോ

മരത്തിന്മേൽ ബലികഴിക്കപ്പെട്ട പാവന 'പശ്ശ'വായ അങ്ങയ്ക്കു സ്തുതി! ആരുടെ വധം ലോകത്തിൽ സുഗന്ധധൂപമായി, പ്രസാദകരമായ ധൂപക്കുറ്റായിത്തീർന്നുവോ ആ അങ്ങയ്ക്കു സ്തുതി! അങ്ങുന്നാണല്ലോ സഭയെ പാപപങ്കത്തിൽനിന്നും അശുദ്ധ ബലികളിൽനിന്നും അഭക്തിജന്യങ്ങളായ ദുഷ്കൃത്യങ്ങളിൽനിന്നും രക്ഷിച്ചതു്. അങ്ങയുടെ രക്തത്താൽ ഞങ്ങൾ മരണത്തിൽനിന്നും, നാശത്തിൽ നിന്നും രക്ഷിക്കപ്പെട്ടു. അങ്ങുന്നത്രേ മഹിമയേറിയ രക്ഷാകരൻ! ഞങ്ങൾ അങ്ങയുടെ കുരിശിനെ വന്ദിച്ചു് അങ്ങയുടെ പീഡകളിൽ ദൃഢവിശ്വാസം കൊള്ളുന്നു. ഞങ്ങൾ അങ്ങയുടെ കുരിശിനാൽ ജീവിച്ചു് അങ്ങയുടെ മരണത്താൽ സ്വതന്ത്രരായി അങ്ങയുടെ സാഹായ്യങ്ങളാൽ ഉൽകൃഷ്ടരുമായി. ഞങ്ങളുടെ നിസ്സാരമായ സ്തുതി അങ്ങയ്ക്ക് എത്രയോ തുച്ഛമാകുന്നു! അങ്ങുന്നു സൃഷ്ടിച്ചു രക്ഷിച്ചിരിക്കുന്ന സകലത്താലും അങ്ങയ്ക്കു സ്തുതി!

## മൂന്നാം മണി (ഏഴര)

## പ്രുമിയോൻ

ഞങ്ങളെ രക്ഷിച്ച പരിശുദ്ധനും, ഞങ്ങളുടെ ജീവനെ വീണ്ടുകൊള്ളുന്നവനും, സ്വബലിയാൽ ഞങ്ങളെ ചൈതന്യശാലിയും ചൈതന്യദേഹങ്ങളെ വഹിച്ച

താവുമായ ആട്ടിൻകുട്ടിയും, ചൈതന്യപ്രദമായ തന്റെ
പീഡയാൽ ദുഷ്ടന്റെ നിഷ്ഠുരതയിൽനിന്നു ഞങ്ങ
ളെ മോചിപ്പിച്ചവനും ജീവൻ നല്കുന്ന തന്റെ മരണ
ത്താൽ ഞങ്ങളെ മരണത്തിന്റെ കയ്യിൽനിന്നു വീണ്ടെടു
ത്തവനും, രക്ഷാകരമായ തന്റെ കുരിശിനാൽ ഞങ്ങളെ,
പൊയ്പോയ അവകാശത്തിലേയ്ക്കു കൊണ്ടുവന്നവനു
മായ തന്തിരുവടിക്ക്.......!

സെദറാ

ജ്ഞാനമുള്ള ശില്പിയായ ദൈവമേ, നിന്തിരുവ
ടി ആറാം ദിവസമാകുന്ന ഈ വെള്ളിയാഴ്ച ആദാമിനെ
കല്പിച്ചു സൃഷ്ടിച്ച് അങ്ങയുടെ ശ്രേഷ്ഠ സ്വരൂപം
അവനിൽ പകർത്തി, ആനന്ദങ്ങളുടേയും സർവ്വശ്രേയസ്സു
കളുടേയും ഇരിപ്പിടമായ പറുദീസായെ വിശ്വാസപൂർവ്വം
അവനെ ഏല്പിച്ചു. എന്നാൽ ആവൻ സ്വേഛചാരിത്വ
ത്താൽ ഭാര്യയുടെ ആലോചനയ്ക്കധീനനായി, അങ്ങയു
ടെ ആജ്ഞ ലംഘിച്ചതിനാൽ ഈ വെള്ളിയാഴ്ച പറു
ദീസായിൽനിന്നു ബഹിഷ്കൃതനായി നിഷ്കാസനം
ചെയ്യപ്പെട്ടു. നാഥ എങ്കിലും ദയാലുവായ അവിടെയ്ക്കു
അവന്റെ പേരിൽ അനുകമ്പതോന്നി. അങ്ങയുടെ അനുഗ്ര
ഹങ്ങളും ആ ബലഹീനനായ നികൃഷ്ടങ്കലേയ്ക്കു ഒഴു
കി. ഈ വെള്ളിയാഴ്ച നിന്തിരുവടി പീഡയ്ക്കും കു
രിശുമരണത്തിനും എഴുന്നള്ളിവന്നു. ഈ വെള്ളിയാഴ്ച
ഹന്നാന്റേയും കയ്യാപ്പായുടേയും ആളുകൾ, 'അവനെ കു
രിശിന്മേൽ തറയ്ക്കുക, തറയ്ക്കുക' എന്നു ഗർജ്ജിച്ചു!
ഈ വെള്ളിയാഴ്ച നീതികെട്ട ന്യായാധിപന്മാർ സർവ്വ
നാഥനായ നിന്തിരുവടിക്കു ശിക്ഷവിധിച്ചു. ഈ വെള്ളി
യാഴ്ച വലത്തുഭാഗത്തെ കള്ളൻ അങ്ങയെ മരത്തിന്മേൽ
കണ്ടപ്പോൾ അങ്ങുന്നു ദൈവമാകുന്നുവെന്ന് അങ്ങയുടെ



പേരിൽ വിശ്വാസപ്പെട്ടു. ഈ വെള്ളിയാഴ്ച ഏദേൻ
തോട്ടത്തിൽ വെച്ചു പരാജിതമായ ഞങ്ങളുടെ സ്വഭാവ
ത്തിനു നിന്തിരുവടി വിജയം വീണ്ടുതന്നു. ഈ വെള്ളിയാ
ഴ്ച സൂര്യൻ പുണ്യമഹാസൂര്യനായ അങ്ങയെ കുരിശി
ന്മേൽ കണ്ടിട്ടു നിറം കെട്ടുപോയി. ഈ വെള്ളിയാഴ്ച
അങ്ങയെ ഗാഗുൽത്തമേൽ കണ്ടിട്ടു മലകൾ വിറച്ചു ഭൂമി
കുലുങ്ങി. ഈ വെള്ളിയാഴ്ച അററമില്ലാത്ത അനുഗ്രഹ
സമുദ്രമായ അങ്ങയ്ക്കു അവർ കാടിയും കയ്പുനീരും
തന്നു. ഈ വെള്ളിയാഴ്ച മഹാരഹസ്യമടങ്ങിയ ന്യായ
വിധി പീലാത്തോസു രേഖപ്പെടുത്തി, ഈ വെള്ളിയാഴ്ച
നിന്തിരുവടി കുരിശിന്മേൽ പീഡയേല്പാൻ എഴുന്നള്ളി
വന്നു. ചൈതന്യപ്രദമായ തന്റെ പീഡയാൽ ഞങ്ങളുടെ
പീഡകൾ തീർത്തു. ഈ വെള്ളിയാഴ്ച ആകാശത്തെ മേ
ക്കട്ടിപോലെ വിരിച്ച നിന്തിരുവടി തന്നെത്താൻ സ്വ
ഛയാ കുരിശിന്മേൽ വിരിച്ചു. ഈ വെള്ളിയാഴ്ച കുരി
ശിന്മേൽ തൂങ്ങിക്കിടക്കുന്ന നിന്തിരുവടിയെ നിരീക്ഷി
ച്ച് അഗ്നിമയന്മാരും ആത്മമയന്മാരും അമ്പരന്നു നി
ന്നു. ഈ വെള്ളിയാഴ്ച സാത്താനും അവന്റെ സൈന്യ
ങ്ങളായ എല്ലാ പിശാചുക്കളും അഗ്നിക്കരികിൽ മെഴുക
പോലെ ഉരുകിപ്പോയി. ഈ വെള്ളിയാഴ്ച ആകാശവീ
ഥിയിൽ സൂര്യൻ കീഴ്പോട്ടു ചാഞ്ഞു നിന്തിരുവടി ഭൂമ
ധ്യത്തിൽ രക്ഷയുണ്ടാക്കി. ഈ വെള്ളിയാഴ്ച ഞങ്ങളുടെ
വർഗ്ഗത്തിനു മരണത്തിൽനിന്നും സാത്താനിൽനിന്നും ര
ക്ഷകിട്ടി. ഈ വെള്ളിയാഴ്ച വിസ്മനീയവും ദൈവി
കവുമായ രഹസ്യം നിറഞ്ഞ കുരിശാരോഹണംമൂലം ജീവ
നുള്ള കുരിശു പാപങ്ങളെ തങ്കൽ താഴ്ച. ഈ വെള്ളിയാ
ഴ്ച ശവക്കല്ലറകളും പാറകളും പിളർന്നു. മരിച്ചവർ നി
ന്തിരുവടിയുടെ ശബ്ദത്താൽ പ്രത്യുജ്ജീവിച്ചെഴുന്നേററു.
ഈ വെള്ളിയാഴ്ച ഞങ്ങളുടെ നാഥാ അങ്ങയുടെ പാർശ്വ

ഭാഗത്തിൽനിന്നു, വിശ്വാസപൂർവ്വം കൈക്കൊള്ളുന്ന
ഭക്തന്മാർക്കു ജീവമധുവായ ചോരയും നീരും ഒഴുകി.
ഈ വെള്ളിയാഴ്ച അങ്ങയുടെ മരണത്തിന്റെയും പുനരു
ത്ഥാനത്തിന്റെയും രഹസ്യത്തിൽ വിശ്വസിക്കുന്നവരും
വിശ്വസിച്ചവരുമായ മനുഷ്യർ തികച്ചും വീണ്ടെടുക്കപ്പെ
ട്ടു. ഈ വെള്ളിയാഴ്ചപരിശുദ്ധസഭ അഭംഗമായ സ്തു
തിയെ സമർപ്പിച്ച് ഇപ്രകാരം ഉണർത്തിക്കുന്നു— ഞങ്ങൾ
ക്കു വേണ്ടി മനോനുസാരേണ വരിച്ച താഴ്മയ്ക്കായി
ഇറങ്ങിവന്ന മശിഹാതമ്പുരാനേ നിന്തിരുവടിക്കു സ്തു
തി! ഏദേൻ തോട്ടത്തിൽ വെച്ച് പരാജിതമായിപ്പോയ
ഞങ്ങളുടെ സ്വഭാവത്തെ മഹത്തായ ജയത്താൽ ഉയർത്തി
യ നിന്തിരുവടിക്കു സ്തുതി! പീഡയേറ്റു ഞങ്ങളെ
രക്ഷിച്ച നിന്തിരുവടിക്കു സ്തുതി! ഉജ്ജ്വലിക്രമരാശിയാ
യ നിന്തിരുവടിക്കു സ്തുതി! അതീതനും വർത്തമാനനു
മായ നിന്തിരുവടിക്കു സ്തുതി! കരുണാനുസാരേണ ഞ
ങ്ങൾക്കുവേണ്ടി പീഡയേറ്റവനും പ്രകൃത്യാ പീഡാരഹി
തനുമായ നിന്തിരുവടിക്കു സ്തുതി! എല്ലാ വായ്കളിൽ
നിന്നും നിന്തിരുവടിക്കു സ്തുതി! എല്ലാ നാവുകളാലും
നിന്തിരുവടിക്കു സ്തുതി! എല്ലാ സമയങ്ങളിലും നിന്തി
രുവടിക്കു സ്തുതി! എല്ലാററിനെക്കുറിച്ചും നിന്തിരുവടി
ക്കു സ്തുതി! അനിർണ്ണേയനായ നിന്തിരുവടിക്കു സ്തു
തി! അമേയനായ നിന്തിരുവടിക്കു സ്തുതി! നിന്തിരുവ
ടിക്ക് ആയിരം സ്തുതി! നിന്തിരുവടിക്കും പിതാവി
നും പരിശുദ്ധറൂഹായ്ക്കും പതിനായിരം പതിനായിരം
സ്തുതി! ഹോശോ......



## മദ്ധ്യാഹ്നം

## പ്രുമിയോൻ

സ്വേച്ഛയാ ഞങ്ങൾക്കു വേണ്ടി മരിപ്പാൻ കരിശുമ
രം വഹിച്ചവനും സ്വശക്തിയാൽ സൃഷ്ടികളെ വഹി
ക്കുന്ന ബലവാനും തന്റെ പുണ്യരക്തം ചിന്തിച്ചു മനു
ഷ്യരുടെ കടച്ചീട്ടു ചീന്തിക്കളഞ്ഞ അദൃശ്യനും ഉന്നതനും,
സൃഷ്ടിക്കപ്പെട്ടവയും തൃക്കൈ നീട്ടൽ കൊണ്ടു ഭൂമിയുടെ
എല്ലാ അതിരുകളേയും ഭാഗങ്ങളേയും പിടിച്ച നിർമ്മല
നും സ്വമഹിമയുടെ ഉദയത്തിൽ നിന്നു മാറാതെ ഞങ്ങ
ളെ രക്ഷിപ്പാൻ ഞങ്ങളുടെ മനുഷ്യത്വത്തിന്റെ അസ്തമ
യത്തിലേയ്ക്കു വാഹനമേറിയ പ്രകാശത്തിന്റെയും ഉദ
യത്തിന്റെയും നാഥനുമായ തന്തിരുവടിക്കു സ്തുതി!
തന്തിരുവടിക്ക്........

## സെദറാ

ആറു വചനങ്ങൾകൊണ്ടു ലോകത്തേയും അതിലുള്ള
സകലത്തേയും സൃഷ്ടിച്ചു തന്റെ ജ്ഞാനത്താൽ ക്രമ
പ്പെടുത്തിയ ജ്ഞാനമുള്ള സ്രഷ്ടാവായ നിന്തിരുവടി
ക്കു സ്തുതി! നിന്തിരുവടിക്കു കീർത്തനം! നിന്തിരുവടി
യുടെ ഏക പുത്രൻ പീഡയേറ്റ് ആറു ദിവസംകൊണ്ടു
എല്ലാ സൂചനയേയും നിറവേററി സൃഷ്ടിയെ പുതുപ്പി
ച്ചു ആ പരമസ്വതന്ത്രൻ വെള്ളിയാഴ്ച അററമില്ലാത്ത
കീഴ്വണക്കം കാണിച്ചു ഞങ്ങളുടെ ആദ്യപിതാവായ

ആദാമിൻെറ ആജ്ഞാലംഘനത്തെ ഇല്ലായ്മചെയ്തു.
ഏകജാതനായ ദൈവം വെള്ളിയാഴ്ച കുരിശിന്മേൽ
തൃക്കൈകൾ നീട്ടി, ആദ്യനായ ആദം ഭുമ്പുക്ഷയോടേ പ
ഴത്തിന്മേലെയ്ക്കു നീട്ടിയ കയ്യിനെ സ്വാസ്ഥ്യപ്പെടു
ത്തി. തന്തിരുവടി അവനുവേണ്ടി രക്തത്തിനും കൊല
യ്ക്കും സതൃഷ്ണരായ കൊലയാളികളിൽനിന്നു പീഡ
യും കുരിശുമരണവും കൈക്കൊണ്ടു. അവരുടെ കരികല്ലു
പോലെ കർക്കശമായ ഹൃദയം ഉണ്ടായ കാര്യങ്ങളെ തി
രിച്ചറിഞ്ഞില്ല. അവർക്കു സ്വകൃത്യങ്ങളിൽ ചഞ്ചലിപ്പു
ണ്ടായതുമില്ല. തന്തിരുവടി ഏകജാതനായി വചനമായി
രിക്കുന്ന ദൈവമാണെന്നറിഞ്ഞിട്ടും അവർ പ്രതികൂലം പ്ര
വർത്തിച്ചതേയുള്ളു. ഹാ കഷ്ടം! സ്രഷ്ടാവിൽനിന്നു
ബന്ധമോക്ഷം സമ്പാദിക്കുകയോ തങ്ങളുടെ കൈ കഴു
കുകയോ ചെയ്യാതെ അവർ ഹൃദയ കാഠിന്യത്തോടേ കൊ
ലചെയ്‌വാൻ ഒരുങ്ങുകതന്നെ ചെയ്തു. നിർദ്ദോഷമായ
രക്തം ചിന്നിപ്പാനായി ആ രക്ഷിതാവിൻെറ മേൽ
കൈവെച്ചു കുററം ചുമത്തി ധൃഷ്ടകാന്തിയോടേ പിടികൂ
ടി ന്യായവിധിക്കായി കൊണ്ടു ചെന്നു ന്യായാധിപനെ
ഏല്പിച്ചു. അവർ തന്തിരുവടിയെ കുരിശു ചുമപ്പിച്ചു
ഗോഗുൽത്തായിലേയ്ക്കു കൊണ്ടുപോയി ഭൂമധ്യത്തിൽ
നാട്ടിയിരിക്കുന്ന കുരിശിന്മേൽ കയററി. അവർതന്തിരുവ
ടിയുടെ മഹനീയമായ ശിരസ്സിൽ മുൾക്കിരീടം വെച്ചു,
തിരുമുഖത്തു തുപ്പൽ പുരട്ടി അധിക്ഷേപിച്ചു. ചുകന്ന വ
സ്ത്രം ധരിപ്പിച്ചു. കാടിയും കയ്പുനീരും കുടിപ്പിച്ചു
തൃക്കൈകളിലും തൃക്കാലുകളിലും ആണിതറച്ചു വാരിഭാഗ
ത്തു കുന്തം കൊണ്ടു കുത്തി ജീവനേയും മരണത്തേയും
സൂചിപ്പിക്കുന്ന ചോരയും നീരും ഒഴുക്കി. 'എൻെറ ദൈ
വമേ എൻെറ ദൈവമേ നിന്തിരുവടി എന്നെ ഉപേക്ഷിച്ച
തു് എന്തുകൊണ്ടാണ്?' എന്നിങ്ങനെ ഉച്ചത്തിൽ ഉന്നത



ശബ്ദത്തിൽ ഉച്ചരിച്ചു. തന്തിരുവടിയുടെ ശബ്ദത്താൽ
ഭൂമി കുലുങ്ങി, പാറ പൊളിഞ്ഞു, സൂര്യൻ ഇരുണ്ടു, തീക്ക
ൽപ്പാറകൾ പൊട്ടിച്ചിതറി, ദേവാലയത്തിലെ തിരശ്ശീല
മുടിമുതൽ അടിവരെ കീറി, അഗ്നിമയന്മാർ അന്ധാ
ളിച്ചു, ആത്മയന്മാർ വിറച്ചു. സഹചാരികൾ പരിഭ്രമി
ച്ചു, ദൂതന്മാർ അമ്പരന്നു ക്രോബേന്മാർ വിറച്ചു. നാഥൻ
മരത്തിന്മേൽ തൂങ്ങിക്കിടക്കുന്നതു കണ്ടിട്ടു സ്രാപ്പേർമാർ
ചൂളിപ്പോയി. തൻെറ സ്രഷ്ടാവിൻെറ നഗ്നത കാ
ണാതിരിപ്പാനായി സൂര്യൻ രശ്മികളെ മറച്ചു. അനാദ്യ
ന്തപ്രകാശം മരത്തിൻമേൽ തൂക്കപ്പെട്ടതു കാണുകയാൽ നട്ടു
ച്ചയ്ക്കു കൂരിരുട്ടുയർന്നു. ശിഷ്യൻമാർ പാഞ്ഞുപോകുന്നു,
സ്നേഹിതന്മാർ ചിന്നിച്ചിതറുന്നു. ബർക്കിയായുടെ
പുത്രാ, ഉണർന്നെഴുന്നേല്ക്കുക, ഇതാ നിൻെറ ദീർഘദർ
ശനം നിറവേറിയിരിക്കുന്നു. ഇടയൻ അടിയേററു, അവ
ൻെറ ആടുകൾ ചിതറിപ്പോയി. അഗ്നിമയൻമാർ എവി
ടെ? അഗ്നിജ്വാലാഛാദിതൻമാർ എവിടെ? മീഖായേ
ലേ നിൻെറ വീര്യം എവിടെ? ആയിരം ആത്തൂറായരെ
കൊലചെയ്ത നിൻെറ വാൾ എവിടെ? ദൂതൻമാരുടെ
തലവനായ ഗബ്രിയേലേ, നിൻെറ ഉഗ്രത എവിടെ? ശി
ഷ്യരേ ഭയപ്പെടേണ്ട! ശക്തിപൂണ്ടു ധൈര്യപ്പെട്ടു് ഒന്നി
ച്ചു കൂടുവിൻ! ഇന്നു നിങ്ങളുടെ ഗുരു അടിയേററുവെങ്കിലും
അദ്ദേഹത്തെക്കുറിച്ചു ദീർഘദർശി ഉൽഘോഷിച്ച പ്രകാ
രം ഞായറാഴ്ച അദ്ദേഹം ജീവിച്ചെഴുന്നേല്ക്കും. ശെമവോ
നേ നീ എവിടെ പോകുന്നു? യൂഹാനോനേ നീ എവി
ടെയ്ക്കോടുന്നു? ബർത്തോൽമായേ നീ എവിടേയ്ക്കു
പായുന്നു? തോമായേ നീ എവിടെയ്ക്കു മാറുന്നു? പീലി
പ്പോസേ നീ എവിടെയ്ക്കു് അകലുന്നു? അന്ത്രയോസേ,
നീ എന്തിനു ദു:ഖിക്കുന്നു? യാക്കോബേ നീ എന്തിനു വി
ലപിക്കുന്നു? ലേവീ നീ എന്തിനു കരയുന്നു? ശ്ലീഹൻമാ
രേ നിങ്ങൾ ചിതറിപ്പോകുവാൻ വെമ്പരുതേ! ഇന്നു നി
ങ്ങൾ ഓടിപ്പോയാലും ഞായറാഴ്ച ഒന്നിച്ചു കൂടും. ഇന്നു

ഭയത്താൽ ഒളിക്കുന്നതിനുള്ള ഓട്ടമാണ്, ഞായറാഴ്ച ആനന്ദത്തിനുള്ള കൂട്ടമാണ്. ഇന്നു ഭയവും വിറയലും അത്രെ. ഞായറാഴ്ച സന്തോഷകരമായ സുചരിതമത്രെ. ഇന്നു നിങ്ങളുടെ വർഗ്ഗത്തിനു വിലാപം, ഞായറാഴ്ച സന്തോഷവും ആനന്ദവും. നിങ്ങളുടെ ഗുരു ശവക്കല്ലറയിൽ നിന്നു ജീവിച്ചെഴുന്നേററു എന്നുകേൾക്കുമ്പോൾ യൂദന്മാർ ദുഃഖിച്ചു വിലപിക്കും. ഞങ്ങളുടെ മശിഹാതമ്പുരാനേ അങ്ങയോടു ഞങ്ങൾ ഇങ്ങിനെ പ്രാർത്ഥിക്കുന്നു, അങ്ങയുടെ ഈ രക്ഷാകരമായ പീഡാനുഭവദിവസം അങ്ങുന്നു ഞങ്ങളെ പീഡാനുഭവത്തിനും നിർബ്ബാധരുമാക്കിത്തീർക്കേണമേ! ഞങ്ങളെ എല്ലാ പാപദുർവികാരങ്ങളിൽ നിന്നു വേർപെടുത്തേണമേ! അങ്ങയുടെ ദിവ്യശക്തിയാലും പിതാവിന്റേയും പരിശുദ്ധറൂഹായുടേയും കൃപയാലും ഞങ്ങൾ ശത്രുവിന്റെ വ്യാപാരങ്ങളെയെല്ലാം ജയിക്കുമാറാകേണമേ! ഹോശോ.,,,....



## എത്രോ

സ്നേഹത്താൻ തിരുവുള്ളം തോന്നുകയാൽ ഞങ്ങൾക്കുവേണ്ടി ആർ ജഡമെടുത്തു പീഡയേററുവോ, ആറുമണിക്കു കുരിശിന്മേൽ നഗ്നനായിക്കിടന്ന ആരെ കാണാതിരിപ്പാനായി ആകാശവീഥിയിൽ സൂര്യൻ ഇരുട്ടടഞ്ഞുവോ, ആരുടെ ശബ്ദം കേട്ടിട്ടു പാറകൾ പൊളിയുകയും ശവക്കല്ലറകൾ തുറക്കുകയും, ശവക്കല്ലറകളിൽനിന്ന് അനേകം പരേതർ ജീവിച്ചെഴുന്നേല്ക്കുകയും ചെയ്തുവോ, പിതാവിന്റെ പൈതലായ ആ നിന്തിരുവടിക്കു സ്തുതി! നാഥ, ഞങ്ങളെ ജീവകാലം മുഴുവനും പാപപതനം പററാതെ തിരുമുമ്പാകെ നിർത്തേണമേ! ഞങ്ങളുടെ ആരാധനാധൂപത്തിൽ ധൂപക്കുറ്റി കൈക്കൊണ്ടു ഞങ്ങളുടെ നിർവൃതിക്കൊള്ളണമേ! ഞങ്ങൾ എല്ലായ്പോഴും അങ്ങയ്ക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിപാടുമാറാകേണമേ!

(ഒമ്പതാം മണി)

## പ്രുമിയോൻ

ദൈവത്വത്താൽ സ്വതേ സർവോന്നതനും അദൃശ്യനും ഞങ്ങൾക്കുവേണ്ടി സ്വേച്ഛയാ പീഡയേല്പാൻ ഞങ്ങളുടെ അടുക്കലേയ്ക്കു വന്ന പീഡാതിവർത്തിയും ഞങ്ങളെ രക്ഷിപ്പാൻ സദയം ജഡത്തിൽ മരണം ആസ്വദിച്ച അമരണനും പാപത്തിന്റെ ശിക്ഷാവിധിയിൽ നിന്നു ഞങ്ങളെ കരുണയോടെ വേർപെടുത്താൻ ന്യായസ്ഥലത്തു പീലാത്തോസിന്റെ മുമ്പാകെ നിന്ന നാടുവാഴിയായ ന്യായാധിപതിയും ഞങ്ങൾക്കു വേണ്ടി പിതാവിനോടു പ്രാർത്ഥന ചെയ്ത പ്രാർത്ഥ്യമാനനുമായ നിന്തിരുവടിക്ക് ഈ നേരത്തും.....

## സെദറ

തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ഞങ്ങളെ
സൃഷ്ടിച്ച ഉന്നതനും അത്യുൽകൃഷ്ടനുമായ ദൈവമേ,
അങ്ങയുടെ ശ്രേഷ്ഠമായ ഉണ്മയെ ഞങ്ങൾ വാഴ്ത്തി സ്തു
തിച്ചു സുവിശ്വാസംകൊള്ളുന്നു! സ്വർഗ്ഗീയ പിതാവിന്റെ
വചനമായ ഏക പുത്രാ, അങ്ങയുടെ രക്ഷയെ ഞങ്ങൾ പുക
ഴ്ത്തുന്നു! ഞങ്ങളെ കെട്ടമണ്ണിൽനിന്നു തിരുമുമ്പാകെ
സ്തുതിപാഠകന്മാരായി നിർത്തിയ അങ്ങയുടെ പരിശുദ്ധ
റൂഹായെ ഞങ്ങൾ പുകഴ്ത്തുന്നു! ഭൂമിയിലെ രാജാവായി
ആദ്യമനുഷ്യനായ ആദാമിനെ മേടമാസം 6–ാംതീയതി
വെള്ളിയാഴ്ച സൃഷ്ടിച്ചു. അവൻ മഹിമയോടെ
ഉല്ലസിപ്പാനും ദൂതന്മാർക്കു പാർച്ചക്കാരനാകുവാനും അവ
നെ അങ്ങുന്നു പറുദീസായിൽ വാഴിച്ചു. വെള്ളിയാഴ്ച
പ്രഭാതത്തിൽ അങ്ങുന്നു് അവനെ ഏദനിൽ അവകാശി
യാക്കി, ഭൂമിയിലുള്ള സകലത്തിന്റെയും ആധിപത്യം
നല്കി. എന്നാൽ മൂന്നുമണിക്കു ലോഭനീയമായ പഴ
ത്തിന്റെ അടുക്കലേയ്ക്കു മൂഢതയാൽ ചെന്നു വെമ്പ
ലോടെ ഭക്ഷിച്ചു നഗ്നനായിതീർന്നു. 'ആദാമേ, ആദാ
മേ നീ എവിടെയാകുന്നു?' എന്നു് ഒരു ഗംഭീരശബ്ദം
അവൻ കേട്ടു. 'എന്റെ നാഥാ, നിന്തിരുവടിയുടെ ശബ്ദം
കേട്ടിട്ടു ഒളിച്ചിരിക്കയാണു ഞാൻ എന്നു അവൻ സല
ജ്ജനായി ഉത്തരം പറഞ്ഞു. അപ്പോൾ തീക്ഷ്ണ ക്രോധവും അമർ
ഷവും പൂണ്ടു 'കീഴ്‌വണക്കമില്ലാത്ത ദാസാ, നീ നിന്റെ
അവകാശം വിട്ടു മുള്ളു നിറഞ്ഞ ശപിക്കപ്പെട്ട ദിക്കിലേ
യ്ക്കു പോകുക എന്നു് അവനോടു കല്പിച്ചു. ഈ വെ
ള്ളിയാഴ്ച അവൻ നാഥന്റെ ആജ്ഞയാൽ പറുദീസ
യിൽനിന്നു നിഷ്കാസിതനായി. അവന്റെ സഹായ്യ
ത്തിനായി സൃഷ്ടിക്കപ്പെട്ട ഹവ്വായോടുകൂടി അവനെ
അവിടെനിന്നു് ഈ ദുഃഖകരമായ ജീവിതത്തിലേയ്ക്കു



തള്ളി. നിന്തിരുവടിയുടെ രാജകീയ സ്വരൂപം നശിച്ചു
പോകുന്നതു നിന്തിരുവടിയുടെ കൃപയ്ക്കു സമ്മതമാകാ
യ്കയാൽ നിന്തിരുവടി സ്വരൂപരക്ഷയ്ക്കായി തന്റെ
വചനമായ അനാദ്യന്തനെ നിയോഗിച്ചയച്ചു. തന്തിരുവ
ടി പാപപരിഹാരമെന്നിയെഭരണം നടത്തി. ആദാമിനെ
രക്ഷിപ്പാനായിട്ടു തന്തിരുവടി വെള്ളിയാഴ്ച കുരിശാ
രോഹണത്തിന്നൊരുങ്ങിച്ചെന്നു, തന്തിരുവടിയെ ഒരു
ദുഷ്ടനെ എന്നപോലെ ഹന്നായുടെ ഭവനത്തിൽ ബന്ധ
നത്തിലാക്കി, കയ്യാപ്പായുടെ ഗൃഹത്തിൽ വച്ചു് ഒരു കുറ
ക്കാരനെ എന്നപോലെ തന്തിരുവടിയെ വടി കൊണ്ടടി
ച്ചു. തന്തിരുവടി ദുർബലനെപ്പോലെ തൂണിനെ കെട്ടിപ്പി
ടിച്ചു. പീലാത്തോസിന്റെ കൊട്ടാരത്തിൽ വെച്ചു തന്തി
രുവടിയെ കുറ്റക്കാരനെ എന്നപോലെ കൊലപ്പെടുത്താ
നേല്പിച്ചു. വെള്ളിയാഴ്ച ആദമിനെ സൃഷ്ടിച്ചു. മേട
മാസം 14–ാംതീയതി വെള്ളിയാഴ്ച നമ്മുടെ നാഥനായ
യേശുമശിഹാദൈവം നമുക്കു വേണ്ടി പീഡയേറ്റു നമ്മെ
രക്ഷിച്ചു. വെള്ളിയാഴ്ച ആദാമിനെ ദൈവം സൃഷ്ടി
ച്ചു. വെള്ളിയാഴ്ച മശിഹാതമ്പുരാൻ ആദാമിന്റെ മക്ക
ളായ അശുദ്ധരിൽ നിന്നു തുപ്പലേറ്റു. വെള്ളിയാഴ്ച തി
ര്യഗ് ജന്തുക്കളെല്ലാം അവയ്ക്കു പേരിട്ടു കിട്ടുന്നതിനു
തല കുനിച്ചു വന്ദിച്ചുകൊണ്ടു് ആദാമിന്റെ അടുക്കൽ ഒത്തു
കൂടി. വെള്ളിയാഴ്ച യൂദന്മാർ, 'യൂദന്മാരുടെ രാജാവേ,
വിജയിച്ചാലും!' എന്നപഹസിച്ചുകൊണ്ടു യേശുവിനെ
തിരായി സംഘംകൂടി. "ബാശാനിലെ അനേകം കാളകളും
കാളക്കുട്ടികളും എന്നെ ചുററിവളഞ്ഞു' എന്നു ദാവീദു പറ
ഞ്ഞതു നിറവേറി. വെള്ളിയാഴ്ച ആദാമിന്റെ തലയിൽ
കിരീടം വെയ്ക്കപ്പെട്ടു. വെള്ളിയാഴ്ച നമ്മുടെ നാഥ
ന്റെ തലയിൽ മുൾക്കിരീടം വെയ്ക്കപ്പെട്ടു. ആദാം മഹി
മയോടെ ശോഭിച്ചുകൊണ്ടു പറുദീസായിൽ മൂന്നു മണി
ക്കൂർ നേരം ഇരുന്നു. നമ്മുടെനാഥൻ ആദാമിന്റെ മക്കളായ

മൃണ്മയന്മാരുടെ അടിയേററുകൊണ്ടു മൂന്നു മണിക്കൂർ നേരം ന്യായസ്ഥലത്തുനിന്നു. വെള്ളിയാഴ്ച ഹവ്വ ഗുണദോഷവിവേചനവൃക്ഷത്തിൻെറ അടുക്കലേയ്ക്കുചെന്നു. വെള്ളിയാഴ്ച ആറുമണിക്കു ജീവവൃക്ഷമായ മശിഹാതമ്പുരാൻ കുരിശിന്മേൽ കയറി. വെള്ളിയാഴ്ച ഹവ്വ ആദാമിനു മരണകരമായ പഴം കൊടുത്തു. അവൻ ഭക്ഷിച്ചു മരിച്ചു. വെള്ളിയാഴ്ച ജനങ്ങൾ നമ്മുടെ നാഥനു കാടിയും കയ്പുനീരും കൊടുത്തു അവിടുന്ന് അതു കുടിക്കുകയും ചെയ്തു. വെള്ളിയാഴ്ച ആദാം നഗ്നനായി മൂന്നു മണിക്കൂർ നേരം പറുദീസായിൽ ഇരുന്നു, വെള്ളിയാഴ്ച മശിഹാതമ്പുരാൻ മൂന്നു മണിക്കൂർ നേരം കുരിശിന്മേൽ കിടന്നു. വെള്ളിയാഴ്ച മരണമുള്ള മൃണ്മയന്മാരുടെ മാതാവായ ഹവ്വ ആദാമിൻെറ ഇടത്തു ഭാഗത്തുനിന്നു പുറപ്പെട്ടു, ജീവമധുവും ആത്മനീനപാനവുമായ ചോരയും നീരും മശിഹായുടെ വാരിഭാഗത്തു നിന്നു പുറപ്പെട്ടു. വെള്ളിയാഴ്ച അവരുടെ പാപം ക്ഷമിക്കപ്പെട്ടു. വെള്ളിയാഴ്ച അവരിരുവരുടേയും കണ്ണു തുറന്നു തങ്ങൾ നഗ്നന്മാരാണെന്ന് അറിഞ്ഞു. വെള്ളിയാഴ്ച സത്യപ്രകാശം ഉദിച്ചു പുതിയ ജീവനെ അവർ നേടി. വെള്ളിയാഴ്ച ദുരഭേദിയ മരണം അവരെ കീഴടക്കി, വെള്ളിയാഴ്ച മരണത്തിൻെറ അധികാരം പൊയ്പോയി. വെള്ളിയാഴ്ച ആദാമും ഹവ്വായും ദുഃഖത്താൽ തലതാഴ്ത്തികൊണ്ടു പറുദീസായിൽ നിന്നു നടകൊണ്ടു, വെള്ളിയാഴ്ച കുരിശടയാളം അവരെ സന്തോഷിപ്പിച്ചു പറുദീസായിലേയ്ക്കു വീണ്ടുകൊണ്ടുപോന്നു. വെള്ളിയാഴ്ച മഹത്വമാകുന്ന വസ്ത്രം അഴിച്ചുകളഞ്ഞു. ആദാമിനേയും ഹവ്വയേയും അവർ മരക്കൂട്ടത്തിൽവെച്ച് അഴിച്ചു കളഞ്ഞ മഹത്വകഞ്ചുകം വീണ്ടും ധരിപ്പിച്ചു. വെള്ളിയാഴ്ച സാത്താൻ തൻെറ വഞ്ചനയാൽ അവരെ നാണിപ്പിച്ചു. വെള്ളിയാഴ്ച



മശിഹാതമ്പുരാൻ സാത്താനെ നാണിപ്പിച്ച് അവൻെറ സൈന്യങ്ങളെ ലജ്ജിപ്പിച്ചു. വെള്ളിയാഴ്ച പറുദീസയുടെ വാതിൽ അടച്ചു, വഞ്ചിതരായി വെറുക്കപ്പെട്ടതിനാൽ സുഭഗരായ ആദാമും ഹവ്വായും അവിടെനിന്നു പുറപ്പെട്ടുപോയി വെള്ളിയാഴ്ച പറുദീസായുടെ വാതിൽ തുറന്നു വലത്തുഭാഗത്തെ കള്ളൻ അങ്ങോട്ടു കടന്നു. വെള്ളിയാഴ്ച പറുദീസയിൽ കാവൽ നിൽപ്പാൻ ക്രോബയ്ക്കു മൂർച്ചയുള്ള വാൾ കൊടുത്തു. വെള്ളിയാഴ്ച മശിഹാതമ്പുരാൻ കുന്തംകൊണ്ടു കുത്തേററു മൂർച്ചയുള്ള വാൾ മുറിച്ചു ശത്രുത്വമാകുന്ന വേലി പൊളിച്ചു. വെള്ളിയാഴ്ച ആദാം രാജാവും പുരോഹിതനും ദീർഘദർശിയും ആയിത്തീർന്നു. വെള്ളിയാഴ്ച യൂദരിൽ നിന്നു രാജത്വവും പൌരോഹിത്യവും ദീർഘദർശനവും എടുത്തു കളഞ്ഞു. വെള്ളിയാഴ്ച ആനന്ദമയമായ പറുദീസായിൽ നിന്നു ആദാം ശാപഭൂമിയിലേയ്ക്ക് ഇറങ്ങിപ്പോയി, വെള്ളിയാഴ്ച മശിഹാതമ്പുരാൻ കുരിശിന്മേൽനിന്നു മണ്ണിൽ ഉറങ്ങിക്കിടക്കുന്നവരുടെ അടുക്കലേക്ക് ഇറങ്ങി. ആദാം അന്തസ്സാരമില്ലാഞ്ഞു ചെയ്തുപോയ സകലത്തേയും പാപം ഒന്നൊഴികെ—മശിഹാതമ്പുരാൻ ആചരിച്ചു. മരണത്തെ ബലാൽ ജയിച്ച്, പാപത്തെ ശിക്ഷിപ്പാൻ വിധിച്ചു. ആദാമിനെ സംസ്കരിച്ച സ്ഥലത്തു മല്ക്കീസ്ദേക്ക് പൌരോഹിത്യം നടത്തി, അബ്രഹാം സ്വപുത്രനായ ഇസഹാക്കിനെ ബലികഴിപ്പാൻ കൊണ്ടുചെന്നു. ജീവദാതാവായ യേശുതമ്പുരാൻെറ കുരിശു നാട്ടി രഹസ്യപൂർണ്ണമായ ചോരയും നീരും ആദാമിൻെറ വായിൽ ഇററിററു വീണു. ഈ വക കൃത്യങ്ങൾ തന്തിരുവടി നമുക്കുവേണ്ടി നമ്മുടെ അടുക്കൽ ചെയ്തതിനു നാം തന്തിരുവടിയ്ക്കും പിതാവിനും പരിശുദ്ധ റൂഹായിക്കും വന്ദനം ഉന്നയിപ്പിക്കണം!

ഹോശോ......

# ശനിയാഴ്ച

(വെള്ളിയാഴ്ച സന്ധ്യ)

## പ്രാരംഭപ്രാർത്ഥന

പ്രജാവൽസല, ദൈവമേ, നാഥ, അങ്ങയെ യൌസേപ്പും നിക്കോദിമോസും, അകിലും നറുമ്പശയും ഇട്ടു സംസ്കരിച്ചതുപോലെ ഞങ്ങൾ അവരോടുകൂടി സൽകൃത്യങ്ങളാൽ ചൈതന്യപ്രദമായ അങ്ങയുടെ ശവസംസ്കാരത്തെ കൊണ്ടാടുവാൻ യോഗ്യരാകേണമേ! പുതിയ ശവക്കല്ലറയിൽ എന്നപോലെ, നിന്തിരുവടി ഞങ്ങളുടെ ആത്മാവിൽ പ്രവേശിച്ചു വിശ്രമിക്കേണമേ! അങ്ങയുടെ കുരിശിനാൽ സംരക്ഷിതരായ ജീവിച്ചിരിക്കുന്നവരോടും, അങ്ങയാൽ കടാക്ഷിക്കപ്പെട്ടിട്ടുള്ള പരേതരോടും കൂടി ഞങ്ങൾ അങ്ങയ്ക്കും പിതാവിനും, പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ! ഹോശോ,.,.....

### പ്രുമിയോൻ

മരണമുള്ളവരായ ഞങ്ങൾക്കുവേണ്ടി സ്വേഛയാ ജഡത്തിൽ മരിച്ചവനും സ്വഭാവേന ചൈതന്യശാലിയും, മരണരഹിതനും എല്ലാവരുടേയും ജീവനവും പുനരുത്ഥാനവും പാപത്താൽ ഹതരായ നമ്മെ ജീവിപ്പിപ്പാൻ തിരുവുള്ളം തോന്നിയതിനാൽ കൊല്ലപ്പെട്ടവനെപ്പോലെ



പരേതരുടെ ഇടയിൽ വസിച്ചവനും തന്റെ ശവസംസ്കാരത്താൽ ശവക്കല്ലറയിലെ നാശം തീർത്തവനും മരിച്ചവരിൽ അനശ്വരമായ ജീവനേയും പുനരുത്ഥാനത്തേയും വിതച്ചവനും, സ്വശരീരത്താൽ നമ്മുടെ ശരീരങ്ങളെ വഞ്ചനയും നാശവും പറ്റാതെ കാത്തുരക്ഷിച്ചവനും സ്വാത്മാവിനാൽ നമ്മുടെ ആത്മാക്കൾക്കു രക്ഷ ഉപദേശിച്ചവനുമായ തന്തിരുവടിക്ക് ഈ നേരത്തും ...സ്തുതിയും ആദരവും ഉചിതമാകുന്നു.

### സെദറാ

എല്ലാററിന്റേയും ജീവനും പ്രത്യക്ഷജീവനവും പുനരുത്ഥാനവുമായ ഞങ്ങളുടെ മശിഹാ തമ്പുരാനേ മരണരാഹിത്യവും അനശ്വരതയും നിന്തിരുവടിക്കു മാത്രമേയുള്ളു. സർവ്വശക്തിയും പരാക്രമവും നിന്തിരുവടിയ്ക്കേയുള്ളു. വിശുദ്ധിയും പുണ്യവും അങ്ങയിൽ മാത്രമേ കണ്ടിട്ടുള്ളു. മുകളിലും ചുവട്ടിലുമുള്ളവർക്ക് എപ്പോഴും സ്തുത്യൻ നിന്തിരുവടി മാത്രമാകുന്നു. നാഥ, തന്റെ സ്നേഹാതിരേകത്താലും അനുകമ്പാതിശയത്താലും ചൈതന്യശാലിയും സർവ്വജ്ഞാനിയുമായ നിന്തിരുവടി ഞങ്ങൾക്കുവേണ്ടി സേഛയാ പീഡയേല്പാനും മരിപ്പാനും എഴുന്നള്ളിവന്നു ദൈവജനയിത്രിയായ കന്യക മറിയാമ്മരുനിന്നു ആകൃതിയിലും പ്രകൃതിയിലും വ്യത്യാസം കൂടാതെ ജഡമെടുത്തവതരിച്ചു. സൃഷ്ടിക്കപ്പെട്ടവരുടേയും നിർമ്മിക്കപ്പെട്ടവരുടേയും അറിവിനെ അതിശയിച്ചിരിക്കുന്ന എല്ലാകൃത്യവും നിന്തിരുവടി കുരിശുപരം സാധിച്ചു. സംഭ്രമജനകമായ കുരിശാരോഹണത്തിൽ അവർണ്ണനീയങ്ങളായ അത്ഭുതങ്ങൾ കാണിച്ചു. നട്ടുച്ചയ്ക്കു സൂര്യൻ ഇരുണ്ടുപോയി. പകൽസമയം രാത്രി കാണപ്പെട്ടു. കരിമ്പാറകൾ പൊട്ടിത്തെറിച്ചു. അടച്ചിരുന്ന ശവക്കല്ലറകൾ തുറന്നു. പരിശുദ്ധന്മാരുടെ ശരീരങ്ങൾ ജീവിച്ചെഴുന്നേററു. ദൈവാലയ

ത്തിലെ തിരുശ്ശരീരം മുടിമുതൽ അടിവരെ കീറി. കള്ളൻ വിശ്വസിച്ചുപറഞ്ഞു തന്റെ സ്നേഹിതനെ അവന്റെ കുററത്തെക്കുറിച്ചു ശാസിക്കുന്നു. ശതാധിപൻ, 'ഇതു സാക്ഷാൽ ദൈവപുത്രനാകുന്നു' എന്നു പുകഴ്ത്തിപ്പറയുന്നു. അങ്ങയുടെ വാരിഭാഗത്തുനിന്നു ചൈതന്യപ്രദവും അനശ്വരവുമായ ചോരയും നീരും ഒഴുകി. നിന്തിരുവടി മരിച്ചിട്ടും ജീവനുള്ളവനായി കാണപ്പെടുന്നു. നിന്തിരുവടി ഭൂമിയിൽ വന്നിട്ടും ഉന്നതപദവിയിൽ വസിക്കുന്നു, ദൈവത്വത്തിലും മനുഷ്യത്വത്തിലും നിന്തിരുവടി ഏകദൈവമായി വിശ്വസിക്കപ്പെടുന്നു. ആദാം അനുഭവിക്കേണ്ടതായിരുന്ന പീഡ മുഴുവനും നിന്തിരുവടി മനുഷ്യത്വത്തിലും ദൈവത്വത്തിലും സഹിച്ചു. സർവ്വശക്തത്വത്തിനു ത്രുപമാകുംവണ്ണം നിന്തിരുവടി ഞങ്ങളുടെ പീഡകളെ തന്റേതാക്കിവെച്ചു. തന്റെ ജയം കരുണയാൽ ഞങ്ങൾക്കുള്ളതുമാക്കിവെച്ചു. സ്വേഛയാ ഞങ്ങളുടെ മരണം നിന്തിരുവടി കയ്യേററു. ചൈതന്യപ്രദമായ തിരുമരണത്താൽ ഞങ്ങളുടെ മരിപ്പിക്കുന്ന മരണത്തെ മരിപ്പിച്ചു. മരണരഹിതനായ തന്തിരുവടി ഞങ്ങൾക്കു മരണരാഹിത്യം നല്കി. സ്വന്തം പീഡയാൽ ഞങ്ങളെ പീഡിപ്പിക്കുന്ന ദുഷ്ടനെ പീഡിപ്പിച്ചു. സ്വതേ പീഡാരഹിതനായ നിന്തിരുവടി ഞങ്ങൾക്കു പീഡാരാഹിത്യവും നേടിത്തന്നു. സർവ്വധർത്താവും അനഭിഗമ്യനും അഗ്രാഹ്യനുമായ നിന്തിരുവടിയെ താൻതന്നെ സംസ്കാരത്തിനു കൊടുത്തപ്പോൾ, പുണ്യവാനും നീതിമാനുമായ അരിമത്യക്കാരനായ യൗസേപ്പ് നിന്തിരുവടിയെ കൈകളിൽ എടുത്തു. അവന്റെ സ്നേഹിതനായ നീക്കോദീമോസ് അകിലും നെറുമ്പശയും ഇട്ട വെണ്മയുള്ള വസ്ത്രങ്ങൾ കൊണ്ട് ആഛാദനം ചെയ്തു സംസ്കാരം കഴിച്ചു. മൃതരെ എന്നപോലെ അങ്ങയെ മറവുചെയ്തു. പ്രകൃത്യാ അമേയനായ അങ്ങ



യെ പാറ വെട്ടിയുണ്ടാക്കിയ ഒരു പുതിയ ശവക്കല്ലറയിൽ അടക്കി! അപ്പോൾ നാഥനായ അങ്ങയുടെ സംസ്കാരത്തെ ആദരിപ്പാൻ സ്വർഗ്ഗത്തിലെ സകല ഭയങ്കര ദൂതന്മാരും ഇറങ്ങിവന്നു. അവർ ഉഗ്രമായ അരിശം മൂലം ശപിക്കപ്പെട്ട യഹൂദരെ നശിപ്പിച്ചുകളയരുതെന്നു വെച്ചു കുരിശാരോഹണാവസരത്തിൽ അങ്ങുന്നു കാണിച്ച ആംഗ്യം അവരെ ഇറങ്ങിവരാൻ സമ്മതിച്ചില്ല. എന്നാൽ അവർ അങ്ങയുടെ സ്നേഹിതന്മാരുടെ അടുക്കൽ ഇറങ്ങിവന്നു, 'ദൈവമേ, നിന്തിരുവടി പരിശുദ്ധനാകുന്നു, ബലവാനേ, നിന്തിരുവടി പരിശുദ്ധനാകുന്നു' മരണമില്ലാത്തവനേ, നിന്തിരുവടി പരിശുദ്ധനാകുന്നു.' എന്നുച്ചരിച്ചുകൊണ്ട് അവരെ ജയഘോഷം പഠിപ്പിച്ചു. 'ഞങ്ങൾക്കുവേണ്ടി കുരിശിന്മേൽ തൂങ്ങിയവനേ, ഞങ്ങളെ അനുഗ്രഹിക്കേണമേ!' എന്ന് അവർ ഏറ്റുപാടി. നാഥ, സത്യവിശ്വാസത്താൽ ഞങ്ങൾ യൗസേപ്പിനോടും നീക്കോദീമോസിനോടും കൂടി ഇപ്രകാരം ഉൽഘോഷിക്കുന്നു:--

ദൈവമായിത്തന്നെ വസിച്ചുകൊണ്ടു ഞങ്ങൾക്കുവേണ്ടി മനുഷ്യനായിത്തീർന്നു. കരുണയാൽ മനുഷ്യസന്താനങ്ങളായ ഞങ്ങളെ ദിവ്യരാക്കിത്തീർത്ത വചനമായ ദൈവമേ, നിന്തിരുവടി പരിശുദ്ധനാകുന്നു! നികൃഷ്ടരായ ഞങ്ങൾക്കുവേണ്ടി മനുഷ്യനായിത്തീർന്നു, കരുണയാൽ മനുഷ്യസന്താനങ്ങളായ ഞങ്ങളെ ദിവ്യരാക്കിത്തീർത്ത വചനമായ ദൈവമേ, നിന്തിരുവടി പരിശുദ്ധനാകുന്നു! നികൃഷ്ടരായ ഞങ്ങൾക്കു വേണ്ടി താഴ്മയും ബലഹീനതയും പൂണ്ട്, അധിക്ഷേപവും അപഹാസവും സഹിച്ച്, അശുദ്ധങ്ങളായ എല്ലാ ദുർവികാരങ്ങളും നീക്കി, ഞങ്ങൾക്കു ശക്തിയും ധൈര്യവും തന്ന ബലവാനേ, നിന്തിരുവടി പരിശുദ്ധനാകുന്നു! ഞങ്ങൾക്കുവേണ്ടി കുരിശിന്മേൽ മരിപ്പാനും, ജഡത്തിൽ മരിച്ചു ദുഷ്ടനിൽനി

നും മരണത്തിൽ നിന്നു ഞങ്ങളെ രക്ഷിപ്പാനും, പാതാള ത്തിൽ കിടക്കുന്ന ആത്മാക്കളോടു സ്വർഗ്ഗലോകത്തെപ്പ റ്റി പ്രസംഗിപ്പാനും, അവരോടു പുനരുത്ഥാനവും പരേ തരുടെ ജീവിച്ചെഴുന്നേൽപുമാകുന്ന സുവിശേഷം പറവാനും, ആദാമിനേയും ഹവ്വായേയും ആദിമുതലുള്ള സർവ്വ പു ണ്യവാന്മാരേയും ഏദനിലേയ്ക്കുള്ള പ്രത്യാഗമനം ആ ശിപ്പിച്ചു് ആശ്വസിപ്പിപ്പാനും വേണ്ടി, പ്രകൃത്യാ മരണര ഹിതനും അനശ്വരനുമാണെങ്കിലും, മൂന്നുദിവസം ശവക്ക ല്ലറയിൽ കിടപ്പാൻ തിരുവുള്ളം തോന്നിയ മരണമില്ലാ ത്തവനേ, നിന്തിരുവടി പരിശുദ്ധനാകുന്നു! ഞങ്ങളുടെ മശിഹാതമ്പുരാനേ, നിന്തിരുവടിയോടു ഞങ്ങൾ ഇപ്പോൾ ഇങ്ങിനെ അപേക്ഷിക്കുന്നു:—അങ്ങയുടെ ശ്രേഷ്ഠാനുഗ്രഹ ങ്ങൾക്കു ഞങ്ങളെ അർഹരാക്കേണമേ! അങ്ങയുടെ പ്രതി ജ്ഞകൾ നിറവേറ്റി ഞങ്ങളെ ആശ്വസിപ്പിക്കേണമേ! അങ്ങുന്നു പുനരുത്ഥാനം ചെയ്ത ഞായറാഴ്ചയിൽ ഞ ങ്ങളെ സന്തോഷിപ്പിക്കേണമേ! ഞങ്ങളുടേയും ഞങ്ങളുടെ പരേതരുടേയും പുണ്യം പുതുപ്പിക്കേണമേ! ഞങ്ങളും അ വരും അങ്ങയ്ക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ! ഹോശോ.......

ഏത്രോ

തനിക്കു എല്ലാററിനും പോരുന്നവനാകയാൽ നാഥനാ യ തന്റെ നിർവൃതിക്കു മനുഷ്യസന്താനങ്ങൾ ഭൂമിയിലെ സസ്യങ്ങളിൽ നിന്നോ, ഗന്ധദ്രവ്യങ്ങളിൽനിന്നോ വല്ല തും സമർപ്പിക്കേണമെന്നില്ലാത്തവനാണെങ്കിലും നിക്കോ ദിമോസ്, യൗസേപ്പ് എന്നിവരാൽ സുഗന്ധദ്രവ്യങ്ങൾ കൊണ്ടും വെള്ളവസ്ത്രങ്ങൾ കൊണ്ടും ചെയ്യപ്പെട്ട സം സ്കാരം സ്വേച്ഛയാ സ്വീകരിച്ച ദൈവശ്രേഷ്ഠവും പരിമള



വുമായ നാഥ, യേശു മശിഹാതമ്പുരാനേ അങ്ങുന്നു പ്രജാ വാത്സല്യത്താൽ കുരിശാരോഹണം ചെയ്തതിനെ സ്മ രിക്കുന്ന പെരുന്നാളിൽ നാഥനായ അങ്ങയ്ക്കു ഇപ്പോൾ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ സുഗന്ധധൂ പം, ശുദ്ധമായ ഞങ്ങളുടെ ശേഷികെട്ട കൈകളിൽനിന്നു സ്വീകരിക്കേണമേ! ഇഹത്തിലും പരത്തിലും ഞങ്ങൾ അംഗീകരിക്കേണമേ! ഇഹത്തിലും പരത്തിലും ഞങ്ങൾ ക്കും ഞങ്ങളുടെ പരേതർക്കും ഋണമോചനവും പാപപരി ഹാരവും കനിഞ്ഞു നൽകേണമേ! ഞങ്ങൾ അങ്ങയ്ക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർ ത്തനവും ഉന്നയിപ്പിക്കുമാറാകേണമേ!.

സൂത്താറാ

പ്രുമിയോൻ

തിരുവുള്ളത്താൽ ജഡമെടുത്തു മരണത്തോടിണങ്ങി യവനും തന്റെ നാഥത്വത്തെ സൃഷ്ടികളോടു പ്രസംഗി പ്പാൻ ആംഗ്യംകൊണ്ടു പ്രകൃതിയെ ഇളക്കിത്തീർത്തവനും തന്റെ നഗ്നത ധൃഷ്ടന്മാർ കാണാതിരിപ്പാൻ ആജ്ഞാശക്തിയാൽ സൂര്യനെ വിവർണ്ണനാക്കിയവനും തന്റെ ദൈവികശബ്ദത്താൽ പാറകളെ പൊളിച്ചവനും ബലത്താൽ ശവക്കല്ലറകളെ തുറന്നവനും മരണത്താൽ മരി ച്ചവരെ പുനരുത്ഥിതരാക്കിയവനും കുരിശിന്മേൽ തറച്ച വരെ ശാസിപ്പാൻ സ്വയം കൊലയേററു ശവക്കല്ലറയിൽ കിടന്നവരെ പുറത്തേയ്ക്കു കൊണ്ടുവന്നവനും ചൈതന്യ ശാലിയും ചൈതന്യപ്രദനുമായ തന്തിരുവടിക്കു......

സെദറാ

ഹാ! ബലവാൻ അചിന്തനീയങ്ങളായ അത്ഭുതങ്ങൾ കാണിച്ചു സർവ്വധാത്താവു തന്റെ പീഡാനുഭവ ദിവസം ദീർ ആകാശത്തെ ഇരുട്ടടപ്പിച്ചു കുരിശാരോഹണദിവസം ദീർ

ഘദർശി പറഞ്ഞതുപോലെ അവരെ പാക്കശീലധാരിപ്പിച്ചു, ആകാശം മേക്കട്ടിപോലെ വിരിക്കുകയും ഭൂമിയെ വെള്ളത്തിന്മേൽ പരത്തുകയും ചെയ്ത സ്രഷ്ടാവായ ദൈവത്തെ അവമാനിച്ചു കുരിശിന്മേൽ മലർത്തിക്കിടത്തി, പരാക്രമശാലി ഗോഗുൽത്തായുടെ മുകളിലേയ്ക്കു കയറി. ഭൂമിയുടെ അടിസ്ഥാനങ്ങൾ ഇളകി, ഏകജാതനെ അസൂയയാൽ കുരിശിന്മേൽ തറച്ചു. സർവ്വശക്തൻ പഞ്ചഭൂതങ്ങളെ നിരീക്ഷിക്കുകയാൽ അവ ഉരുകി അലിഞ്ഞുപോയി. സത്യവാൻ കുരിശിന്മേൽ വെച്ചു നിലവിളിക്കുകയാൽ ആകാശം വിറച്ചു. അവിടുത്തെ നിർദ്ദോഷമായ രക്തം ഭൂമിയിൽ ഇററിററു വീഴുകയാൽ ഭൂതലത്തിന്റെ കീഴ്ഭാഗങ്ങൾ കിടന്നു കുലുങ്ങി. മുകളിലെ മണവാളൻ ജീവിച്ചെഴുന്നേററു കുരിശുകൊണ്ടു പ്രകൃതിയെ സംഭ്രമിപ്പിച്ചു. താൻ സാക്ഷാൽ ദൈവമാണെന്നു കാണിച്ചു. കുരിശുതണ്ടിന്മേൽ വെയ്ക്കപ്പെട്ട മഹാപ്രദീപം സൂര്യനെ ഊതിക്കെടുത്തി. സൃഷ്ടികളുടെ സത്യപ്രകാശം ഗോഗുൽത്തായുടെ മുകളിൽ ഉയർന്നു നിന്നു. സൃഷ്ടിക്കപ്പെട്ട സൂര്യനെ ഇരുട്ടിലേയ്ക്കു ഇറക്കി. മരത്തിന്മേൽ തൂക്കപ്പെട്ട പരിശുദ്ധകിരണം അതിന്റെ തെളിഞ്ഞ കാന്തികളെ അഗാധങ്ങളായ പാതാളക്കുഴികളിലേയ്ക്കു പ്രസരിപ്പിച്ചു. പ്രകൃതിയുടെ നാഥനെ കുരിശിന്മേൽ തറച്ചതിനാൽ പ്രകൃതി പരിഭ്രമിച്ചു് ആദരിച്ചു. സ്രഷ്ടാവിന്റെ പീഡാനുഭവസമയത്തു മേൽഭാഗവും കീഴ്ഭാഗവും അവിടുന്നു ദൈവമാണെന്നു വെളിപ്പെടുത്തി. സ്രഷ്ടാവു പ്രവർത്തിച്ച ഭയങ്കരകൃത്യങ്ങൾ അവിടുന്നു സ്രഷ്ടാവാകുന്നു എന്നു വിളിച്ചു പറഞ്ഞു. തന്റെ നാഥൻ നഗ്നനായി കിടക്കുന്നതു കണ്ടിട്ടു പകൽ അതിന്റെ വസ്ത്രം കീറിക്കളയുന്നു, മദ്ധ്യാഹ്നം അന്ധകാരവസ്ത്രത്തെ



ധരിക്കുന്നു. ഭൂമി മൃതശരീരങ്ങളെ തിരുവടിയുടെ നേരെ കുടയുന്നു. ലോകം ഈ ദിവസം മററു കാണപ്പെട്ടവയോടുകൂടി പെട്ടെന്നു കറുപ്പുവസ്ത്രം ധരിക്കുന്നു. ഞങ്ങളുടെ നാഥ യേശുമശിഹാ ദൈവമേ നിന്തിരുവടി അനിർണ്ണേയമായ തന്റെ ആഗമനത്തിൽ സത്യമായി വിസ്മനീയങ്ങളായ വലിയ കാര്യങ്ങൾ പ്രവർത്തിച്ചതിൽ ഞങ്ങൾ അത്ഭുതപ്പെടുന്നു. നിന്തിരുവടിയെപ്പോലെ ആരുള്ളൂ? ഞങ്ങൾ ഈ സുഗന്ധധൂപം മുഖേന നിന്തിരുവടിയോടു പ്രാർത്ഥിച്ചപേക്ഷിക്കുന്നതെന്തെന്നാൽ: നിന്തിരുവടിയുടെ താഴ്മയുടെ മാതൃക എപ്പോഴും ഞങ്ങളിൽ വിളയാടേണമേ! നിന്തിരുവടിയുടെ കുരിശിനെക്കുറിച്ചുള്ള സ്നേഹം ഞങ്ങളെ ചൂടുപിടിപ്പിക്കേണമേ! നിന്തിരുവടിയുടെ കുരിശിനാലുള്ള മഹത്തായ അഭിമാനം ഞങ്ങളിൽ നിറയ്ക്കേണമേ! നിന്തിരുവടിയെപ്പോലെ പ്രാർത്ഥിപ്പാൻ ഞങ്ങളെ ശീലിപ്പിക്കേണമേ! നിന്തിരുവടിയുടെ പരിശുദ്ധങ്ങളായ ഉന്നതസ്ഥാനങ്ങളിൽ നിന്നു സമൃദ്ധങ്ങളായ അനുഗ്രഹങ്ങളെ ഞങ്ങൾക്കയച്ചു തരേണമേ! നിന്തിരുവടിക്കു ഞങ്ങളിലുള്ള എല്ലാ കൃപകൾക്കുമായി ഞങ്ങൾ നിന്തിരുവടിക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും ആദരവും ഉന്നയിപ്പിക്കുമാറാകേണമേ! ഹോശോ......

## രാത്രി (ലിലിയോ)

### ഒന്നാം കൗമ

### പ്രുമിയോൻ

തന്റെ മരണത്താൽ ഞങ്ങൾക്കു ജീവൻ ഉദിപ്പിച്ചവനും തന്റെ മനുഷ്യത്വത്താൽ ഞങ്ങൾക്കു ദൈവത്വം നേടിത്തന്നവനും തന്റെ താഴ്മയാൽ ഞങ്ങൾക്കു ഉന്നതി

വരുത്തിയവനും തന്റെ സംസ്കാരത്താൽ ഞങ്ങളെ പ്രത്യുജ്ജീവിപ്പിച്ചവനും തന്റെ പാതാളപ്രവേശനത്താൽ ഞങ്ങൾക്ക് ഊർദ്ധ്വഗതി നൽകിയവനും തന്റെ ശവക്കല്ലറയിലെ ഉറക്കത്താൽ ഞങ്ങളെ ഉണർത്തിയവനുമായ തന്തിരുവടിക്ക്.....

സെദറാ

മരണമുള്ളവരുടെ ആശാബന്ധവും മരിച്ചവരുടെ പുനരുത്ഥാനവുമായ ഞങ്ങളുടെ മശിഹാതമ്പുരാനേ, നീതിമാനായ യൗസേപ്പും ധർമ്മശാസനാദ്ധ്യാപകനായ നിക്കോദിമോസും നിന്തിരുവടിയുടെ പരിശുദ്ധ ശരീരം ചോദിച്ച ന്യായാധിപനായ പീലാത്തോസിന്റെ അനുമതിയോടെ കുരിശിന്മേൽ നിന്നിറക്കി അകിലും നറുംപശയുമാകുന്ന സുഗന്ധദ്രവ്യങ്ങളിട്ടു വെള്ളവസ്ത്രം കൊണ്ടു പൊതിഞ്ഞു മരിച്ചവനെ എന്നപോലെ നിന്തിരുവടിയെ ശവക്കല്ലറയിൽ പ്രവേശിപ്പിച്ചു. നിന്തിരുവടി മൂന്നുമുഴം മാത്രമുള്ള ഇടുങ്ങിയ സ്ഥലത്തു മൃതനെപ്പോലെ കിടന്നു. തന്റെ മഹാശക്തിയാൽ നിന്തിരുവടി പാതാളത്തെ കുലുക്കി നിർദ്ദയമായ മരണത്തിന്റെ ഭണ്ഡാരങ്ങളെ ബലേന കവർന്നു മനുഷ്യരെ അടിമപ്പെടുത്തിയ മല്ലനെ നിന്തിരുവടി ബന്ധനത്തിലാക്കി. അവൻ കയ്യടക്കിയ അടിമയെ അവനിൽനിന്നു മോചിപ്പിച്ചു. ആ മത്സരി കീഴ്പ്പെടുത്തിയ അടിമയെ നിന്തിരുവടി വീണ്ടെടുത്തു. നിന്തിരുവടി പാതാളത്തിലെ കോട്ടകൾ കുലുക്കി. എല്ലാ പരാക്രമികളേയും വിഴുങ്ങിയിരുന്ന അതിന്റെ പട്ടണത്തിന്റെ മതിലുകൾ പൊളിച്ചു കഠിനമായ അസൂയയാൽ ഞങ്ങളുടെ വർഗ്ഗത്തലവനെ കെടുത്തിക്കളഞ്ഞവന്റെ കഴുത്തിൽ ചവിട്ടി തല ചതച്ചു വിട്ടു. നിന്തിരുവടി സ്വാത്മാവി



നെ സ്വേച്ഛയാ മരണത്തിനു വിട്ടുകൊടുത്തു. പാതാളത്തിലുള്ള പരേതരെ തന്റെ പ്രവേശനത്തിന്റെ മഹാരഹസ്യം അറിയിച്ചു. നോഹയുടെ കാലത്തുപോലും അനുസരണം കൂടാതിരുന്ന ആത്മാക്കൾക്കു നിന്തിരുവടിയിൽ വിശ്വാസവും നിന്തിരുവടിയുടെ ഭരണത്തെക്കുറിച്ചുള്ള അറിവും ഉണ്ടാക്കിത്തീർത്തു. ദൈവത്വം ആത്മാവിൽ നിന്നാവട്ടെ ശരീരത്തിൽ നിന്നാവട്ടെ വേർപെടാതെ അവ രണ്ടിനേയും ഏകീകരിച്ച നിന്തിരുവടി ജഡത്തിൽ മരണമേറ്റു. നിന്തിരുവടിയിങ്കൽ സുവിശ്വാസം പൂണ്ട കള്ളനെ നിന്തിരുവടി പ്രതിജ്ഞ ചെയ്തതുപോലെ സ്വാത്മാവിനാൽ പറുദീസായിൽ പ്രവേശിപ്പിച്ചു. നിന്തിരുവടി കാവൽക്കാരനായ ക്രോബയുടെ കുന്തം തകർത്തു. മനുഷ്യവർഗ്ഗത്തെ അതിന്റെ മുന്നവകാശത്തിലേയ്ക്കു വീണ്ടുകൊണ്ടുവന്നു. ദീർഘദർശി പറഞ്ഞതുപോലെ നിന്തിരുവടിയുടെ മരണത്തേയും പ്രവേശനത്തെയും പാറി പാതാളം പിറുപിറുത്തു. മരിച്ചവർ നിന്തിരുവടിയെ വന്ദിച്ചു. ദേഹാത്മാക്കൾ കൊണ്ടു സ്തുതിച്ചു, വെളിവായി സ്പർശിച്ചറിഞ്ഞു. നിന്തിരുവടി മനുഷ്യനെപ്പോലെ കഠിനമരണം അനുഭവിച്ചു. ആവതില്ലാത്തവനെപ്പോലെ ഉഗ്രമായ പാനീനം കുടിച്ചു. ഇപ്പോൾ മുതൽ ഭയങ്കരവും സംഭ്രമപ്രദവുമായ തിനെ നിന്തിരുവടി ഉറക്കി. ഏതു മുഖത്തുനിന്നും കണ്ണുനീർ നീക്കി. ഇതാ ജീവിച്ചിരിക്കുന്നവരും മരിച്ചവരും നിന്തിരുവടിയെ സ്തുതിക്കുന്നു! ഇതാ എല്ലാ വായ്കളും നാവുകൊണ്ടു നിന്തിരുവടിയെ വാഴ്ത്തിപ്പാടുന്നു! താൻ മരിച്ചു ഞങ്ങളെ ജീവിപ്പിച്ച നിന്തിരുവടിക്കു സ്തുതി! അനശ്വരതയിലേയ്ക്കു ജീവിച്ചെഴുന്നേറ്റ പരേതരുടെ പ്രഥമപ്രസവവും ഉറങ്ങിയവരുടെ ആദ്യഫലവുമായിത്തീർന്ന നിന്തിരുവടിക്കു സ്തുതി! ഇപ്രകാരമിരിക്കുന്ന നിന്തിരുവടിയോടു ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ മരിച്ചുപോകുന്ന മനുഷ്യരുടെ രണ്ടാമത്തെ മരണത്തിൽ

ചിപ്പിച്ചു. ദൈവീകതേജസ്സുകൊണ്ടു കഞ്ചുകിതനായ നി
ന്തിരുവടി യൗസേപ്പിനാൽ സുഗന്ധദ്രവ്യമിട്ടു വെള്ളവ
സ്ത്രങ്ങൾ കൊണ്ടു പൊതിഞ്ഞു സംസ്കരിക്കപ്പെടു
വാൻ ഇഷ്ടപ്പെട്ടു. വിസ്മയനീയ സ്വരൂപമായ രഥം
ദൈവതോചിതമാംവണ്ണം ഭയഭക്തിയോടെ ആദരിക്ക
ന്ന നിന്തിരുവടിയുടെ ശരീരം സ്വേഛയാ പാറ വെട്ടിയു
ണ്ടാക്കിയ ശവക്കല്ലറയിൽ അടക്കപ്പെട്ടു. എല്ലാ സൃഷ്ടി
യേയും ഉള്ളകയ്യിൽ വെച്ചിരിക്കുന്നവനും എല്ലാററിനേയും
നിപുണമായി വഹിക്കുന്നവനുമായ നിന്തിരുവടി സ്വേഛ
യാ മൃത്യുകാംക്ഷം കാവൽക്കാർക്കും കീഴിൽ കുരിശിൽ താ
ഴ്ക്കുന്നവരാൽ ഭയങ്കരമാംവണ്ണം ഇട്ടേയ്ക്കപ്പെട്ടു. ബല
വാന്മാരെ പരിഭ്രമിപ്പിച്ചു തുള്ളിക്കുന്ന ശക്തിമാനായ നി
ന്തിരുവടി താഡിതനും ഹതനുമെന്നപോലെ മരണം സാ
ത്താൻ എന്നിവരുമായി കെട്ടിപ്പിണഞ്ഞു അവരെ ബലാ
ല്ക്കാരേണ ജയിച്ചു. ബലഹീനന്മാർക്കും ദീനന്മാർക്കും
ഒരു സഹായിയെപ്പോലെ ശക്തിയും ജയവും നിന്തിരുവ
ടി സമ്പാദിച്ചുകൊടുത്തു. പതിതനായ ആദാമിന്റെ അടു
ക്കലേയ്ക്കു കരുണയോടേ ധ്ദഹമെടുത്തു ഇറങ്ങിയ നി
ന്തിരുവടി അവനു ധൈര്യവും ആശ്വാസവും നല്കി വാ
ത്സല്യത്തോടെ നല്ല ആശയാൽ അവനെ നിറച്ചു. ആദി
മുതല്ക്കുള്ള പുണ്യവാന്മാരേയും നീതിമാന്മാരെയും കൂട്ട
ത്തോടേ സന്തോഷിപ്പിച്ചു എല്ലാ ലോകത്തിനും വേണ്ടി
യുള്ള തന്റെ പീഡാനുഭവങ്ങൾ അവരെ വ്യക്തമായി
അറിയിച്ചു, മോശയേയും അവന്റെ സ്നേഹിതന്മാരായ
ദീർഘദർശിമാരേയും പൂർണ്ണമായി ആനന്ദിപ്പിച്ചു നി
ന്തിരുവടി അവർ തന്നെക്കുറിച്ചു അറിയിപ്പിട്ടുള്ളവയെ
തികച്ചും നിറവേററി. ആബേലിക്കം, കാഴ്ചി കൂ പു ?ർ പ
സ്ത്രൂലാഭം എന്നിവയും മററും കുറിച്ചു വിസ്മയകര



ദാവീദിനെ അറിയിച്ചു. ഇപ്പൾ,
മാംവണ്ണം നിന്തിരുവടി അടികാംഎന്നിവയെയും കുറിച്ചു.
പ്രാരം ചെകിട്ടത്തേററ അടികാംഎന്നിവയെയും കുറിച്ചു.
നിന്തിരുവടി ഏശായയോടു വിസ്മയം തോന്നുമാറു അ
തുളിച്ചെയ്തു. തൂക്കപ്പെട്ടലും നിന്തിരുവടി സർപ്പംപോ
ലെ മരത്തിന്മേൽ തൂക്കപ്പെടുമെന്നതും മോശയ്ക്കു വ്യക്ത
മായി കാട്ടിക്കൊടുത്തു. കുന്തത്താൽ കുത്തേററതും മറെറല്ലാ
ശിക്ഷകളും സ്കറിയായെ നിന്തിരുവടി വ്യക്തമായി
കാണിച്ചു. മരിച്ചുപോയവർക്കെല്ലാം മരണമില്ലായ്മയെ
നല്കുമെന്നിങ്ങനെ നിന്തിരുവടി മരിച്ചവരുടെ ജീവ
നെക്കുറിച്ചു പ്രസംഗിച്ചു. എന്നാൽ നാഥ നിന്തിരുവടിയു
ടെ പീഡാനുഭവത്തിലും കുരിശിന്മേലും താഴ്മയിലും
നിശ്ശങ്കമായി സ്വവിശ്വാസം പൂണ്ടവരായ ഞങ്ങൾ മുകളി
ലും ചുവട്ടിലും ഭൂമിയിലും പിതാവിന്റെ മടിയിലും ശവ
ക്കല്ലറയിലും സ്വർഗ്ഗീയരായ ഈറേന്മാരുടെ അടുക്കലും
പാതാളത്തിലും മരിച്ചവരുടെ അടുക്കലും ഒന്നേ ഒന്നാണെ
ന്നറിയുന്നു. ഇനു സങ്കടത്തോടെ ഞങ്ങൾ നിന്തിരുവടിയ
ടെ കരുണയോടു അപേക്ഷിക്കുന്നതെന്തെന്നാൽ:—നിന്തി
രുവടിയുടെ ദൈവത്വത്തെ വിശ്വസിച്ചവരായ ഞങ്ങളെ
പിതാവിന്റെ തിരുമുമ്പിൽ തള്ളിപ്പറയരുതെ! മനുഷ്യ
നായ നിന്തിരുവടിയെ അന്ധതയാൽ നിരസിച്ചിട്ടില്ലാ
ത്ത ഞങ്ങളെ നിന്തിരുവടിയുടെ ഏകത്വത്തെ നിരസിച്ച
വരുടെ കൂട്ടത്തിൽ ഗണിക്കരുതേ! നേരേമറിച്ചു നിന്തിരു
വടിയുടെ പീഡയിൽ പീഡയേററുകൊണ്ടു മഹിമയേ
റിയ നിന്തിരുവടിയുടെ പുനരുത്ഥാനത്തിൽ സദാ സ
ന്തോഷിപ്പാനും നിന്തിരുവടിയുടെ രക്ഷയെ ശരണീകരി
ച്ചുകൊണ്ടു നിന്തിരുവടിയുടെ അനുഗ്രഹങ്ങളേയും കരുണ
യേയും ധാരാളം ലഭിപ്പാനും ഞങ്ങളേയും ഞങ്ങളുടെ പരേ
തരേയും കൂട്ടത്തോടെ അർഹരാക്കേണമേ! നിന്തിരുവടി
യും പിതാവും പരിശുദ്ധറൂഹായുമാകുന്ന ത്രിമൂർത്തിക
ളിൽ ഞങ്ങൾ സ്വവിശ്വാസം പൂണ്ടുകൊണ്ടു തന്തിരുവടി

യുടേയും മാലാഖമാരുടെയും മുമ്പിൽ ഞങ്ങളെ നന്നായി സ്വീകരിച്ചു പറയണമേ! വലത്തുഭാഗത്തെ കള്ളനോടു കൂടി ഞങ്ങൾ നിന്തിരുവടിക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സാനന്ദമായ സ്തുതിയും സാഘോഷമായ കീർത്തനവും അവിരതമായ ആദരവും ഒന്നിച്ച് ഉന്നയിപ്പിക്കുമാറാകേണമേ! ഹോശോ........,

### രാത്രി (ലീലിയാ)

### മൂന്നാം കൌമ

### പ്രുമിയോൻ

പ്രകൃത്യാ മരണവും നാശവുമില്ലാത്ത ഏകനും ചൈതന്യശാലിയും ചൈതന്യപ്രദനും സ്നേഹംമൂലം ജഡം ധരിച്ചു മരണത്തെ സരസം കെട്ടിപ്പിടിച്ചവനും പാപത്തിന്റെ തീക്ഷ്ണത നീക്കി അതിന്റെ പട്ടണം നശിപ്പിച്ച് അവിടെ ബലാല്ക്കാരേണ കൊള്ളയിട്ട് അവിടത്തെ തടവുകാരെ അഴിച്ചുവിട്ട് അവരെ പുനരുത്ഥാനം കൊണ്ടു നിറച്ചവനുമായ തന്തിരുവടിക്കു സ്തുതി! തന്തിരുവടിക്ക്...........

### സെദറാ

ഞങ്ങളുടെ മശിഹാതമ്പുരാനേ ജീവനുണ്ടാക്കുന്നതായ തന്റെ മരണത്താലും ചൈതന്യപ്രദമായ സംസ്കാരത്താലും പ്രജാവൽസലനായ നിന്തിരുവടി മരിച്ചവരുടെ പുനരുത്ഥാനത്തേയും മരണരാഹിത്യത്തേയും കുറിച്ചുള്ള ഉത്തമമായ ആശയെ ഞങ്ങളുടെ ആത്മാക്കളിൽനിറച്ചു. ഈ മഹാദിവസത്തെ വാഴ്ത്തി സ്തുതിച്ചു നിന്തിരുവടിയു



ടെ നാഥത്വത്തിനർഹമായ സ്തുതികൾ ഉന്നയിപ്പിച്ചുകൊണ്ടു
ഞങ്ങൾ ഇങ്ങിനെ ഉണർത്തിക്കുന്നു:—സ്വേഛയാ ഞങ്ങൾ
ക്കു വേണ്ടി ഈ പീഡയെല്ലാം ഏല്പാൻ സ്നേഹ
ത്താൽ പ്രേരിതനായി വന്ന ദൈവമേ നിന്തിരുവടിക്കു
സ്തുതി! ഞങ്ങളെ രക്ഷിപ്പാനായി കരുണയാൽ മനു
ഷ്യനായിത്തീർന്ന അനാദ്യന്തനും പിതാവിന്റെ പുത്രനു
മായുള്ളോവേ നിന്തിരുവടിക്കു സ്തുതി! ഞങ്ങളെ മോ
ചിപ്പിപ്പാൻ വേണ്ടി മനുഷ്യസ്നേഹത്താൽ ന്യായസ്ഥ
ലത്തേയ്ക്കു ചെന്ന വീരനും ഉന്നതനുമായ നിന്തിരുവ
ടിക്കു സ്തുതി! ഞങ്ങളുടെ കുറ്റം നിമിത്തം കൃപയാൽ
സ്വയം ന്യായസ്ഥലത്തു ചെന്നുനിന്ന ന്യായാധിപാധി
പതേ നിന്തിരുവടിക്കു സ്തുതി! അത്യൂർജ്ജിതമഹാ
ത്മാവേ, നിന്തിരുവടിക്കു സ്തുതി. ഞങ്ങളെ വീണ്ടെടു
പ്പാൻ കരുണയാൽ കുറ്റക്കാരനായി മരണത്തിന്നൊരുങ്ങി
യ നിന്തിരുവടിയുടെ തിരുനാമത്തിനു സ്തുതി! ഞങ്ങ
ളെ ഉദ്ധരിപ്പാനായി സ്നേഹത്താൽ, മരിച്ചവരുടെ ഇട
യിലേയ്ക്കിറങ്ങിയ ചൈതന്യസങ്കേതമേ നിന്തിരുവ
ടിക്കു സ്തുതി! തന്റെ കുരിശുവിജയത്താൽ പരാക്രമ
പ്രൌഢി കാണിച്ച പുണ്യവാനും ആർജ്ജവശീലനുമായ
നിന്തിരുവടിക്കു സ്തുതി! കള്ളനു അവന്റെ മഹത്താ
യ വിശ്വാസത്തിനു പ്രതിഫലമായി സന്തോഷാരാമത്തി
ന്റെ താക്കോൽ കൊടുത്ത ശ്രേഷ്ഠനും മഹാഭാഗനുമായു
ള്ളോവേ നിന്തിരുവടിക്കു സ്തുതി! ഞങ്ങൾക്കു വേണ്ടി
യുള്ള തന്റെ മഹത്തായ ബലിയാൽ പിതാവിനെ ശമ
പ്പെടുത്തിയ സത്യപുരോഹിത, നീതിമഹാപുരോഹിത,
നിന്തിരുവടിക്കു സ്തുതി വിഴുങ്ങുന്ന പാതാളത്തിലേ
യ്ക്കു ആത്മാവിനാൽ ഇറങ്ങി അവിടെ പ്രേതരുടെ
പുനരുത്ഥാനം പ്രസംഗിച്ചവനേ മരണത്തിന്റേയും ജീ
വനത്തിന്റേയും നാഥ, നിന്തിരുവടിക്കു സ്തുതി! ഭൂമി

യുടെ ചുവട്ടിൽ ഇരുട്ടടഞ്ഞ അറകളിൽ കടന്നു് അവിടെ
കഷ്ടപ്പെട്ടു കിടക്കുന്നവർക്കു വെളിച്ചം നൽകിയവനേ,
ജനങ്ങൾ ആശിച്ചു കാത്തിരിക്കുന്നവനേ, നിന്തിരുവടി
ക്കു സ്തുതി. പതിതരായആത്മാക്കളെ തന്റെ മഹത്താ
യ കിരണോദയത്താൽ ആനന്ദിപ്പിച്ചവനേ. ഞങ്ങളുടെ
രക്ഷിതാവേ നിന്തിരുവടിക്കു സ്തുതി ശവക്കല്ലറകളി
ലെ കെട്ടുതൽ തീർത്തു മൂന്നാം ദിവസത്തെ പുനരുത്ഥാ
നത്താൽ ആദാമിനേയും അവന്റെ മക്കളേയും നാശത്തിൽ
നിന്നു് ഉദ്ധരിച്ചവനേ പതിതന്മാർക്കെല്ലാംപുനരുത്ഥാ
നവും ജീവനമായവനേ, നിന്തിരുവടിക്കു സ്തുതി! സ്വ
ശക്തിയാൽ മൃത്യുവിന്റെ പട്ടണമായ പാതാളത്തിലെ
ഉറപ്പേറിയ കോട്ടകൾ പൊളിച്ചു കൃപയാൽ അതിനെ മരി
ക്കുന്ന മനുഷ്യർക്കു ചവിട്ടാനുള്ളതാക്കിത്തീർത്തവനേ ദി
വ്യശമാത്മകനേ നിന്തിരുവടിക്കു സ്തുതി! ദൈവമേ,
ഈ സഭ കൂടുന്ന വിശുദ്ധ ദിവസത്തിൽ നിന്തിരുവടി
യോടു് അപേക്ഷിക്കുന്നതെന്തെന്നാൽ നിസ്സാരന്മാരും പാ
പികളുമായ ഞങ്ങൾ നിന്തിരുവടിക്കു സമർപ്പിച്ചിട്ടുള്ള
അപേക്ഷകളേയും പ്രാർത്ഥനകളേയും രാപ്പകൽ തിരുമുമ്പാ
കെ ചെയ്തിട്ടുള്ള ആരാധനകളേയും ജാഗരണത്തേയും
നമസ്കാരങ്ങളേയും പ്രയത്നങ്ങളേയും നിന്തിരുവടി
കൈക്കൊള്ളേണമേ! നിന്തിരുവടിയുടെ ബഹുലമായ
എല്ലാ കൃപയും സമൃദ്ധദാനങ്ങളും ഞങ്ങളിൽ മേൽക്കു
മേൽ പൊഴിക്കേണമേ! രോഗികൾക്കു പീഡിതർ
ക്കു സ്വാസ്ഥ്യവും വിലപിക്കുന്നവർക്കു ദുഃഖിക്കുന്ന
വർക്കു ആശ്വാസവും പട്ടിണിക്കാർക്കു ദരിദ്രന്മാർക്കു
പൊറുതിയും വഴിതെറ്റിയവർക്കു കാണാതെ പോയ
വർക്കു പ്രത്യാഗമനവും സമീപസ്ഥന്മാർക്കു ദൂരസ്ഥ
ന്മാർക്കു രക്ഷയും ശുശ്രൂഷിക്കാർക്കു വഴക്കുകാർക്കും ശമ
വും നിരസ്തന്മാർക്കു അപഹൃതന്മാർക്കു താവളവും



പാപികൾക്കും അപരാധികൾക്കും മോചനവും പള്ളി
കൾക്കും സന്ന്യാസിമാങ്ങൾക്കും ഐക്യവും അന
ശ്രഹതല്പരനായ നിന്തിരുവടി ദാനം ചെയ്യേണമേ!
അവയിൽ നിന്നും എല്ലാ വസതികളിൽനിന്നും വഴക്കും
തർക്കവും ശിക്ഷയും ക്രോധദണ്ഡവും നിന്തിരുവടി നീ
ക്കിക്കളയേണമേ! വിശുദ്ധമായ ഹൃദയത്തോടും വിമല
മായ ചിത്തവൃത്തിയോടും തികഞ്ഞ സ്നേഹത്തോടും
കൂടി പരസ്പരം ആലിംഗനം ചെയ്‌വാൻ ഞങ്ങളെ സ
ദയം അർഹരാക്കേണമേ! ഞങ്ങളുടെ നാഥ യേശുമശിഹാ
യേ, നിന്തിരുവടി ഞങ്ങളേയും പിതാക്കന്മാരേയും സ
ഹോദരന്മാരേയും നാഥന്മാരേയും വിശ്വാസികളായ പരേ
തരേയും പുണ്യവാന്മാരുടെ സ്ഥാനത്തിനും തിരുമുമ്പാ
കെ മുഖപ്രസാദത്തിനും നിന്തിരുവടിയുടെ രാജ്യത്തു നി
ന്തിരുവടിയുടെ വലത്തുഭാഗത്തുള്ള ആഹ്ളാദത്തിനും
അർഹരാക്കേണമേ! നിന്തിരുവടിക്കും പിതാവിനും പ
രിശുദ്ധ റൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്ന
യിപ്പിക്കുമാറാകേണമേ! ഹോശാ......

## പ്രഭാതം

## പ്രുമിയോൻ

മരണമനുഭവിച്ചു പിതിതന്മാരായ
ആർ സ്വേച്ഛയാ മരണമനുഭവിച്ചു പുനരുത്ഥാനം അറിയി
പരേതന്മാരെ സ്വശക്തിയാൽ ചൈതന്യശാലിയായ ആർ മരിച്ചവരു
ച്ചുവോ പ്രകൃത്യാ ചൈതന്യശാലിയായ നിദ്രിതരെയെല്ലാം
ടെ ഇടയിൽ ഇറങ്ങി പാതാളത്തിലെ ആരെക്കാവിച്ചു പേ പ്പി
സ്വ ...ബദ്ധത്താൽ ഉണർത്തിയോ ആരെക്കാവിച്ചു ശവക്കല്ലറ സൂ
ടിച്ചെത്തിയ യൂദന്മാരും പടയാളികളും ശവക്കല്ലറ സൂ
ക്ഷിപ്പാൻ കല്ലിനു മുദ്ര വെച്ചുവോ, ആർ മരണത്തെകൊ
ന്നു പാതാളം നശിപ്പിച്ചു്, ആദാമിനെ നശിപ്പിച്ച ദുഷ്ട
നെ നാമാവശേഷനാക്കിയോ ആ പരാക്രമശാലിയായ ശ
ക്തനു സ്തുതി. തന്തിരുവടിക്ക്.......

### സെദറാ

സുസ്ഥിരസത്വനും ഊർജ്ജിതമഹാത്മ്യനും പിതാവിന്റെ സത്തായ സ്വാഭാവിക ജ്ഞാനവും ഉള്ളതൊക്കെ ഉണ്ടാക്കുവാൻ പിതാവിനു് ഉപകരണമായവനും, സ്രഷ്ടാവിന്റെ സാദൃശ്യത്തിലും ആകൃതിയിലും ആദിമമനുഷ്യനായ ആദാമിനെ സൃഷ്ടിച്ചവനും. രാജത്വം പൌരോഹിത്യം ദീർഘദർശനം എന്നിവയാൽ അലംകൃതനും വാസ്തവത്തിൽ സ്വതന്ത്രനും ഭരണകർത്താവുമായ ഞങ്ങളുടെ മശിഹാതമ്പുരാനേ ലോകൈകപരാക്രമിയായ അങ്ങയ്ക്കല്ലാതെ അനേകർക്കുവേണ്ടി ഈ വമ്പിച്ച ഭാരം വഹിപ്പാൻ ആർക്കു കഴിയും? നാഥ അങ്ങയുടെ ആജ്ഞ ലംഘിക്കുകയാൽ തന്റെ ഉന്നതപദവിയിൽ നിന്നു് പതിതനായ ആദാമിന്റെ പേരിൽ അങ്ങയുടെ അനുഗ്രഹങ്ങൾ പൊഴിഞ്ഞു. അങ്ങുന്നു വിശുദ്ധനമായ അങ്ങയുടെ ഉന്നതസ്ഥാനത്തുനിന്നിറങ്ങി, അവന്റെ പുത്രിയിൽ നിന്നു് അവതരിച്ചു. സ്വാഭാവികമായ എല്ലാ പ്രായത്തേയും കടന്നു സ്വേച്ഛയാ പീഡനവും താഡനവുമേറ്റു ജഡത്തിൽ മരിച്ചു് അവനെ രക്ഷിച്ചു് മുൻമഹിമയിലേയ്ക്കു വീണ്ടുകൊണ്ടുവന്നു. അങ്ങുന്നു ജഡത്തിൽ മരണമനുഭവിച്ച മൃതരോടൊപ്പം ഗണിക്കപ്പെട്ടപ്പോൾ ആകാശവും ഭൂമിയും വിറച്ചു ആഗ്നേയസൈന്യങ്ങൾ തമ്മിൽ തിക്കിത്തിരക്കിവന്നു ഭൂതലത്തെ ചുട്ടെരിക്കുന്നതിനു അവരുടെ ചിറകുകൾ കൂട്ടിയുരസി, ദുഷ്ടനും മരണവും ഞെട്ടി വിറച്ചു. അവരുടെ അധികാരം തീരെ നശിച്ചു. ഇന്നു മരണത്തെ പാതാളദ്വാരത്തിലിട്ടു ചവിട്ടി. ഇന്നു പറുദീസാസ്ഥാപകൻ ആദാമിനെ തോട്ടത്തിനുള്ളിൽ അന്വേഷിച്ചു കണ്ടെത്തി. ഇന്നു് ആരുടെ മഹിമയെ ആകാശം അറിയിക്കുന്നുവോ ആരുടെ മഹാശ്രേഷ്ഠതയെ സൃഷ്ടികൾ വിളിച്ചു പറയുന്നുവോ അവനെച്ചൊല്ലി മാതാവായ മറിയാം സഖിമാരോടു കൂടി രഹസ്സിൽ കരഞ്ഞുകൊണ്ടിരുന്നു. ഇന്നു കുഞ്ഞാടുകളെപ്പോലെ സാധുക്കളായ



ശ്ലീഹന്മാർ വിജനസ്ഥലങ്ങളിൽ ഒളിച്ചിരുന്നു. എന്റെ നാഥ, ഇന്നു നിന്തിരുവടിയുടെ സത്യമണവാട്ടിയായ സഭ നിന്തിരുവടിയുടെ മരണത്തിൽ വിജയംഘോഷിച്ചു് നിന്തിരുവടിയുടെ പീഡകളേയും കുരിശാരോഹണത്തെയും ഓമനിക്കുന്നു! അതിനാൽ രക്ഷിതാവായ മശിഹാതമ്പുരാനേ, അവളിൽ അങ്ങയുടെ പ്രതിജ്ഞകൾ ഉറപ്പിക്കേണമേ! അവളുടെ മക്കളെ അനുഗ്രഹിച്ചു നിന്തിരുവടിയുടെ കുരിശടയാളത്താൽ അവളെ ഉൽക്കർഷപ്പെടുത്തേണമേ! അവളുടെ സന്താനവർഗ്ഗത്താൽ അവളെ പ്രാബല്യപ്പെടുത്തേണമേ! അവളെ സമൃദ്ധമായ ശമംകൊണ്ടു നിറയ്ക്കേണമേ! അവളുടെ എല്ലാ യാചനകളേയും സാധിപ്പിക്കേണമേ! നിന്തിരുവടിയുടെ വലത്തുകൈ അവളുടെ മേൽ പതിയേണമേ! നിന്തിരുവടിയുടെ അനുകമ്പ അവളുടെ മക്കളിൽ നിലനില്ക്കേണമേ! നിന്തിരുവടിയുടെ അനുഗ്രഹങ്ങൾ അവൾക്ക് അഭയസ്ഥാനവും, നിന്തിരുവടിയുടെ ദയ ഉയർന്ന കോട്ടയും, നിന്തിരുവടിയുടെ നീതിയും ദയയും തുണക്കാരുമാകേണമേ! നിന്തിരുവടിയുടെ ദാനങ്ങളെല്ലാം വർദ്ധിപ്പിക്കേണമേ! ബഹുലങ്ങളായ ആശിസ്സുകൾ അവളിൽ ചൊരിയേണമേ! നിന്തിരുവടിയുടെ വിശുദ്ധറൂഹായെ അവളിൽ വസിപ്പിക്കേണമേ! അവളിൽ നിദ്ര പൂണ്ട വിശ്വാസികളായ പരേതന്മാർ ശാന്തിമന്ദിരങ്ങളിൽ ആഹ്ലാദപ്പെട്ടമാറാകേണമേ! ഏകജാതനായ ദൈവമേ, അവൾ സ്വസന്താനങ്ങളോടു കൂടി ഉറ നിന്തിരുവടിയുടെ ഐക്യത്തോടെ അവൾക്കുവേണ്ടിയുള്ള നിന്തിരുവടിയുടെ പീഡയേയും മരണത്തേയും സംസ്കാരത്തേയും പുകഴ്ത്തുമാറാകേണമേ! ഞങ്ങളെ രക്ഷിപ്പാൻ നിന്തിരുവടിയെ അയച്ച പിതാവിനേയും നിന്തിരുവടിയേയും ചൈതന്യപ്രദനായ വിശുദ്ധറൂഹായേയും ഞങ്ങൾ സ്തുതിച്ചു വന്ദിക്കുമാറാകേണമേ! ഹോശോ......

### ഏത്രോ

തിരുമരണമാകുന്ന ധൂപക്കുറ്റിയാൽ മരിച്ചവരെ ജീവിപ്പിച്ചവനും സംസ്കാരത്താൽ സംസ്കരിക്കപ്പെട്ടവനു

പ്രത്യജ്ജീവിപ്പിച്ചവനും മരണത്തിന്റെ അധികാരം എടുത്തുകളഞ്ഞ് അതിനെ രക്ഷിതന്മാർക്കു നിർഭയാക്കിത്തീർത്തവനും, ചൈതന്യശാലിയുമായ നിന്തിരുവടി അനുഗ്രഹീതനാകുന്നു എന്റെ നാഥ, ഈ സുഗന്ധധൂപത്താൽ ഇപ്പോഴും പാപത്തിന്റെ എല്ലാ ചലനങ്ങളും നിർത്തേണമേ! നിർദ്ദോഷമായ പുണ്യചൈതന്യത്തെ ഞങ്ങളുടെ അവയവങ്ങളിൽ വ്യാപിപ്പിക്കേണമേ! സൽകൃത്യങ്ങളുടെ പരിമളം ഞങ്ങളുടെ ചിത്തവൃത്തികളിൽ വീശേണമേ! വിശ്വാസികളായ പരേതരെ ഭാഗ്യസ്ഥാനത്തു വിശ്രമിപ്പിക്കേണമേ! ഞങ്ങളും അവരും നിന്തിരുവടിക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ!

## മൂന്നാംമണി

## പ്രുമിയോൻ

ജഡമെടുത്തു മരിച്ച് മരണമുള്ളവരുടെ വർഗ്ഗത്തെ ജീവിപ്പിച്ചവനും ചൈതന്യശാലിയും ചൈതന്യദാതാവും പാതാളത്തിൽവെച്ചു നാശത്താൽ വീക്ഷിക്കപ്പെടാത്ത പുണ്യവാനും മരിച്ചവരുടെ സ്ഥലത്തുചെന്നു സംസ്കരിക്കപ്പെട്ടവരോടു പുനരുത്ഥാനവും, നിദ്ര പ്രാപിച്ചവരോടു സത്യവിശ്വാസവും പരേതരോടു ജീവനവും മരണരാഹിത്യവും പ്രസംഗിച്ചവനുമായ വീരനു സ്തുതി. തന്തിരുവടിക്കു്.

## സെദറാ

സത്യജീവനും ലോകജീവാത്മാവുമായ നമ്മുടെ മശിഹാതമ്പുരാൻ പ്രകൃത്യാ എല്ലാ ലൗകികപീഡകളേയും അതിവർത്തിച്ചിരിക്കുന്നവനാണെങ്കിലും സ്വേച്ഛയാ പീ



ഡയേല്പാൻ എഴുന്നള്ളിനു. നമ്മെ രക്ഷിപ്പാൻ വേണ്ടി കുരിശിന്മേൽ തറയ്ക്കലും മരണവും സഹിച്ച യോനാ സമുദ്രത്താലും മൽസ്യത്താലും മുൻകൂട്ടി സൂചിപ്പിച്ച പ്രകാരം മൂന്നു ദിവസം പാതാളത്തിൽ കിടന്നു. യാക്കോബ് ആരക്കറിച്ചു കൊലയിൽനിന്നു വിട്ടുപോയി എന്നു ലക്ഷണം പറഞ്ഞുവോ ആ സിംഹക്കുട്ടി ഒരു ദുർബ്ബലനെപ്പോലെ പാതാളത്തിന്റെ അടിയിൽ പററിക്കിടന്നു. ക്രൂരമൃത്യുവാകുന്ന തീററക്കാരനിൽനിന്നു കിട്ടിയ മധുരഭക്ഷണത്താൽ ശിംശോൻ തന്തിരുവടിയെ സൂചിപ്പിച്ചിരുന്നു. 'ഇന്നു ജീവന്റെ പ്രതിഫലമായ പറുദീസായിൽ നീ എന്നോടൊന്നിച്ചുണ്ടായിരിക്കും' എന്ന ശബ്ദം കേട്ട കള്ളൻ തന്തിരുവടി സ്വർഗ്ഗീയരാജാവാണെന്നു തിരിച്ചറിഞ്ഞു. തന്തിരുവടിസത്യദൈവത്തിന്റെപുത്രനാണെന്നു ശതാധിപൻ സുവിശ്വാസം പൂണ്ടു. യൗസേഫ് നാടുവാഴിയായ പീലാത്തോസിനോടു തിരുമെയ് ചോദിച്ചു വാങ്ങി, അകിലും നറുമ്പശയുമാകുന്ന സുഗന്ധദ്രവ്യങ്ങളും ഇട്ട് വെള്ളവസ്ത്രംകൊണ്ടു മൂടി യഥാശക്തി ആദരിച്ചു തന്തിരുവടിയെ അവന്റെ വകയായ പുതിയ കല്ലറയിൽ അടക്കി. തന്തിരുവടിയുടെ പ്രവേശത്തിൽ ദീർഘദർശി പറഞ്ഞതുപോലെ പാതാളം മുരണ്ടു. തന്തിരുവടിയെ സംസ്കരിച്ചതിനാൽ അതു് ആമൂലം നശിച്ചു. തന്തിരുവടി നിസ്സാരനായി അതിൽ പ്രവേശിച്ച് അതിന്റെ അന്തർഭാഗം ഭണ്ഡാരങ്ങളും ശൂന്യങ്ങളാക്കി അതിന്റെ തീക്ഷ്ണതയെയും നശിപ്പിച്ചു. 'മരണമേ നിന്റെ തീക്ഷ്ണതയെവിടെ? പാതാളമേ നിന്റെ ജയമെവിടെ?' എന്നു തന്തിരുവടി ക്രൂരപ്രൗഢിയോടെ ചോദിച്ചു. ബലവാനായ രാജാവു ക്രൂരനായ മൃത്യുവിനെ ബന്ധിച്ച് ആദാമിന്റെ ഭവനക്കാരായ അടിമകളെ അവനിൽനിന്നു വീണ്ടെടുത്തു. പെരുമല്ലനായ അവന്റെ അധികാരം എടുത്തുകളഞ്ഞു, ശിക്ഷ വിധിച്ച് അവന്റെ അവകാശിയെ കൊലപ്പെടുത്തി. തോട്ടത്തിന്റെ ഉടമസ്ഥനായ അവകാശിയെ കൊലപ്പെടുത്തുവാൻ ഉഴറിയിരുന്ന കെട്ടതൽസംഘം 'എഹെ, എഹെ ഞങ്ങൾ അവനെ കണ്ണുകൊണ്ടു കണ്ടു', എന്നും "ദൈവാലയം പൊളിച്ചു മൂന്നു ദിവസംകൊണ്ട് ഞാൻ നിർമ്മിക്കുന്നു

വനേ നീ നിന്നെത്തന്നെ രക്ഷിക്കുക' എന്നും ആക്ഷേപിച്ചു പറഞ്ഞു. അതിനു പരന്റെ മരണത്താൽ വല്ലാതെ വിലപിച്ചുകൊണ്ടിരുന്ന ഇതരജാതിസഭ 'എന്റെ ശത്രുവായ നീ എന്നെക്കുറിച്ചു സന്തോഷിക്കേണ്ട, ഞാൻ വീണുപോയെങ്കിലും എഴുന്നേല്ക്കും. ഞാൻ ഇരുട്ടിൽ പെട്ടുവെങ്കിലും നാഥൻ എന്നെ പ്രകാശിപ്പിക്കും' എന്നു ദീർഘദർശി പഠിപ്പിച്ച പ്രകാരം ചാരിത്രംകെട്ട മണവാട്ടിയോടു മറുപടി പറഞ്ഞു. ഇതു ഹേതുവായിട്ടു ഞങ്ങളുടെ മശിഹാതമ്പുരാനേ 'ദൈവം ജീവിച്ചെഴുന്നേറ്റു' എന്നും 'അവിടുത്തെ എല്ലാ ശത്രുക്കളും ചിന്നിപ്പാഞ്ഞു മുട്ടുകുത്തി വീണു' എന്നും 'ഞങ്ങളെ മരണത്തിന്റെ അധീനതയിൽ നിന്നു വേർപെടുത്തിയ നാഥന്റെ തിരുനാമമാണു് ഞങ്ങൾക്കു തുണ' എന്നും ഞങ്ങൾ ഗാനം ചെയ്യുന്നു! ഞങ്ങളും ഞങ്ങളുടെ പരേതരും നിന്തിരുവടിയുടെ രാജ്യത്തു് ആഹ്ലാദിപ്പാനും തന്തിരുവടിയെക്കണ്ടു് ആനന്ദിപ്പാനും സംഗതി വരുത്തേണമേ! ഞങ്ങൾ തിന്തിരുവടിക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും, സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ! ഹോശോ........,

## മദ്ധ്യാഹ്നം

### പ്രുമിയോൻ

പ്രകൃത്യാ ചൈതന്യശാലിയും ചൈതന്യദാതാവും, പരേതർക്കു് അഭയസ്ഥാനവും നിദ്രിതർക്കു പ്രബോധവും സംസ്കരിക്കപ്പെട്ടവർക്കു പുനരുത്ഥാനവും മണ്ണിൽ ഉറങ്ങിയവരെ ആനന്ദിപ്പിക്കുന്നവനും ഇരുട്ടിനെ അകറ്റുന്ന രശ്മിയും ഇടുങ്ങിക്കിടക്കുന്നവർക്കു് ആശ്വാസകരമായ മഞ്ഞും മരണത്തെ മരിപ്പിക്കുന്നവനും പാതാളത്തെ നശിപ്പിക്കുന്നവനും തന്റെ സ്വരൂപത്തെ പുതുക്കുന്നവനും സൃഷ്ടിയെ ജീവിപ്പിക്കുന്നവനുമായ തന്തിരുവടിക്കു സ്തുതി! തന്തിരുവടിക്കു്........



### സെദറാ

അദൃശ്യനായി ജ്ഞാനാതീതനായി അവർണ്ണനീയനായിരിക്കുന്ന ബാലൻ നിമിത്തം ഇന്നലെയും ഇന്നുമുണ്ടായവ വർണ്ണിക്കുവാൻ ത്രാണിയുള്ള ജ്ഞാനവും വാക്കും ആർക്കുള്ളൂ? ഇന്നലെ പീഡയും ശിക്ഷാവിധിയും കുരിശാരോഹണവും അനുഭവിച്ച വെള്ളിയാഴ്ച. ഇന്നു ശമവും ആശ്വാസവും ലഭിച്ച ശനിയാഴ്ച. ഇന്നലെ സപ്രേന്മാരും പ്രീശന്മാരും പുരോഹിതന്മാരും പ്രധാനപുരോഹിതന്മാരും അപഹസിക്കുന്നു. ഇന്നു പതിതരായ പരേതന്മാർ സ്തുതിക്കുന്നു! ഇന്നലെ പാറകൾ പിളർന്നു ദൈവാലയത്തിലെ യവനിക കീറി. ഇന്നു ശവക്കല്ലറകൾ തുറന്നു. ഇന്നലെ വീരൻ തൂൺ കെട്ടിപ്പിടിച്ചു. ഇന്നു പാതാളത്തിൽ പൂഴിയായ ആദാമിന്റെ അടുക്കൽ കിടക്കുന്നു. ഇന്നലെ പീഡകളും ദുഃഖവും നിറഞ്ഞ വെള്ളിയാഴ്ച ഇന്നു സുചരിത ശനിയാഴ്ച. ഇന്നലെ കുരിശിന്മേൽ തറയ്ക്കുന്നവർ പരിഹസിക്കുന്നു. ഇന്നു മരിച്ചവർ ജീവിച്ചെഴുന്നേറ്റു സന്തോഷത്തോടെ സ്തുതിക്കുന്നു! ഇന്നു പാതാളം വസന്തം പോലെ കാന്തികളാൽ പല്ലവിതമായി. മരിച്ചവർ ശവക്കല്ലറകളിൽ നിന്നു സാനന്ദം പൂക്കൾ പോലെ അങ്കുരിച്ചു. ഇന്നു ഭൂമിക്കു മുകൾഭാഗം നിശ്ശബ്ദമായിരുന്നു. താഴെ പാതാളവീഥികളിൽ കോലാഹലം കേൾക്കപ്പെട്ടു. ഇന്നു മരണത്തെ ബന്ധനത്തിലാക്കി, ആദാമിനെ മോചിപ്പിച്ചതു കണ്ടിട്ടു ശവക്കല്ലറകൾ ദുഃഖിച്ചു. ഇന്നു നിദ്രിതരെല്ലാം എന്നേയ്ക്കും തന്തിരുവടിയുടെ സന്നിധിയിൽ നിന്നു 'നാഥന്റെ മഹത്ത്വം എന്നെന്നും അനുഗൃഹീതമാകുന്നു' എന്നു് ഒരേ സ്വരത്തിൽ ഉൽഘോഷിക്കും. നിന്തിരുവടിയ്ക്കായി സമർപ്പിക്കുന്ന ഈ സുഗന്ധ ധൂപം വഴിയായി ഞങ്ങളും അപേക്ഷിക്കുന്നു. നാഥാ ഋണമോചനവും പാപശാന്തിയും നൽകുന്ന നിന്തിരുവടിയുടെ വിസ്മനീയമായ കൃത്യത്തിനു ഞങ്ങളെ പാത്രമാക്കേണമേ! നിന്തിരുവടിയോടുകൂടി സന്തോഷിപ്പാനും നിന്തിരുവടിയുടെ പുനരുത്ഥാനത്തിൽ ആനന്ദിച്ചാഹ്ലാദിപ്പാനും നിന്തിരുവടിയുടെ പ്രത്യക്ഷജീവനത്തിൽ സ്തുതിപാടുവാനും ഞങ്ങളു

സംഗതി വരുത്തേണമേ! വിശ്വാസികളായ പരേതരിൽ അനുഗ്രഹങ്ങളും കരുണയുമാകുന്ന പീയൂഷം തളിക്കേണമെ! അവരുടെ ആത്മാക്കളെ നിന്തിരുവടിയുടെ സ്വർഗ്ഗരാമ്യത്തു വിശ്രമിപ്പിക്കേണമേ! ഞങ്ങളും അവരും നിന്തിരുവടിക്കും പിതാവിനു, പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ! ഹോശോ..

ഒമ്പതാം മണി

പ്രുമിയോൻ

പ്രകൃത്യാ ചൈതന്യശാലിയും ദയയാൽ മരിച്ചവർക്കു ജീവൻ കൊടുക്കുന്നവനു, സ്വേഛയാ ജഡമെടുത്തു മരിച്ചവനും തിരുവുള്ളം തോന്നിയതിനാൽ പാതാളത്തിലേക്കിറങ്ങിയവനും മരിച്ചവരുടെ കൂട്ടത്തിൽ അടക്കപ്പെട്ട സ്വതന്ത്രാധികാരിയും സംസ്കരിക്കപ്പെട്ടവരെ ജീവൻെറ അഭയസ്ഥാനം അറിയിച്ചവനും മരിച്ചവരോടു പുനരുത്ഥാനം പ്രസംഗിച്ചവനും മരണമുള്ളവർക്കു ജീവനം പ്രതിജ്ഞ ചെയ്തവനുമായ തൻതിരുവടിക്കു സ്തുതി! തൻതിരുവടിക്ക്.........

സെദറാ

ഞങ്ങളുടെ മശിഹാ തമ്പുരാനേ നിൻതിരുവടിക്കു ഞങ്ങളിലുള്ള എല്ലാകൃപകൾക്കുമായിവിശേഷിച്ചും നിൻതിരുവടി പാതാളത്തിൽപ്രവേശിച്ച ഈ ദിവസത്തിൽ ഞങ്ങൾ നിൻതിരുവടിയെ വന്ദിച്ചു വാഴ്ത്തി സ്തുതിച്ചുകൊ



ള്ളുന്നു! നാഥ, നിന്തിരുവടി ഞങ്ങൾക്കുവേണ്ടി ദേഹം
കൊണ്ടു പീഡയേററു മൂന്നുപകലും മൂന്നുരാവും ഭൂഗർ
ഭത്തിൽ വസിച്ചുവല്ലോ. ക്രൂരനായ പെരുമല്ലനെ നിന്തി
രുവടി ബന്ധനത്തിലാക്കി. രക്ഷാകരവും ചൈതന്യപ്ര
ദവുമായ സ്വരക്തത്താൽ പാതാളം കൊള്ളയിട്ട് അടിമ
യെ വീണ്ടെടുത്തു. നാശമേല്ക്കാതെ നിന്തിരുവടി ശമ
വും സന്തോഷവും ഉപന്യസിക്കുകയും ദൈവത്തിനൊത്ത
മഹിമയോടേ ജീവിച്ചെഴുനേല്ക്കുകയും, ഞങ്ങളേയും നാ
ശം കൂടാതെ ഒരുമിച്ചു ജീവിപ്പിക്കുകയും ചെയ്തു. നാഥ,
ഇപ്പോൾ ഞങ്ങൾ ആനന്ദിച്ചു പറയുന്നു:—നാഥൻ സ്വഭ
ക്തന്മാർക്കു് ഇന്നു തൻെറ രക്ഷ കാണിച്ച് ഇതര ജാതിക
ളുടെ മുമ്പിൽ തൻെറ നീതി വെളിപ്പെടുത്തി. ഇന്നു ദൈവ
ഗായകനായ ദാവീദിനോടുകൂടി ഞങ്ങൾ ഉൽഘോഷിച്ചു
പറയുന്നു.—ഇതാകുന്നുനാഥൻ ഉണ്ടാക്കിയദിവസം.നിങ്ങൾ
വരുവിൻ ! നമുക്കു സന്തോഷിച്ചാനന്ദിക്കാം ! ഇതാകുന്നു വ
ലിയ പെരുന്നാൾ! ഇന്നാകുന്നു സന്തോഷം! ഇന്നാകുന്നു
രക്ഷ! ഇന്നാകുന്നു വലിയ പെരുന്നാൾ! ഇന്നു മാലാഖമാർ
ഭൂവാസികളോടു സന്തോഷത്തെപ്പററി പ്രസംഗിക്കുന്നു! ഇ
ന്നു കുരിശിന്മേൽ തറയ്ക്കുന്നവർ വിലപിക്കുന്നു! ശിഷ്യർ
ആശ്വസിക്കുന്നു! യൂദന്മാർ ദു:ഖിക്കുന്നു! സഭ സന്തോഷി
ച്ചാനന്ദിക്കുന്നു! ഇന്നു ജീവൻെറ അഭയസ്ഥാനത്തോടു
നാം സമീപിച്ചിരിക്കുന്നു. ഇന്നു മരിച്ചവരേ സ്വശബ്ദ
ത്താൽ ഉണർത്തി, ലോകത്തെ വീണ്ടും സന്തോഷിപ്പിക്കു
ന്നവൻ സ്വയം പരേതരുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടു. ആ
കാശത്തേയും, ഭൂമിയേയും കൃപയുടെ ആംഗ്യംകൊണ്ടു തൂക്കി
നിർത്തിയിട്ടുള്ളവനെ ആണികളാൽ തറച്ചതായും കുന്തം
കൊണ്ടു വാരിഭാഗത്തു കുത്തിത്തുളച്ചതായും ഇന്നലെ നാം
കുരിശിന്മേൽ കണ്ടു. ഇന്നു മൃത്യുവിനെ കൊള്ളയിട്ട് അവ
ൻെറ ഭണ്ഡാരങ്ങൾ ശൂന്യങ്ങളാക്കിയവനെ നാം ശവക്കല്ല
റയിൽ കണ്ടു, ചുവട്ടിൽ യൗസേഫ് തന്തിരുവടിയെ സം
സ്കരിപ്പാനായിട്ടു പീലാത്തോസിൻെറ കൃപയെ, അപേ
ക്ഷിക്കുന്നു. മുകളിൽ തന്തിരുവടിയുടെ മഹത്വം കണ്ടു
കൊൾവാൻ ഗബ്രിയേൻ മുതലായവർ നിയോഗിക്കപ്പെട്ടു

ന്നു. ഇവിടെ മറിയാം നിന്തിരുവടിയെ ശവക്കല്ലറയിൽ നിന്നു് ആർ കട്ടുകൊണ്ടുപോയി എന്നു കരഞ്ഞുകൊണ്ടു ചോദിക്കുന്നു, അവിടെ നിന്തിരുവടിയെ പുകഴ്ത്തൽ നിർത്താതിരിപ്പാൻ സ്രാപ്പേന്മാരെ പ്രോത്സാഹിപ്പിക്കുന്നു. ഇപ്രകാരമിരിക്കുന്ന നിന്തിരുവടിയോടു ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ:—ഞങ്ങൾക്കു് ഐക്യവും സമാധാനവും പ്രദാനം ചെയ്യേണമേ! രോഗികളേയും പീഡിതരേയും ദുഷ്ടാത്മാക്കളാൽ പരീക്ഷിക്കപ്പെടുന്നവരേയും നിന്തിരുവടി കനിഞ്ഞു കടാക്ഷിക്കേണമേ! സത്യവിശ്വാസത്താൽ നിന്തിരുവടിയെ ആശിച്ചു നിദ്രിതരായ എല്ലാവരേയും പറ്റി തിരുമുമ്പാകെ നല്ല സ്വീകാരസ്മരണയുണ്ടാകേണമേ! അവരേയും അവരോടുകൂടി ഞങ്ങളേയും മുഖം തെളിഞ്ഞു് അനുഗ്രഹീതമായ പുനരുത്ഥാനത്തിനു് അർഹരാകേണമേ! അവരും ഞങ്ങളും നിന്തിരുവടിക്കും പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും ഉന്നയിപ്പിക്കുമാറാകേണമേ!

ഹോശോ വബ്ക്കുൽസ്ബാൻ ല്ഓൽമീൻ,